കേരളപാഠാവലി

# മലയാളം

## ഭാഗം 2

സ്റ്റാൻഡേർഡ്

X

കേരളസർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2019

NT-571-1-MALAYALAM-10(AT) Vol-2

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala.
website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
Printed at : KBPS, Kakkanad, Kochi-30

പ്രിയ വിദ്യാർഥികളേ,

ഒരു ജനതയ്ക്ക് കരുത്തും ആത്മവിശ്വാസവും നൽകുന്നതിൽ മാതൃഭാഷയ്ക്ക് നിർണായകമായ പങ്കുണ്ട്. മലയാളം നമ്മുടെ അഭിമാനവും സ്വത്വത്തിന്റെ അടയാളവുമാണ്. മഹത്തായ ഒരു സാഹിത്യസമ്പത്തും വിജ്ഞാനസമ്പത്തും നമ്മുടെ മാതൃഭാഷയായ മലയാളം ഉൾക്കൊള്ളുന്നു. അതിന് അവകാശികളായിത്തീരാൻ നമുക്ക് പ്രയത്നിക്കാം.

സ്വതന്ത്രമായ വായനയ്ക്കും ചിന്തയ്ക്കും സർഗാത്മകാവിഷ്കാരങ്ങൾക്കും പാഠപുസ്തകത്തിൽ ഒട്ടേറെ അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്. ഭാഷയുടെ പ്രയോഗസാധ്യതകൾ മനസ്സിലാക്കാനും രചനകളിൽ ഏർപ്പെടാനുമുള്ള ധാരാളം പഠനാനുഭവങ്ങൾ ക്ലാസ്മുറികളിൽനിന്ന് നേടണം. കാലികമായ മെച്ചപ്പെടുത്തലുകളോടെ പ്രസിദ്ധീകരിക്കുന്ന ഈ പാഠപുസ്തകം പുതിയ അനുഭവങ്ങളും അനുഭൂതികളും പകരട്ടെ.

സ്നേഹാശംസകളോടെ,

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്:**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# ഉള്ളടക്കം


## 3 സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ 63

- പ്രലോഭനം ........................................ 64
- യുദ്ധത്തിന്റെ പരിണാമം ........................................ 68
- ആത്മാവിന്റെ വെളിപാടുകൾ ........................................ 78







## 4 വാക്കുകൾ സർഗതാളങ്ങൾ 93

- അക്കർമാശി ........................................ 94
- ഞാൻ കഥാകാരനായ കഥ ........................................ 101
- അശ്വമേധം ........................................ 104

## 5 കലകൾ കാവ്യങ്ങൾ 111

- ഉരുളക്കിഴങ്ങ് തിന്നുന്നവർ ........................................ 112
- മൈക്കലാഞ്ജലോ, മാപ്പ് ........................................ 119




# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മിഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപത്കരമായ ജോലികളിൽ നിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽ നിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


ബന്ധപ്പെടേണ്ട വിലാസം:

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

'ശ്രീ ഗണേഷ്', റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം-34, ഫോൺ: 0471-2326603

ഇ-മെയിൽ: childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ്: www.kescpcr.kerala.gov.in


**ചൈൽഡ് ഹെൽപ്പ്ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ - 1800 425 1400**

**കേരള പോലീസ് ഹെൽപ്പ് ലൈൻ - 0471 - 3243000/44000/45000**

# 3 സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ



കല -
എത്ര ദീർഘം! സാധനാലഭ്യം!
ആവൂ! ജീവിതമെത്ര ഹ്രസ്വതരം!
- ഡോക്ടർ ഫൗസ്റ്റ് (ഗോയ്ഥേ)

ജീവിതത്തെയും കലയെയും ഗോയ്ഥേ എങ്ങനെയാണ് വിലയിരുത്തുന്നത്? ചർച്ചചെയ്യുക.

ദമയന്തിയുടെ സ്വയംവരത്തിൽ
പങ്കെടുക്കാൻ കഴിയാത്തതിലും
ദമയന്തി നളനെ വരിച്ചതിലും
കുപിതനായ കലി
നളദമയന്തിമാരെ തമ്മിലകറ്റി
രാജ്യത്തുനിന്നു പുറത്താക്കുമെന്ന്
ശപഥം ചെയ്യുന്നു.
അതിനായി
നളന്റെ അനുജനായ പുഷ്കരനെ
സ്വാധീനിക്കാൻ ശ്രമിക്കുകയാണ്.

# പ്രലോഭനം



2KRP57

മാരധനാശി (ധന്യാസി) - ചെമ്പട

ശ്ലോകം – 5

*കോപമത്സരവശംവദഃ കലിർ–
ദ്വാപരേണ സഹ മേദിനീം ഗതഃ
സ്വാപദേ സ്വയമചോദയജ്ജളം
സ്വാപതേയ ഹരണായ പുഷ്കരം.

പദം 7. പുഷ്കരൻ:

പല്ലവി

അരികിൽ വന്നു നിന്നതാരെ,ന്തഭിമതം?
അഖിലമാശു ചൊൽക.

അനുപല്ലവി

അറികയില്ലെങ്കിലും അഭിമുഖന്മാരെക്കണ്ടെൻ
മനതാരിലുണ്ടൊന്നുന്മിഷിതം ഝടിതി...

(അരികിൽ)

ചരണം 1

ധരണിയിലുള്ള പരിഷകൾ നളനെച്ചെന്നു കാണും
അവർക്കു വേണ്ടും കാര്യം നളനും സാധിപ്പിക്കും,
ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ...

(അരികിൽ)

ചരണം 2

നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അമർക്കും വൻപടയും,
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും...

(അരികിൽ)

ചരണം 3

പഴുതേ ഞാനെന്തേ പലവക പറഞ്ഞുകേൾപ്പിക്കുന്നു
നളനു വേറെ കർമ്മം നമുക്കു കർമ്മം വേറെ
നമ്മെക്കൊണ്ടുപകാരം നിങ്ങൾക്കെന്തോന്നു വേണ്ടൂ...

(അരികിൽ)

അസാവേരി (വരാളി) - ചെമ്പട

പദം 8 കലി:

പല്ലവി

പുഷ്കര! നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ!

അനുപല്ലവി

ദുഷ്കരമായിട്ടൊന്നുമില്ല കേൾ
മത്സഹായമുണ്ടായാലേവനും
നളനും നീയും ഭേദമെന്തിവിടെ?
നാടുവാഴ്ക നളനെ വെന്നു സമ്പ്രതി...

(പുഷ്കര)

* *കോപമത്സരങ്ങൾക്ക് വശംവദനായ കലി ദ്വാപരനോടൊപ്പം ഭൂമിയിലേക്കു വന്ന്, വിഡ്ഢിയായ പുഷ്കരനെ അന്യന്റെ ധനം അപഹരിക്കാൻ രഹസ്യമായി പ്രേരിപ്പിച്ചു.*

ചരണം 1

നേരേ നിന്നൊടെടോ ഞാൻ പുനരാരെന്നും പറയാം,
പാരിലെന്നെയിന്നാരറിയാതവർ?
വൈരി വൈരസേനിക്കിഹ ഞാൻ കലി
തവ ഞാൻ മിത്രം, തസ്യ നാടു ഞാൻ
തേ തരുന്നു, ചൂതുപൊരുക പോരിക...
(പുഷ്കര)

ചരണം 2

നിൽക്ക മദീയമതേ, വിജയം നിശ്ചിതമാമിഹ തേ
വിക്രയമില്ലെന്നാകിലെന്തെടോ!
വയ്ക്ക ചൂതിനായെന്നെപ്പണയം
ധനവും ധാന്യം നാടുമൊക്കെയും
കൈക്കലാക്കിയവനെ വിടുക വനഭുവി...
(പുഷ്കര)

നളചരിതം ആട്ടക്കഥ - രണ്ടാംദിവസം (ഉണ്ണായിവാര്യർ)

---

- “നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അമർക്കും വൻപടയും
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും”

  ഈ വരികളിൽ തെളിയുന്ന, പുഷ്കരന്റെ മാനസികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

- “മിത്രത്തെ ദ്വേഷിപ്പാനായമിത്രം മിത്രമാക്കി
പ്രത്യഹം ദുഷ്ടകർമ്മം ചെയ്തീടുന്നവൻ മൂഢൻ”
– *മഹാഭാരതം കിളിപ്പാട്ട് (എഴുത്തച്ഛൻ)*

  ഈ വരികളുടെ ആശയത്തെ പാഠസന്ദർഭവുമായി താരതമ്യം ചെയ്യുക.

- “വൈരി വൈരസേനിക്കിഹ ഞാൻ കലി
തവ ഞാൻ മിത്രം”
കലി ഇപ്രകാരം സ്വയം പരിചയപ്പെടുത്തുന്നതിലെ നാടകീയത വിശകലനം ചെയ്യുക.

2L1K6U

2LAG8H

- • ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും...
  • പാരിലെന്നെയിന്നാരറിയാതവർ?

  "ചുരുക്കം ചില വാക്കുകളും വരികളുംകൊണ്ട് കഥാപാത്രങ്ങളുടെ രൂപഭാവങ്ങളും ജീവിതാവസ്ഥയും അതിസൂക്ഷ്മമായി ആവിഷ്കരിക്കുന്ന കവിയാണ് ഉണ്ണായിവാര്യർ."

  പുഷ്കരൻ, കലി എന്നീ കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നതിനെ അടിസ്ഥാനമാക്കി പ്രസ്താവന വിലയിരുത്തുക.

- ശ്ലോകത്തിൽ കഴിക്കുക, ശിങ്കിടിപാടുക എന്നിവ കഥകളിയിൽനിന്ന് രൂപപ്പെട്ട ശൈലികളാണ്. കഥകളിയുമായി ബന്ധപ്പെട്ടുണ്ടായ ശൈലികൾ ശേഖരിച്ച് വിശദീകരിക്കുക.

- 'കഥകളിക്ക് ഇതര കലകളുമായുള്ള ബന്ധം' എന്ന വിഷയത്തിലൂന്നി പ്രബന്ധം തയാറാക്കുക.

- പാഠഭാഗം ഉൾപ്പെടുന്ന കഥകളിഭാഗം കണ്ട് ആസ്വാദനം തയാറാക്കുക.

- കഥകളിയുടെ സവിശേഷതകളെക്കുറിച്ച് ഒരു സെമിനാർ സംഘടിപ്പിക്കാം.

  പരിഗണിക്കാവുന്ന ഉപവിഷയങ്ങൾ :

  കഥകളിയുടെ ചരിത്രം, അഭിനയരീതികൾ, വേഷം, സംഗീതം, ചടങ്ങുകൾ തുടങ്ങിയവ.

# യുദ്ധത്തിന്റെ പരിണാമം



ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ വച്ചു നടന്ന ഭാരതയുദ്ധം തുടങ്ങുമ്പോൾ രണ്ടു ചേരിക്കാരും തമ്മിൽ ചെയ്ത കരാർ ഇപ്രകാരമായിരുന്നു: "യുദ്ധം നടക്കാത്ത സമയങ്ങളിൽ ഇരുകക്ഷിയും പണ്ടേപ്പോലെ പരസ്പരപ്രീതിയോടെ വർത്തിക്കണം. യുദ്ധം തുടങ്ങിയാൽ, ഗജാശ്വരഥങ്ങളിലിരിക്കുന്നവർ ആ നിലയിലുള്ളവരോടേ എതിർക്കാവൂ, കാലാൾ കാലാളോടും. അണിവിട്ടുപോയവനെ കൊല്ലരുത്. വയോവീര്യോത്സാഹങ്ങളിൽ കിടനിൽക്കുന്നവരോടു പറഞ്ഞറിയിച്ചിട്ടേ നേർക്കാവൂ, ഓർക്കാതെയും ക്ഷീണിച്ചുമിരിക്കുന്നവരോടരുത്. മറ്റൊരാളോടു നേരിടുന്നവനെ, പ്രമാദം പറ്റിയവനെ, പിന്തിരിഞ്ഞവനെ, ആയുധം തീർന്നവനെ, കവചം പോയവനെ, ഒന്നും ഒരുവിധവും കൊല്ലരുത്. സൂതന്മാർ, കുതിരകൾ, ആയുധച്ചുമട്ടുകാർ, വാദ്യക്കാർ എന്നിവരെയൊന്നും ഉപദ്രവിക്കരുത്." ചുരുക്കത്തിൽ, എതിരാളിയുടെ കുറവുകൊണ്ടല്ല, സ്വന്തം മികവുകൊണ്ടുതന്നെ ജയിക്കാൻ നോക്കണമെന്നർഥം - കുറ്റമറ്റ ധർമ്മയുദ്ധം!

യുദ്ധത്തിന്റെ ആദ്യദിവസങ്ങളിൽ ഈ കരാറെല്ലാം ഏറെക്കുറേ പാലിക്കപ്പെട്ടു. പിന്നീട് അതുമിതുമായി ലംഘിക്കപ്പെട്ടുതുടങ്ങി. പാണ്ഡവപക്ഷം, എതിർപക്ഷത്തിലുള്ള മിക്ക മഹാരഥന്മാരെയും വീഴ്ത്തിയതു യുദ്ധധർമ്മത്തിന്നെതിരായിട്ടാണ്; ഒടുക്കം ദുര്യോധനനെയും. അങ്ങനെ വല്ലപാടും വിജയം നേടിയ പാണ്ഡവർ സന്ധ്യക്കു ജയഘോഷത്തോടെ കൂടാരങ്ങളിലേക്കു തിരിച്ചു.

പടക്കളത്തിൽ ദുര്യോധനൻ തുട ചതഞ്ഞു വീണു മേലാകെ മണ്ണുപുരണ്ടു ചുറ്റു

പാടും നോക്കിക്കൊണ്ടു കിടക്കുകയാണ്. അപ്പോൾ അയാളെ ഒടുക്കമൊന്നു കാണുവാനായി സഞ്ജയൻ അവിടെ വന്നു. ദുര്യോധനൻ പാമ്പിനെപ്പോലെ ചീറ്റിക്കൊണ്ട്, കണ്ണുകളിൽ കോപാശ്രു നിറഞ്ഞുകൊണ്ട്, കൈ നിലത്തിട്ടുരച്ചുകൊണ്ട്, മുടി ചിന്നുമാറ് തലയാട്ടിക്കൊണ്ടും പല്ലിറുമ്മിക്കൊണ്ടും പറഞ്ഞു:

"ഭീഷ്മർ, കർണൻ, ദ്രോണർ മുതലായവരൊക്കെയിരുന്നിട്ടും, പതിനൊന്നക്ഷൗഹിണിപ്പടയുണ്ടായിരുന്നിട്ടും, ഞാൻ ഈ നിലയിലായി – കാലത്തെ ആർക്കും കവച്ചുകടക്കരുതല്ലോ. ഇനി എന്റെ പക്ഷത്തിൽ ബാക്കിയുള്ളവരോടു പറയണം, ഭീമൻ മുറതെറ്റിച്ചാണ് എന്നെ വീഴ്ത്തിയതെന്ന്. ഇതൊന്നു മാത്രമല്ല, പല കടുംകൈകളും പാണ്ഡവർ ചെയ്തിട്ടുണ്ട്. അവർ അവയെച്ചൊല്ലി സജ്ജനങ്ങൾക്കിടയിൽ നിർവേദം കൊള്ളും. അധർമ്മംകൊണ്ടു ജയിച്ചിട്ട് ആർക്കു സന്തോഷിപ്പാൻ കഴിയും? ആരവരെ അനുമോദിക്കും? തുട ചതഞ്ഞു വീണ എന്റെ തലയിൽ ഭീമൻ ചവട്ടിയതിൽക്കവിഞ്ഞ് ഒരദ്ഭുതമുണ്ടോ? ബന്ധുക്കളുടെയിടയിൽ പ്രതാപത്തോടും ശ്രീയോടും കൂടിയിരിക്കുന്ന ഒരുവനോടാണ് ഒരാളിതു ചെയ്തതെങ്കിൽ ബഹുമാനിക്കാമായിരുന്നു. എന്റെ അച്ഛനമ്മമാർ ദുഃഖിക്കുമ്പോൾ, യുദ്ധധർമ്മമറിയുന്ന അവരോടു ഞാൻ പറഞ്ഞതായി പറയണം: "ഞാൻ യജ്ഞം ചെയ്തു, ഭരിക്കേണ്ടവരെ ഭരിച്ചു; ഭൂമിയടക്കി വാണു. ശത്രുക്കളുടെ തലയിൽ കാൽവച്ചു – ആർക്കുള്ളൂ എന്റേതിനേക്കാൾ നല്ല അവസാനം? പ്രധാനരായ രാജാക്കളുടെ മേൽക്കോയ്മ നടത്തി, സുദുർലഭമായ മാനം നേടി, ലക്ഷണമൊത്ത കുതിരകളിൽ യാത്രചെയ്തു – ആർക്കുള്ളൂ എന്റേതിനെക്കാൾ നല്ല അവസാനം? ഭാഗ്യവശാൽ, ഞാൻ ശത്രുക്കൾക്കു കീഴടങ്ങിയിട്ടല്ല അവർ ജയിച്ചത്; ഭാഗ്യവശാൽ, എന്റെ വിപുലമായ ഐശ്വര്യം ഞാൻ മരിച്ചിട്ടാണ് അന്യനിലേക്കു ചെല്ലുന്നത്. ഉറങ്ങുമ്പോഴോ ഓർക്കാപ്പുറത്തോ കൊല്ലുമ്പോലെയാണ്, വിഷം തന്നു കൊല്ലുമ്പോലെയാണ് എന്നെ കൊന്നത്. അശ്വത്ഥാമാവിനോടും കൃതവർമ്മാവിനോടും കൃപരോടും പറയണം, നിങ്ങൾ പലതവണ അധർമ്മം ചെയ്ത പാണ്ഡവരെ വിശ്വസിച്ചുപോകരുതേ!" തുടർന്ന് ദുര്യോധനൻ ആളുകളോടായി പറഞ്ഞു:

"ഞാൻ എനിക്കു വേണ്ടി മരിച്ചവരുടെ ഒപ്പമെത്താൻ വെമ്പുകയാണ്. എന്റെ സഹോദരി, ദുശ്ശള, അവളുടെ ഭർത്താവും സഹോദരന്മാരും മരിച്ചതു കേട്ടു കരഞ്ഞു കരഞ്ഞ് എന്താവുമോ, ആവോ! മക്കളുടേയും അവരുടെ മക്കളുടേയും ഭാര്യമാരോടുകൂടി എന്റെ അച്ഛനും അമ്മയും എങ്ങനെ കഴിഞ്ഞുകൂടുമോ, ആവോ! തീർച്ചയായും ലക്ഷണന്റെ അമ്മ ഭർത്താവും മകനും മരിച്ചതിനാൽ പെട്ടെന്നു മരിച്ചുപോകും. പുണ്യവും ത്രൈലോക്യപ്രസിദ്ധവുമായ സമന്തപഞ്ചകത്തിൽക്കിടന്നു മരിക്കുകയാൽ ഞാൻ ശാശ്വതലോകങ്ങൾ നേടും."

രാജാവിന്റെ ഈ വിലാപം കേട്ട ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി. ഭൂമിയാകെ ഒരു മുഴക്കത്തോടെ കുലുങ്ങി, ദിക്കുകൾ മങ്ങി.

മറ്റെങ്ങോ ആയിരുന്ന കൃപകൃതവർമ്മാശ്വത്ഥാമാക്കൾ, യുദ്ധത്തിൽ വളരെ പരിക്കുകളേറ്റിട്ടുണ്ടെങ്കിലും കൗരവപ്പടയിൽ മരിക്കാതെ ശേഷിച്ച ആ മൂന്നുപേർ, വിവരമറിഞ്ഞു തേരിൽ പാഞ്ഞു വന്നു ചോരയിലാണ്ടു നിലത്തു കിടന്നുരുളുന്ന ദുര്യോധനനെ കണ്ടു. എല്ലാവരും ഇറങ്ങിച്ചെന്ന് അയാളുടെ അടുത്തു നിലത്തിരുന്നു. അശ്വത്ഥാമാവ് കണ്ണീരുമായി പലതും പറഞ്ഞു വിലപിച്ചു. അപ്പോൾ ദുര്യോധനൻ ആശ്വസിപ്പിച്ചു: "ഇതുതന്നെയാണ് മനുഷ്യന്റെ വിധി. രാജാവായിട്ടും ഞാൻ വീണു. ഭാഗ്യവശാൽ, യുദ്ധത്തിൽ തോറ്റോടിയിട്ടല്ല. പാപികൾ കള്ളത്തരംകൊണ്ടാണ് എന്നെ

കൊന്നത്. ഭാഗ്യവശാൽ നിങ്ങളെ ഈ ജനനാശത്തിൽനിന്നു മുക്തരായി കാണുവാനും സാധിച്ചു - അതെനിക്കു വളരെ സന്തോഷമായി. എന്നെച്ചൊല്ലി വ്യസനിക്കരുത്; വേദങ്ങൾ പ്രമാണമാണെങ്കിൽ, ഞാൻ അക്ഷയലോകങ്ങൾ നേടിയിരിക്കുന്നു. കൃഷ്ണന്റെ പ്രഭാവമറിഞ്ഞിട്ടും, ഞാൻ ക്ഷത്രിയധർമ്മത്തിൽ നിന്നനങ്ങിയിട്ടില്ലല്ലോ. നിങ്ങൾ എന്റെ ജയത്തിനുവേണ്ടി ആവുന്നതൊക്കെ ചെയ്തു. പക്ഷേ, വിധി കവച്ചുകടക്കാവതല്ലല്ലോ."

ഇത്രയും പറഞ്ഞു കണ്ണിൽ വെള്ളം നിറഞ്ഞും വേദനകൊണ്ടു ഞെരങ്ങിയും മിണ്ടാതായ ദുര്യോധനനോടു ക്രോധം കൊണ്ടു കത്തിക്കാളുന്ന അശ്വത്ഥാമാവ് കൈതിരുമ്മിക്കൊണ്ടും തൊണ്ടയിടറിക്കൊണ്ടും പറഞ്ഞു: "ആ ദുഷ്ടന്മാർ കൊടുംക്രൂരതകാട്ടി എന്റെ അച്ഛനെ വധിച്ചു; അതിലും എനിക്കത്ര വ്യസനമില്ല, അങ്ങയുടെ ഈ സ്ഥിതി കാണുമ്പോൾ. ഞാനിതാ, എന്റെ സുകൃതങ്ങളെപ്പിടിച്ചാണയിടുന്നു: ഇന്നു ഞാൻ സർവ പാഞ്ചാലരേയും, വാസുദേവൻ കാണെത്തന്നെ കാലനൂർ പൂകിക്കും- അതിനു താങ്കൾ അനുവാദം തരുമാറാകണം."

ഇതുകേട്ട ഉടനെ ദുര്യോധനൻ കൃപരോടു പറഞ്ഞു: "ആചാര്യാ, വേഗത്തിൽ നിറകുടം കൊണ്ടുവരൂ." കൃപർ പോയി അതു കൊണ്ടുവന്നപ്പോൾ തുടർന്നു: "എന്റെ ആജ്ഞയനുസരിച്ച് ദ്രോണപുത്രനെ സേനാപതിയായഭിഷേചിക്കൂ; ബ്രാഹ്മണൻ രാജാവിന്റെ കല്പന കിട്ടിയിട്ടേ യുദ്ധം ചെയ്യാവൂ എന്നാണ് ധർമ്മജ്ഞന്മാരുടെ അനുശാസനം."

കൃപർ അതു നടത്തി. ദ്രൗണി രാജാവിനെ ആശ്ലേഷിച്ചു വിടവാങ്ങി ആർത്തു വിളിച്ചുകൊണ്ടു മറ്റു രണ്ടുപേരോടുകൂടി അവിടം വിട്ടു.

* * * *

മുമ്പു പലപ്പോഴും കൗരവസഭയിൽ ഭീഷ്മകർണഗാന്ധാരസിന്ധുരാജാദിബന്ധുക്കളുടെ മധ്യത്തിൽ പ്രതാപത്തോടും ശ്രീയോടും കൂടി ഞെളിഞ്ഞിരിക്കുന്ന ദുര്യോധനൻ കാണിച്ച അഹങ്കാരത്തിലും സ്വപ്രത്യയസ്ഥൈര്യത്തിലും എതിരാളികളോടുള്ള അവജ്ഞയിലും മറ്റും മറ്റും ആദരണീയമായ ഒരംശമുണ്ടെന്ന് ആർക്കാനും തോന്നിയിരിക്കുമോ? എന്നാൽ ഇന്ന്, ഈ മൃത്യുരംഗത്തിൽ നിലത്തു വീണു പ്രാണവേദനകൊണ്ടു ഞെരുങ്ങുമ്പോഴും അയാളിൽ അതേ ഭാവങ്ങൾ അതേ അളവിൽ നിലനിൽക്കുന്നതു കാണുമ്പോൾ അതിലൊരു സ്ഥിരസത്വതയുണ്ടെന്നു മനസ്സിലാക്കുവാൻ നാം നിർബദ്ധരാകുന്നു. ഏതായാലും ഈ സ്ഥിതിയിൽ അയാളുടെ തലയിൽ ചവിട്ടുവാൻ ആർക്കും കാലുപൊങ്ങുകയില്ല.

അതിനുംപുറമെ, ദുര്യോധനൻ തന്റെ വൃദ്ധരായ മാതാപിതാക്കളേയും ആരോമലായ ഭാര്യയേയും ഓർക്കുന്നതിനു മുമ്പേ, തങ്ങളുടെ ഏക സഹോദരിയായ ദുശ്ശളയെച്ചൊല്ലി വ്യസനിക്കുന്നതും നോക്കുക; ആ ഹൃദയോന്നതിക്കു മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്കു സാധിക്കും?

* * * *

അവർ - കൃപകൃതവർമ്മാശ്വത്ഥാമാക്കൾ - മൂന്നുപേരും പാണ്ഡവരുടെ പാളയത്തിന്നടുത്തെത്തി. കൂട്ടത്തിൽ പറയട്ടെ, പാണ്ഡവർ അവിടെയുണ്ടായിരുന്നില്ല. "ഇന്നു മംഗളത്തിനുവേണ്ടി നാം പാളയത്തിൽ നിന്നു പുറത്തു പാർക്കണം" എന്നു പറഞ്ഞു കൃഷ്ണൻ അവരെയും സാത്യകിയേയും കൂട്ടി ഓഘവതീനദിയുടെ തീരത്തിൽ ചെന്നുകൂടിയിരുന്നു.

ദ്രൗണി, ശിബിരദ്വാരത്തിൽ വച്ചു കൃപകൃതവർമ്മാക്കളോടു പറഞ്ഞു:

"ഞാൻ ശിബിരത്തിൽ കടന്നു കാലനെപ്പോലെ പ്രവർത്തിക്കും. ഒറ്റയൊരുത്തനും നിങ്ങളുടെ അടുക്കൽനിന്നു ജീവനുംകൊണ്ടു പോകാതിരിപ്പാൻ ശ്രദ്ധിച്ചുനിൽക്കണം." എന്നിട്ടയാൾ ശിബിരത്തിലേക്കു ചാടിക്കടന്നു. തനിക്ക് ആ സ്ഥലമെല്ലാം അറിയാം. അയാൾ നേരെ ധൃഷ്ടദ്യുമ്നൻ കിടക്കുന്ന മുറിയിലേക്കു ചെന്നു.



യുദ്ധശ്രാന്തനായ ധൃഷ്ടദ്യുമ്നൻ, മാലകൾ വിതാനിച്ചു നറുമണം പുകച്ച അറയിൽ വെള്ളവിരിപ്പു വിരിച്ച വലിയ മെത്തയിൽ, ഒരു ഭയവുമില്ലാതെ സ്വൈരമായി കിടന്നുറങ്ങുകയാണ്. ദ്രൗണി അയാളെ ചവിട്ടിയുണർത്തി. ധൃഷ്ടദ്യുമ്നൻ ഉണർന്നുനോക്കി. ദ്രൗണിയെ കണ്ടറിഞ്ഞു ചാടിയെഴുന്നേൽക്കാൻ ഭാവിക്കുമ്പോഴേക്കു ദ്രൗണി അയാളുടെ തലമുടിക്കു പിടിച്ചുവലിച്ചു താഴെയിട്ടു ചവിട്ടി. മയക്കം പോകാതെ പരിഭ്രമിച്ചിരുന്ന ധൃഷ്ടദ്യുമ്നന്ന് അനങ്ങാൻ കഴിഞ്ഞില്ല. ദ്രൗണി അയാളുടെ കഴുത്തിലും നെഞ്ചിലും ചവിട്ടിനിന്നു ഞെക്കിക്കൊല്ലാൻ തുടങ്ങവേ, ധൃഷ്ടദ്യുമ്നൻ മാന്തിയൊഴിക്കാൻ ശ്രമിച്ചുകൊണ്ടു ഞരങ്ങി: "ആചാര്യപുത്രാ, എന്നെ ശസ്ത്രംകൊണ്ടു കൊന്നേക്കൂ, താമസിക്കേണ്ട. മനുഷ്യശ്രേഷ്ഠാ, അങ്ങയുടെ കൈകൊണ്ടു ഞാൻ സുകൃതലോകങ്ങളിലേക്കു പോകട്ടെ."

"ഗുരുഘാതികൾക്കു കുലപാംസന, ലോകങ്ങളില്ല" -ദ്രൗണി പറഞ്ഞു: "അതുകൊണ്ടു നിന്നെ ശസ്ത്രംകൊണ്ടു കൊന്നുകൂടാ." ഇതും പറഞ്ഞ് അയാളുടെ മർമ്മങ്ങളിൽ പെരുവിരൽ ഊന്നിയമർത്തി കഥകഴിച്ചു.

ധൃഷ്ടദ്യുമ്നന്റെ മരണഞരക്കംകൊണ്ട് അവിടെയുള്ള സ്ത്രീകളും കാവൽക്കാരും ഉണർന്നു. അവർ ആ ഞെക്കിക്കൊല കണ്ടു 'ചെകുത്താനാണ്' എന്നുറപ്പിച്ചു നടുങ്ങി മിണ്ടാതെ കിടന്നതേ ഉള്ളൂ.

ദ്രൗണി പിന്നെ പുറത്തു കടന്നു മറ്റു ശിബിരങ്ങളിലേക്കു പുറപ്പെട്ടപ്പോൾ ആ സ്ത്രീകളും കാവൽക്കാരും 'വേഗം ഓടിവരണേ' എന്നു നിലവിളികൂട്ടി. കൂടാരങ്ങളിലാകെ ബഹളമായി. ദ്രൗണിയോ, മുന്തിയ മുന്തിയ ആളുകളെച്ചെന്നു ചവിട്ടിക്കൊന്നു. തുടർന്നു വാളൂരിപ്പിടിച്ചു കൈക്കൽപ്പെട്ടവരെയെല്ലാം വെട്ടിവീഴ്ത്തുകയായി. അവരുടെ ചോരതെറിച്ച് അയാൾ കൂടുതൽ ഭയങ്കരനായി. അതുകണ്ട് ആളുകൾ അയാളെ രാക്ഷസനെന്നു കരുതി കണ്ണു ചിമ്മി. ദ്രൗപദിയുടെ അഞ്ചു പുത്രന്മാരും മറ്റും എതിർത്തുനോക്കി. എന്നാൽ ദ്രൗണി അവരെയെല്ലാം വയറുപൊളിച്ചും കൈവെട്ടിയും തലയരിഞ്ഞും വായിൽ വാൾ കടത്തിയും മറ്റും ബലികഴിച്ചു. ശിഖണ്ഡിയെ – ഭീഷ്മരുടെ എതിരാളിയെ – അംബയുടെ പുരുഷാവതാരത്തെ – മൂന്നു തുണ്ടമാക്കിയിട്ടു.

ആളുകൾ ഉറക്കപ്പിച്ചും ഭയവും പിടിപെട്ട് അങ്ങുമിങ്ങും പായുകയായി. അവർക്ക് ആയുധവും വസ്ത്രവുമൊന്നും കൈയിൽ കിട്ടിയില്ല. ചിലർ നിലത്തുതന്നെ അമർന്നു കിടന്നു. അവരെ, പകച്ചു പായുന്ന ആനകൾ ചവിട്ടിയരച്ചു. ആളുകളുടെ പലതരം നിലവിളികൾകൊണ്ടു കൂടാരമാകെ മുഴങ്ങി.

ശിബിരത്തിൽനിന്നു പുറത്തു ചാടി ഓടാൻ ചെന്നവരെ ദ്വാരദേശത്തുവച്ചു കൃപരും കൃതവർമ്മാവും കൊന്നുവീഴ്ത്തി. ആയുധകവചാദികളില്ലെങ്കിലും, തൊഴുതുകുമ്പിട്ടുനിന്നാലും, ഒരുവനേയും അവർ വിട്ടില്ല. അവർ പിന്നെ ദ്രൗണിയെ പ്രീണിപ്പിക്കാനായി കൂടാരങ്ങൾക്കു മൂന്നുവശവും തീയും കൊടുത്തു. ആ വെളിച്ചത്തിൽ ദ്രൗണി നടന്നു കൈമിടുക്കോടെ വെട്ടിക്കൊല നടത്തി. പാഞ്ഞടുക്കുന്നവരെയും പാഞ്ഞൊഴിയുന്നവരെയും ഒരുവനേയും കൈയൊഴിച്ചില്ല. മുഴുവൻ ചത്തവരും പാതിചത്തവരുമായ ആളുകളെക്കൊണ്ടും ഗജാശ്വങ്ങളെക്കൊണ്ടും ഭൂമി ഭീമദർശനമായി. സർവത്ര കൂട്ടനിലവിളിതന്നെ. ഒടുക്കം അതു നേർത്തു മൂളലായി, ഞരക്കമായി, അടങ്ങി.

പ്രഭാതമായി. മനുഷ്യച്ചോരയിലാണ്ട ദ്രൗണിയുടെ വാൾപ്പിടി കൈപ്പടത്തോടൊട്ടിപ്പിടിച്ച് ഒന്നായിത്തീർന്നതുപോലായി. രാത്രി ആളുകളുറങ്ങി എത്രയ്ക്കു നിശ്ശബ്ദമായ ശിബിരത്തിലേക്കോ താൻ കടന്നു ചെന്നത്, ആളുകൾ കൊല്ലപ്പെട്ട് അത്രയും നിശ്ശബ്ദമായ ശിബിരത്തിൽനിന്ന് അയാൾ പുറത്തേക്കും പോന്നു.

പുറത്തു വന്നു മൂന്നുപേരും കഥയെല്ലാം പരസ്പരമറിയിച്ചു കൈകൊട്ടി 'ഭാഗ്യം ഭാഗ്യം!' എന്നാർത്തു വിളിച്ചു, എന്നിട്ടവർ ദുര്യോധനന്റെ അടുക്കലേക്കു പുറപ്പെട്ടു.

അവർ ചെല്ലുമ്പോഴേക്കു ദുര്യോധനനിൽ നന്നെക്കുറച്ചേ ജീവൻ ബാക്കിയുണ്ടായിരുന്നുള്ളൂ. വേദന മുഴുത്തും ശ്വാസം എടുത്തു വലിച്ചും ചോര ഛർദ്ദിച്ചും നിലത്തു ചൈതന്യമറ്റുരുളുകയാണ്. കടിച്ചുവലിക്കാൻ വെമ്പുന്ന കുറുക്കന്മാർ വന്നു ചുഴന്നിരിക്കുന്നു; അയാൾ നന്നേ പണിപ്പെട്ട് അവയെ ആട്ടിയകറ്റുന്നുമുണ്ട്.

ചോരയിലാണ്ട ഈ മൂന്നുപേരും കുതിച്ചുംകൊണ്ടു ചെന്ന് അടുത്തിരുന്നു. ദ്രൗണി പറഞ്ഞു: "ദുര്യോധനാ, ജീവിക്കുന്നുണ്ടല്ലോ. കേൾക്കാൻ കൊതിക്കുന്നതു കേട്ടോളൂ; പാണ്ഡവരിൽ വാസുദേവനും സാത്യകിയുമുൾപ്പെടെ ഏഴുപേരും നമ്മളിൽ ഞങ്ങൾ മൂന്നുപേരും മാത്രമേ ഇനി ബാക്കിയുള്ളൂ. ദ്രൗപദിയുടെ മക്കളും ധൃഷ്ടദ്യുമ്നനും പാഞ്ചാലന്മാരുമൊക്കെ കൊല്ലപ്പെട്ടു. ചെയ്തതിനെല്ലാം പകരം വീട്ടി. ധൃഷ്ടദ്യുമ്നനെ ഞെക്കിക്കൊന്നു."

ദുര്യോധനൻ വീണ്ടുമൊരു ചൈതന്യം വന്നു പറഞ്ഞു: "എനിക്കു ഭീഷ്മരും കർണനും ദ്രോണരും ചെയ്തുതരാത്തതു നിങ്ങൾ മൂന്നുപേരും കൂടി ചെയ്തുതന്നു. ആ ചെറ്റ ശിഖണ്ഡിയെ കൊന്നതിൽ ഞാനിന്ന് ഇന്ദ്രനെപ്പോലെയായി. നിങ്ങൾക്കു നല്ലതു വരട്ടെ. സ്വസ്തി. ഇനി സ്വർഗത്തിൽ കാണാം."

അയാളുടെ ശബ്ദം നിന്നു. പ്രാണൻ വെടിഞ്ഞു. അയാളുടെ ശരീരം ഭൂമിയിലമർന്നു; പ്രാണൻ വിണ്ണേറി.

* * * *

ഇങ്ങനെയാണ് മഹാഭാരതയുദ്ധത്തിന്റെ പരിസമാപ്തി. മഹാത്മാവായ ഭീഷ്മരുടെ സൈന്യാധിപത്യത്തിൽ ആദ്യം വിവരിച്ച വ്യവസ്ഥകളോടെ തുടങ്ങിയ ആ ധർമ്മയുദ്ധം പതിനെട്ടാം ദിവസം രാത്രി ഒടുക്കത്തെ സേനാപതിയായ അശ്വത്ഥാമാവ് നടത്തിയ ഈ പൈശാചികമായ അറുകൊലയിലാണ് അവസാനിച്ചത്. ഇതിന്നർഥം ഏതു യുദ്ധവും, ഏതു പേരിലും വ്യവസ്ഥയിലുമെല്ലാം തുടങ്ങിയാലും, ഇങ്ങനെയൊക്കെത്തന്നെയായിരിക്കും കലാശമെന്നല്ലാതെ മറ്റെന്താവാം? ഈ യുദ്ധത്തിന്റെ ഒരു മുഖ്യനേതാവായ ധാർത്തരാഷ്ട്രജ്യേഷ്ഠന്നു വ്യാസൻ 'സുയോധനൻ' എന്നും 'ദുര്യോധനൻ' എന്നും വിരുദ്ധാർഥമായ രണ്ടു പേരിട്ടു വ്യവഹരിച്ചതിലും ഈയൊരാശയം ഉൾച്ചേർത്തിരിക്കുന്നു. അപ്പോൾ പാശ്ചാത്യസാഹിത്യങ്ങളിലെ 'എപ്പിക്കു'കളെപ്പോലെ ചില യുദ്ധവീരന്മാരുടെ പരാക്രമം വർണിപ്പാൻ വേണ്ടിയല്ല, നേരേ മറിച്ച്, മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവയ്ക്കുന്ന ഭയങ്കരദുരന്തത്തെ എടുത്തു കാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്നു തീർത്തുപറയാൻ സംശയിക്കേണ്ടതില്ല. ഇതിഹാസമെന്നു പറഞ്ഞാൽത്തന്നെ ചരിത്രം, നടന്ന കഥ എന്നാണർഥം. ഭാരതമാകട്ടെ,

നടന്ന കഥ മാത്രമല്ല, നടക്കാനിരിക്കുന്ന കഥ കൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു.

*    *    *    *

ഈ അറുകൊലയുടെ കഥ പിറ്റേന്നു രാവിലെ പാണ്ഡവരുടെ അടുക്കലെത്തി. യുധിഷ്ഠിരൻ പെട്ടെന്നു മോഹാലസ്യപ്പെട്ടു. അതു തീർന്നുണർന്നപ്പോൾ അദ്ദേഹത്തിന്നു നിർവേദമായി. പലകാലമായി പല കഷ്ടപ്പാടും സഹിച്ചു വല്ലപാടും ഇന്നലെ കൈനേടിയ ഈ മഹാവിജയം, പകൽവെളിച്ചത്തിൽ ഒന്നു നോക്കിക്കാണുവാൻ ഇട കിട്ടും മുമ്പേ, ഇതാ, ഒരു പരാജയമായിരിക്കുന്നു.

"ജയോയമജയാകാരോ, ജയസ്തസ്മാൽ പരാജയഃ *''

പ്രമാദംതന്നെ! പ്രമാദത്തിൽക്കവിഞ്ഞ ഒരു കൊല ജീവിതത്തിലില്ല. സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ചു മുങ്ങിപ്പോയി. മരിച്ചവരോ, സ്വർഗത്തിലായി. ഇനി പാഞ്ചാലിയുടെ സ്ഥിതിയെന്താവും, വൃദ്ധനായ അച്ഛനും സഹോദരന്മാരും മക്കളുമെല്ലാം മരിച്ചിട്ട്?"

എല്ലാവരും ആ കൊലക്കളത്തിലെത്തി. ദ്രൗപദി മോഹാലസ്യപ്പെട്ടു വീണു. ഭീമസേനൻ ചെന്നു താങ്ങി. അവൾ സാനുജനായ യുധിഷ്ഠിരനെ നോക്കി പറഞ്ഞു: "ഭാഗ്യവശാൽ, മക്കൾ ക്ഷാത്രധർമ്മമനുസരിച്ച് വീണുപോയി എന്നും വച്ചു നിങ്ങൾക്ക് ഈ നേടിയ ഭൂമിയാകെ വാണുകൊള്ളാം; അർജുനാ, അങ്ങേയ്ക്കും ഭൂമി മുഴുവൻ നേടി എന്നുവച്ച് അഭിമന്യുവിനെ മറക്കാം; എന്നോടുകൂടി എല്ലാം മറന്നു സ്വസ്ഥമായിരിക്കാം! എന്നാൽ, എനിക്കിതു പൊറുക്കാൻ വയ്യ. ആ പാപിയായ ദ്രൗണിയെ ഇന്നു ചെന്നു കൊന്നില്ലെങ്കിൽ, ഞാനിവിടെ പ്രായോപവേശം കൊള്ളുകയാണ് - ഇതു മനസ്സിലാക്കിക്കൊൾവിൻ." കാടുകേറി ദൂരെയെങ്ങോ പോയ ദ്രൗണിയെ കണ്ടെത്തുക എളുപ്പമല്ലെന്നും മറ്റും പറഞ്ഞു യുധിഷ്ഠിരൻ അവളെ ആശ്വസിപ്പിക്കാൻ നോക്കി. പക്ഷേ, ദ്രൗപദി പ്രതിജ്ഞചെയ്തു: "ദ്രൗണിയുടെ ശിരസ്സിലുള്ളതായി കേൾക്കുന്ന സഹജമായ ചൂഡാമണി കൊണ്ടുവന്ന് അങ്ങയുടെ ശിരസ്സിലണിഞ്ഞുകാണണം, ഞാൻ ജീവിക്കണമെങ്കിൽ." തന്റെ ആ നിശ്ചയം നിറവേറ്റാൻ അവൾ ഭീമനെ പ്രോത്സാഹിപ്പിച്ചു. ഭീമൻ വില്ലുമമ്പുമെടുത്തു തേരിലേറി നകുലനെ സാരഥിയാക്കി പുറപ്പെടുകയും ചെയ്തു.

കഥയെല്ലാമറിഞ്ഞു കൃഷ്ണൻ യുധിഷ്ഠിരനോടു പറഞ്ഞു: "യുധിഷ്ഠിരാ, താങ്കളുടെ പ്രിയസഹോദരൻ വല്ലാത്തൊരപകടത്തിലേക്കാണ് പോയിരിക്കുന്നത്. ദ്രോണർ പുത്രന്നു ബ്രഹ്മശിരസ്സെന്ന അസ്ത്രം നൽകിയിട്ടുണ്ട് - അതു ഭൂമി മുഴുവൻ ചുടും! ദ്രൗണി കോപിഷ്ഠനും ദുരാത്മാവും ചപലനും ക്രൂരനുമാണ്; ബ്രഹ്മശിരസ്സ് അറിയുകയും ചെയ്യാം. അതുകൊണ്ടു ഭീമനെ രക്ഷിക്കണം."

ഉടനെ കൃഷ്ണയുധിഷ്ഠിരാർജുനാദികളെപ്പേരുംകൂടി കൃഷ്ണന്റെ തേരിൽ പിന്തുടർന്നുചെന്നു. അവർ ക്ഷണത്തിൽ വഴിക്കുവച്ചു ഭീമനെ കണ്ടെത്തിയെങ്കിലും ക്രോധദീപ്തനായ അദ്ദേഹത്തെ തടഞ്ഞുനിർത്താൻ കഴിഞ്ഞില്ല.

അശ്വത്ഥാമാവപ്പോൾ ഭാഗീരഥീകച്ഛത്തിൽ ഋഷികളോടുകൂടി ഇരുന്നരുളുന്ന കൃഷ്ണദ്വൈപായനന്റെ അടുത്തു ചെന്നു കൂടിയിരിക്കയായിരുന്നു. മേലാകെ നെയ്യു പുരട്ടി കുശചീരങ്ങൾ ധരിച്ചിരിക്കയാണ് അയാൾ. വില്ലേന്തി കയർത്തു വരുന്ന ഭീമനേയും പിന്നാലെ കൃഷ്ണയുധിഷ്ഠിരാ

* *ഈ ജയം ജയമല്ല, മറിച്ച്, പരാജയം തന്നെയാണ്.*

ദികളേയും കണ്ടു വ്യഥിതനായി ആ ബ്രഹ്മശിരസ്സുതന്നെ പ്രയോഗിപ്പാനുറച്ചു. ഇടങ്കൈകൊണ്ട് ഒരു പുൽക്കൊടിയെടുത്ത് ആ ദിവ്യാസ്ത്രം ആപാദിപ്പിച്ച് 'അപാണ്ഡവായ' എന്നു പറഞ്ഞു വിട്ടു. ആ പുൽക്കൊടിമേൽ മൂന്നു ലോകവും എരിക്കാൻ പോന്ന തീ ഉളവായി.

ദ്രൗണിയുടെ ഭാവം ആദ്യമേ കണ്ടറിഞ്ഞ കൃഷ്ണൻ അർജുനനോടു ദ്രോണരുപദേശിച്ച അതേ അസ്ത്രം പ്രയോഗിപ്പാൻ സമയമായെന്നു പറഞ്ഞു. അർജുനൻ തേരിൽ നിന്നിറങ്ങി, ആദ്യം ആചാര്യപുത്രന്നും പിന്നെ തനിക്കും സഹോദരന്മാർക്കുമെല്ലാം സ്വസ്തി ഭവിക്കട്ടെ എന്നു പറഞ്ഞു ഗുരുദേവതമാരെ വന്ദിച്ച് 'അസ്ത്രം അസ്ത്രംകൊണ്ടടങ്ങട്ടെ' എന്നു മംഗളം സങ്കൽപ്പിച്ച് അതു പ്രയോഗിച്ചു - അതും മറ്റേതു പോലെ കത്തിജ്ജ്വലിക്കുകയായി.

ഇടിമുഴക്കവും മിന്നൽപ്പാളിച്ചയും ഭൂകമ്പവും - സർവഭൂതങ്ങളും പേടിച്ചരണ്ടു.

അപ്പോൾ സർവഭൂതാത്മാവായ നാരദനും ഭാരതപിതാമഹനായ കൃഷ്ണദ്വൈപായനനും ആ അസ്ത്രങ്ങൾക്കു നടുക്കു മറ്റു രണ്ടഗ്നികളെപ്പോലെ വന്നു നിന്നു.

അവർ പറഞ്ഞു: "പല ശസ്ത്രങ്ങളുമറിയുന്ന കഴിഞ്ഞുപോയ മഹാരഥന്മാരാരും ഈയൊരസ്ത്രം മനുഷ്യരിൽ പ്രയോഗിച്ചിട്ടില്ല. നിങ്ങളെന്തേ ഈ മഹാനാശകാരിയായ സാഹസം ചെയ്യാൻ?"

അർജുനൻ അവരെ കണ്ട ഉടനെ തന്റെ അസ്ത്രത്തെ സത്വരം പ്രതിസംഹരിച്ചു, "ഭഗവാന്മാർ ഞങ്ങൾക്കും ലോകത്തിനും ഹിതം വരുത്തുമാറാകണം" എന്ന് അപേക്ഷിച്ചു.

ബ്രഹ്മതേജോഭവമായ ആ അസ്ത്രത്തെ, ബ്രഹ്മചര്യവ്രതമനുഷ്ഠിച്ചവനല്ലാതെ പ്രതിസംഹരിക്കുക ദുഷ്കരമാണ്; ചെയ്താൽ അത് അവന്റെയും കൂട്ടുകാരുടെയും തല തെറിപ്പിക്കും. അതിനാൽ, ദ്രൗണി അതു പ്രതിസംഹരിപ്പാൻ കഴിവില്ലാതെ വാശിപിടിച്ചു നിൽക്കുകയായി.

വ്യാസൻ പറഞ്ഞു: "കുഞ്ഞേ, അർജുനൻ ദേഷ്യംകൊണ്ടോ നിന്നെ കൊല്ലാനോ അല്ല അസ്ത്രമെയ്തത്; അസ്ത്രത്തെ അസ്ത്രം കൊണ്ടടക്കാനാണ്. അയാളതു പ്രതിസംഹരിക്കയുംചെയ്തു. അങ്ങനെയുള്ള ആ അർജുനനേയും കൂട്ടരേയും നീയെന്തേ കൊല്ലണമെന്നു വിചാരിച്ചത്? ഈ ബ്രഹ്മശിരോസ്ത്രം വീണ രാഷ്ട്രത്തിൽ പന്തിരണ്ടുകൊല്ലം മഴ പെയ്യില്ല. അർജുനൻ അതറിഞ്ഞു പ്രതിസംഹരിച്ചു. നീയും ചെയ്യൂ. കോപമടക്കൂ, പാണ്ഡവർ നിരാമയരാവട്ടെ. നിന്റെ ചൂഡാമണിയും അവർക്കു കൊടുക്കണം, അതു കൊടുത്താലേ അവർ നിന്റെ പ്രാണൻ വിട്ടുതരൂ."

"പാണ്ഡവർ ഈ യുദ്ധംകൊണ്ടു നേടിയ രത്നങ്ങളിൽ ഇത്ര വിലപ്പെട്ടതൊന്നില്ല," ദ്രൗണി പറഞ്ഞു: "എന്റെ ഈ ചൂഡാമണിയുണ്ടെങ്കിൽ ശസ്ത്രവ്യാധിക്ഷുധങ്ങളിൽ നിന്നും ദേവദാനവനാഗരക്ഷഃപ്രഭൃതികളിൽ നിന്നും ഒന്നും ഭയപ്പെടേണ്ടതില്ല. അതെനിക്കുപേക്ഷിപ്പാൻ മനസ്സില്ല. എന്നാലും ഭഗവാൻ പറഞ്ഞതുകൊണ്ടു ഞാനതു കൊടുത്തേക്കാം. ഇതാ, മണി. എന്നാൽ എന്റെ പുൽക്കൊടി പാണ്ഡവരുടെ സന്തതിയിലെങ്കിലും ചെന്നേശണം. അതു പ്രയോഗിച്ചതു വെറുതയായിക്കൂടാ. എനിക്കതു പ്രതിസംഹരിക്കാൻ വയ്യ. ഞാനതു പാണ്ഡവരുടെ സന്തതിയിലേക്കു തിരിക്കാം. ഭഗവാൻ പറഞ്ഞതു ചെയ്തില്ലെന്നു വേണ്ട."

വ്യാസൻ പറഞ്ഞു: "അങ്ങനെയാവട്ടെ. നീ അതിനപ്പുറമൊന്നും വിചാരിക്കരുത്."

ദ്രൗണി അതു പാണ്ഡവഗർഭത്തിലേക്കു വിട്ടപ്പോൾ ഹൃഷീകേശൻ ഹർഷംപൂണ്ട് ആ പാപിയോടു പറഞ്ഞു: "അർജുനന്റെ പുത്രവധുവായ ഉത്തര പെറ്റുണ്ടാകുന്ന പരീക്ഷിത്ത് പാണ്ഡവവംശത്തെ നിലനിർത്തുകതന്നെ ചെയ്യും."

ദ്രൗണി ശുണ്ഠിയെടുത്തു: "അതുണ്ടാവില്ല. നീ പക്ഷപാതംകൊണ്ടു പറകയാണ്. എന്റെ വാക്കു മറിച്ചാവില്ല. ഞാൻ പ്രയോഗിച്ച അസ്ത്രം അവളുടെ ഗർഭത്തിലേശുകതന്നെ ചെയ്യും. അതിനെ രക്ഷിക്കാമെന്നു നീ കരു

തേണ്ട."

ഭഗവാൻ പറഞ്ഞു: "ആ പരമാസ്ത്രം വീണാൽ വെറുതെയാവില്ലതന്നെ. എന്നാൽ ആ ഗർഭം ചാപിള്ളയായാലും ദീർഘായുസ്സ് നേടും. നീ കാപുരുഷനും പലപ്പോഴും പാപംചെയ്തവനും ബാലജീവിതഘാതിയുമാണെന്നു ബുദ്ധിമാന്മാരെല്ലാം അറിഞ്ഞുകഴിഞ്ഞു. നീ അതിന്റെ ഫലം നേടുക: നീ മൂവായിരത്താണ്ടു കാലം എങ്ങുമേതും അറിയപ്പെടാതെ ഈ ഭൂമിയിൽ നടക്കും. നിസ്സഹായനായി വിജനപ്രദേശങ്ങളിൽ തെണ്ടിനടക്കും. പാപാത്മൻ, സർവവ്യാധികളും പിടിപെട്ടു ചോരയും ചലവും നാറിക്കൊണ്ടു കൊടുംകാടുകളിൽ തെണ്ടിയലയും. പരീക്ഷിത്താകട്ടെ, ആയുസ്സുനേടി, ബ്രഹ്മചര്യമനുഷ്ഠിച്ച് കൃപാചാര്യരിൽനിന്നു സർവാസ്ത്രങ്ങളും പഠിച്ചറിഞ്ഞ്, ക്ഷത്രിയധർമ്മത്തിലിരുന്ന് അറുപതാണ്ടു ഭൂമി വാഴും. ഇവർക്കുശേഷം മഹാബാഹുവായ പരീക്ഷിത്ത്, ദുർബുദ്ധേ, നീ മിഴിച്ചുനിൽക്കേ, കുരുരാജാവായി വരും. ഞാനവനെ ജീവിപ്പിക്കും. എന്റെ തപസ്സിന്റെയും സത്യത്തിന്റെയും വീര്യം, നരാധമാ, നീ കണ്ടുകൊൾക."

വ്യാസനും പറഞ്ഞു: "നീ ഞങ്ങളെ അനാദരിച്ച് ആ കടുപ്പം ചെയ്തതുകൊണ്ടും ബ്രാഹ്മണനായിട്ടും നിന്റെ നടപടി ഇതായതുകൊണ്ടും, ദേവകീപുത്രൻ പറഞ്ഞ ഉത്തമവാക്യം തീർച്ചയായും ഫലിക്കും."

ദ്രൗണി പറഞ്ഞു : "ബ്രഹ്മൻ, അവിടുത്തോടുകൂടി ഞാനും മനുഷ്യരിൽ ഇരുന്നുകൊള്ളട്ടെ. ഭഗവാൻ പുരുഷോത്തമൻ സത്യവാക്കായിക്കൊള്ളട്ടെ."

അയാൾ പാണ്ഡവർക്കു ചൂഡാമണി കൊടുത്തു; മനം കെട്ട്, അവരെല്ലാം നോക്കിനിൽക്കെ കാടുകേറി.

* * * *

'ശപിക്കപ്പെട്ടവൻ' എന്ന വാക്കു മുഴുവനർഥത്തിൽ വല്ലവരെപ്പറ്റിയും പറയാമെങ്കിൽ, അതീ അശ്വത്ഥാമാവിനെപ്പറ്റിയാണ്. അയാൾ നമ്മുടെ ചിരഞ്ജീവികളിൽ പ്രമുഖനുമാണ്.

ആയിരമായിരമാണ്ടുകളായി സർവവ്യാധികളും പിടിപെട്ടു ചോരയും ചലവും നാറി ഭൂമിയിലെ വിജനപ്രദേശങ്ങളിലും കൊടുംകാടുകളിലും തെണ്ടിയലയുന്ന, അഥവാ ഭഗവാൻ കൃഷ്ണദ്വൈപായനനോടൊപ്പം സർവമനുഷ്യരിലും കുടികൊള്ളുന്ന, ഈ ദ്രോണപുത്രൻ ഏതാണെന്നു നിങ്ങൾ ആലോചിച്ചുനോക്കിയോ? സ്നേഹംകൊണ്ട് ഒന്നായവർ തമ്മിൽപ്പോലും കാരണാന്തരങ്ങളാൽ ഉണ്ടായിത്തീരുന്ന ദ്വേഷമത്സരങ്ങൾ ആഘാതപ്രത്യാഘാതരൂപേണ വളർന്നു വളർന്നു കൊടിയ യുദ്ധങ്ങളായി പരിണമിച്ചു തലമുറകളിലൂടെ വീണ്ടും പ്രതികാരേച്ഛയായി ഈട്ടംകൂടി, തനിക്കുള്ള അനർഘമായ രത്നം പൊയ്പ്പോയാലും എതിരാളിക്കു മൂലോച്ഛേദം വരുത്തിയേ നിൽക്കൂ എന്ന വാശിയായി വേരുറയ്ക്കുന്ന ആ പക, പക എന്നു പറയുന്ന മനുഷ്യശാപമുണ്ടല്ലോ, അതിന്റെ പ്രതിനിധിയല്ലാതെ മറ്റൊന്നുമല്ല ഈ ചെകുത്താൻ. അതിനെ, അവനെ, എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ്, അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവവ്യാപിയുമായി കല്പിച്ചതിന്നർഥം. ശ്രീയെയെന്നപോലെ ജ്യേഷ്ഠ (ചേട്ട)യേയും ഭഗവതിയായിക്കണ്ട ആർഷസംസ്കാരം വ്യാസനെയെന്നപോലെ അശ്വത്ഥാമാവിനെയും ചിരഞ്ജീവിയെന്നു വാഴ്ത്തുന്നത് ഒരിക്കലും നിരർഥകമല്ല.

ഭാരതപര്യടനം (കുട്ടികൃഷ്ണമാരാര്)

- തനിക്ക് സ്വർഗപ്രാപ്തി സാധ്യമാകുമെന്ന് ദുര്യോധനൻ ബലമായി വിശ്വസിച്ചതിന്റെ അടിസ്ഥാനമെന്ത്? പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- പാണ്ഡവർ നേടിയ വിജയത്തെ 'വല്ലപാടും നേടിയ വിജയം' എന്ന് മാരാർ വിശേഷിപ്പിച്ചതിന്റെ ഔചിത്യം ചർച്ചചെയ്യുക.

- • "വിഷത്തെക്കാൾ വർജ്യമാകും
  നരചിത്തം ദുഷിക്കുകിൽ"
  • "അതിനെ, അവനെ, എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ്, അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവവ്യാപിയുമായി കല്പിച്ചതിന്നർഥം."

  തന്നിരിക്കുന്ന സൂചനകളും പാഠഭാഗത്തുനിന്നുള്ള ഉചിതമായ സന്ദർഭങ്ങളും വിശകലനം ചെയ്ത് അശ്വത്ഥാമാവ് എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

- "ബന്ധുക്കളുടെ മധ്യത്തിൽ പ്രതാപത്തോടും ശ്രീയോടും കൂടി ജ്വലിഞ്ഞിരിക്കുന്ന ദുര്യോധനൻ കാണിച്ച അഹങ്കാരത്തിലും സ്വപ്രത്യയസ്ഥൈര്യത്തിലും എതിരാളികളോടുള്ള അവജ്ഞയിലും മറ്റും മറ്റും ആദരണീയമായ ഒരംശമുണ്ടെന്ന് ആർക്കാനും തോന്നിയിരിക്കുമോ?"

  അടിവരയിട്ട പദത്തെ അതേ അർഥത്തിൽ പ്രയോഗിച്ച് മറ്റൊരു വാക്യം നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധിക്കൂ:

  "കർണന്റെ സ്വപ്രത്യയസ്ഥൈര്യം ഭാരതകഥയിലെ പുകൾപെറ്റ ദൃഷ്ടാന്തമാണ്."
  പാഠഭാഗത്തുള്ള മറ്റുചില പ്രയോഗങ്ങൾ നോക്കുക:

  - പ്രീണിപ്പിക്കുക
  - ആഘാതപ്രത്യാഘാതങ്ങൾ
  - ബലികഴിക്കുക

  പാഠസന്ദർഭങ്ങളിൽനിന്ന് മുകളിൽ കൊടുത്തിരിക്കുന്ന പ്രയോഗങ്ങളുടെ അർഥം കണ്ടെത്തി അവ ഉൾപ്പെടുന്ന പുതിയ വാക്യങ്ങൾ നിർമ്മിക്കുക.

-

| | |
|---|---|
| ഭീമൻ | ഭൈമി |
| ദശരഥൻ | ദാശരഥി |
| സുമിത്ര | സൗമിത്രി |

| | |
|---|---|
| കടത്തനാട് | കടത്തനാടൻ |
| കേട്ട | കേട്ടവൻ |
| ഒന്ന് | ഒന്നാമൻ |
| ആറ് | ആറാമൻ |

മുകളിൽ കൊടുത്ത പട്ടികകളിലെ പദങ്ങൾ തമ്മിലുള്ള ബന്ധം എന്താണ്? ചർച്ചചെയ്യുക.

ഇത്തരത്തിലുള്ള കൂടുതൽ പദങ്ങൾ കണ്ടെത്തി ഇനം തിരിച്ച് പട്ടികപ്പെടുത്തുക.

2LJCA5

2LT8BS

- 'ഭീഷ്മകർണഗാന്ധാരസിന്ധുരാജാദി' എന്ന സമസ്തപദത്തെ ഭീഷ്മർ, കർണൻ, ഗാന്ധാരൻ, സിന്ധുരാജൻ ആദിയായ എന്നിങ്ങനെ ഘടകങ്ങളാക്കി മാറ്റി എഴുതാം.

  ചുവടെ കൊടുത്ത ഉദാഹരണങ്ങൾ വായിക്കൂ.

| *സമസ്തപദം* | *ഘടകപദങ്ങൾ* |
|---|---|
| ഭാഗീരഥീകച്ഛം | ഭാഗീരഥിയുടെ കച്ഛം |
| ഗജാശ്വരഥങ്ങൾ | ഗജങ്ങളും അശ്വങ്ങളും രഥങ്ങളും |
| യഥേഷ്ടം | ഇഷ്ടംപോലെ |
| മുകിൽവർണൻ | മുകിലിന്റെ വർണത്തോടുകൂടിയവൻ |

  ഇവ ഘടകപദങ്ങളാക്കിയെഴുതിയപ്പോൾ ഏതേത് പദങ്ങൾക്കാണ് പ്രാധാന്യം വന്നത് എന്നു കണ്ടെത്തിയെഴുതുക.

- "മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവയ്ക്കുന്ന ഭയങ്കരദുരന്തത്തെ എടുത്തുകാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്നു തീർത്തു പറയാൻ സംശയിക്കേണ്ടതില്ല."
  മാരാരുടെ ഈ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ 'യുദ്ധം സർവവിനാശകം' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

- • "ദ്രൗപദിയുടെ അഞ്ചു പുത്രന്മാരും മറ്റും എതിർത്തുനോക്കി. എന്നാൽ ദ്രൗണി അവരെയെല്ലാം വയറു പൊളിച്ചും കൈവെട്ടിയും തലയറുത്തും വായിൽ വാൾ കടത്തിയും മറ്റും ബലികഴിച്ചു. ശിഖണ്ഡിയെ - ഭീഷ്മരുടെ എതിരാളിയെ - അംബയുടെ പുരുഷാവതാരത്തെ - മൂന്നു തുണ്ടമാക്കിയിട്ടു."
  • ".... ഇനി പാഞ്ചാലിയുടെ സ്ഥിതിയെന്താവും, വൃദ്ധനായ അച്ഛനും സഹോദരന്മാരും മക്കളുമെല്ലാം മരിച്ചിട്ട്?"

  യുദ്ധഭൂമിയിൽ കാണുന്ന കാഴ്ചകളെക്കാൾ എത്രയോ ദുരിതപൂർണമാണ് യുദ്ധത്തിന്റെ ഇരകൾ അനുഭവിക്കുന്ന അന്തഃസംഘർഷങ്ങൾ. യുദ്ധഭീഷണി നിലനിൽക്കുന്ന സമകാലിക ലോകസാഹചര്യങ്ങൾ പരിഗണിച്ച് ക്ലാസിൽ സംവാദം സംഘടിപ്പിക്കുക.

- "മുഴുവൻ ചത്തവരും പാതി ചത്തവരുമായ ആളുകളെക്കൊണ്ടും ഗജാശ്വങ്ങളെക്കൊണ്ടും ഭൂമി ഭീമദർശനമായി. സർവത്ര കൂട്ടനിലവിളിതന്നെ. ഒടുക്കം അതു നേർത്ത മൂളലായി, ഞരക്കമായി, അടങ്ങി".
  യുദ്ധത്തിന്റെ പരിണാമം എന്ന ലേഖനം മനുഷ്യർ നേരിടുന്ന അരക്ഷിതാവസ്ഥയുടെ സൂചനകളാണ് നൽകുന്നത്. മനുഷ്യനിർമ്മിതദുരന്തങ്ങളിൽപ്പെടുന്നതാണ് യുദ്ധങ്ങൾ. ഏതു ദുരന്തവും അനുഭവിക്കുന്നവർക്ക് അരക്ഷിതാവസ്ഥയുണ്ടാക്കുന്നു. ഏതെങ്കിലും ഒരു ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നടപ്പിലാക്കാവുന്ന സമാശ്വാസപ്രവർത്തനങ്ങളുടെ വിശദമായ ആസൂത്രണം തയാറാക്കുക (ഭൗതികമായ സഹായങ്ങൾക്കപ്പുറം വൈകാരികമായി ശക്തിപകരുന്ന പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്).

2H34DF



# ആത്മാവിന്റെ വെളിപാടുകൾ

വിഖ്യാത നോവലിസ്റ്റ് ദസ്തയേവ്സ്കി ഒരു ചൂതുകളിഭ്രാന്തനായിരുന്നു.
അതിലൂടെ തന്റെ കൃതികളെല്ലാം പണയപ്പെടുത്തിക്കഴിഞ്ഞു.
അപസ്മാരബാധയാൽ കൂടുതൽ അവശനുമായിരുന്നു അദ്ദേഹം.
പുതിയ കൃതിയുടെ അവകാശവും വിറ്റു.
എന്നിട്ടും ദസ്തയേവ്സ്കിക്ക് സമയത്തിന് നോവൽ പൂർത്തിയാക്കാൻ കഴിയുന്നില്ല.
അതിനുള്ള ശ്രമത്തിന്റെ ഭാഗമായി അന്നയെന്ന പെൺകുട്ടിയെ
സ്റ്റെനോഗ്രാഫറായി ക്ഷണിക്കുന്നു.
അവൾ ദസ്തയേവ്സ്കിയുടെ കടുത്ത ആരാധകന്റെ മകളാണ്.
നോവൽ രചനയ്ക്കായി ദസ്തയേവ്സ്കിയെ പ്രേരിപ്പിക്കുന്ന
അന്നയെയും അവളുടെ സ്നേഹപരിചരണങ്ങളാൽ നോവൽ പൂർത്തിയാക്കാൻ
ശ്രമിക്കുന്ന നോവലിസ്റ്റിനെയും പാഠഭാഗത്ത് ചിത്രീകരിക്കുന്നു.

പുലർച്ചയ്ക്ക് മുമ്പേയുള്ള ഏകാന്തവും നിശ്ശബ്ദവുമായ വിനാഴികകളാണ്. ആകാശവും ഭൂമിയും മരങ്ങളും മനുഷ്യരും മറ്റു ജീവജാലങ്ങളും ഗാഢനിദ്രയിൽ. ആകാശത്തിന്റെ നിഴൽ പോലെ ഭൂമിയിൽ വെളിച്ചമുണ്ട്.

ദസ്തയേവ്സ്കി അന്നേരം കോട്ടയോടു ചേർന്നുള്ള വഴിയിൽ നിൽക്കുകയായിരുന്നു. വന്യവും ക്രൂരവുമായ ഒരു ചുഴലിയിളക്കത്തിന്റെ ക്ഷീണവും തളർച്ചയും കൊണ്ടു തകർന്ന നിലയിൽ രണ്ടുദിവസം വീടിനുള്ളിൽ കിടന്നു. പുലർച്ചയ്ക്കു മുമ്പ് ഒരു ദുഃസ്വപ്നത്തിൽനിന്ന് ഞെട്ടിയുണർന്നപ്പോൾ തോന്നിയതു വെറുതെ പുറത്തിറങ്ങി നടക്കാനാണ്. കുറച്ചുദൂരം എന്നേ വിചാരിച്ചുള്ളൂ. എന്നാൽ ഇപ്പോൾ എത്ര ദൂരം നടന്നെന്ന് ഓർമ്മയില്ല. സമയകാലങ്ങളുടെ തീരങ്ങൾക്കൊക്കെ അക്കരെ ഏതോ ഒരനാദിയിൽനിന്ന് യാത്ര തുടരുകയായിരുന്നെന്നാണ് അപ്പോൾ തോന്നിയത്. പ്രകൃതിയുടെ ആത്മാവിൽ നിന്നുയരുന്ന മൗനത്തിന്റെ മൊഴികൾ കേട്ടുകൊണ്ടു നടക്കുമ്പോൾ സെന്റ് പീറ്റേഴ്സ്ബർഗ് നഗരം പ്രപഞ്ചമായി വികസിച്ചു. ആ ഉദയപൂർവനിമിഷങ്ങളിൽ പ്രപഞ്ചവും താനും മാത്രം!

ഒരു മഹാവിജനതയിൽ സ്ഥിതിചെയ്യുന്ന കോട്ട. ദൂരെ നിശ്ചലമായി നിൽക്കുന്ന പോപ്ലാർമരങ്ങൾ. മരക്കൊമ്പുകൾക്കിടയിലൂടെ കാണാവുന്ന പള്ളിഗോപുരം. അവയൊക്കെയേയും മൂടിക്കിടക്കുന്ന നിഗൂഢതയിൽനിന്ന് നിശ്ശബ്ദവും ഏകാന്തവും നിശ്ചലവും പ്രകാശപൂർണവുമായ അനശ്വരതയുടെ സങ്കീർത്തനം ദസ്തയേവ്സ്കി വായിച്ചു.

ആ പ്രശാന്തതയിൽനിന്ന് യാത്ര തുടരുമ്പോൾ ദസ്തയേവ്സ്കി ഓർക്കുകയായിരുന്നു.

ഈ അനശ്വരതയുടെ തൊട്ടരികിൽ തന്റെ ജീവിതത്തിന്റെ അനുഭവതലം ഏതു വിധത്തിലാണ്!

ഏതോ ശാപനിലത്തിന്റെ മധ്യത്തിൽ.

തോൽവികളും തകർച്ചകളും നഷ്ടങ്ങളും അവമാനങ്ങളും സഹിച്ച് ഇങ്ങനെ ജീവിതം തുടരുന്നതിൽ എന്തർഥമാണുള്ളത്? ഇങ്ങനത്തെ ഒരു ജീവിതത്തിന് എന്തർഥമാണുള്ളത്?

ഒടുവിൽ താൻ ആർക്കും വേണ്ടാത്ത ഒരാളായിത്തീരുകയല്ലേ ചെയ്തത്?

എല്ലാവരിൽനിന്നും ഒറ്റപ്പെട്ട് തികച്ചും ഏകാകിതയിൽ.....

വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ? ഓർത്തുനോക്കുമ്പോൾ അങ്ങനെ തോന്നിപ്പോകുന്നു.

യാഥാർഥ്യത്തിന്റെ കടിച്ചുകീറലുകളിൽ നിന്ന് രക്ഷപ്പെടാൻ ഒരഭയകേന്ദ്രം കണ്ടെത്തുന്നത് പ്രാർഥനയിലാണ്.

എന്നാൽ ഒരു പ്രാർഥനയിൽ എത്ര നേരം ഇരിക്കാൻ കഴിയും മനുഷ്യന്?

അതിൽനിന്ന് പുറത്തു കടക്കുമ്പോഴോ?

വീണ്ടും കഴുകന്റെ നഖങ്ങളിലേക്ക്!

എങ്ങും പോകാനില്ല, വീണ്ടും തന്റെ ദുർവിധിയിലേക്കല്ലാതെ.

തന്റെ ജീവിതം വെറുമൊരു പേക്കിനാവായിത്തീർന്നു.

ഷേക്സ്പിയറുടെ വരികൾ മനസ്സിൽ മാറ്റൊലിക്കൊള്ളുന്നു:

*"Life's but a walking shadow, a poor player that struts and frets his hour upon the stage, And then is heard no more; it is a tale told by an idiot, full of sound and fury, signifying nothing..."

നഗരചത്വരം കടന്നുപോകുമ്പോൾ ആകാശത്തിന്റെ അടി വിളറിത്തുടങ്ങുന്നത് ദസ്തയേവ്സ്കി കണ്ടു.

ഇന്ന് ചിലപ്പോൾ എമിലി വരും. എവിടന്ന് പണമുണ്ടാക്കി കൊടുക്കും അവൾക്ക്? യാതൊരെത്തും പിടിയും കിട്ടുന്നില്ല. ഇനി വിൽക്കാൻ വീട്ടിൽ ആകെ ശേഷിച്ചിട്ടുള്ളത് നാലോ അഞ്ചോ മരസ്പൂണുകൾ മാത്രമാണ്. ബാക്കിയൊക്കെ വിറ്റു. അല്ലെങ്കിൽ പണയം വച്ചു. പാത്രങ്ങൾ വരെ. പാത്രങ്ങൾ വിറ്റത് പാഷയ്ക്കുവേണ്ടിയാണ്. അവൻ വന്നു ചോദിക്കുമ്പോൾ എന്തുചെയ്യും? ഇല്ലെന്നു പറഞ്ഞാൽ അവൻ പോകുകയില്ല. അവന്റെ പോക്കിരിത്തരം കുറേ കൂടിപ്പോകുന്നുണ്ട്. ഈയിടെ കള്ളുകുടിയും കൂടുതലാണെന്നു കേട്ടു. ഉപദേശിച്ചിട്ടൊന്നും പ്രയോജനമില്ല. ഉപദേശത്തിന്റെ കുറവുകൊണ്ടാണോ മനുഷ്യൻ ചീത്തയാകുന്നത്?

അല്ലെങ്കിൽ താനെന്തിനാണ് ഇങ്ങനെ ഒന്നിനു പിറകേ ഒന്നായി പ്രാരബ്ധങ്ങൾ വലിച്ചു തലയിൽ വയ്ക്കുന്നത്?

ഈയിടെ ഒരു പരിചയക്കാരൻ കളിയാക്കി, വയ്യാവേലികൾ വലിച്ചു തലയിൽ വയ്ക്കുന്നത് നിങ്ങളുടെ ഒരു മനോരോഗമാണെന്ന്!

എതിർക്കാനും തർക്കിക്കാനും പോയില്ല. എന്തെല്ലാം കുഴപ്പങ്ങളുള്ള ഒരാളാണ് താൻ എന്നു സ്വയം വിചാരിച്ച് ഒരു തമാശ കേട്ടാലെന്ന പോലെ ചിരിച്ചു.

വാസ്തവത്തിൽ തമാശയാണോ അത്? അല്ല. അല്ലെന്ന് തീർച്ചയുണ്ട്. എങ്കിലും ആലോചിച്ചുപോവുകയാണ്. മനുഷ്യന് എല്ലാ ചുമടുകളും ഇറക്കിവയ്ക്കാനൊക്കുമോ? സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർഥത്തിൽ ജീവിതമാണോ?

ഒപ്പം നടക്കുന്ന ഒരു സ്നേഹിതനോടെന്നപോലെ ദസ്തയേവ്സ്കി സ്വയം സംസാരിച്ചു:

"ഞാനെന്റെ ജീവിതത്തെക്കുറിച്ച് പറയാം. മുഴുവനുമല്ല. അത് അസാധ്യമാണ്. എനിക്കങ്ങനെ സരളമായി പറയാൻ വയ്യാത്ത സംഗതികളുമുണ്ട്. ചേട്ടൻ മൈക്കിളിന് ഒരു പ്രസിദ്ധീകരണമുണ്ടായിരുന്ന കാര്യം അറിയാമല്ലോ– 'എപോക്'. അതൊരുമാതിരി പച്ചപിടിച്ചു വരുകയായിരുന്നു. എന്റെ 'അധോതലക്കുറിപ്പുകൾ' അതിലാണ് വെളിച്ചം കണ്ടത്. എന്റെ സാഹിത്യജീവിതത്തിൽ അതൊരു നാഴികക്കല്ലായിരുന്നു. ചേട്ടൻ കണ്ടേടത്തുന്നൊക്കെ കടം മേടിച്ചാണ് മാസിക തുടങ്ങിയത്. കനത്ത നഷ്ടത്തിൽ പിന്നെ അത് നിർത്തേണ്ടിവന്നു. താങ്ങാൻ പറ്റാത്ത ഒരടിയായിരുന്നു അത്, എല്ലാ അർഥത്തിലും. അതോടെ ചേട്ടൻ വീണു. ഞാനപ്പോൾ മോസ്കോവിൽ ഭാര്യയുടെ അടുത്തായിരുന്നു. ഏതു നേരത്താണ് അവളെ മരണം അനുഗ്രഹിക്കയെന്നറിയാതെ ഞാനവളുടെ അരികിൽ കാത്തിരിക്കുകയായിരുന്നു. ഓർത്തുനോക്ക്, ഭാര്യയുടെ മരണം കാത്ത് ഒരാൾ പന്ത്രണ്ടുമാസം അവളുടെ അരികിൽ നിസ്സഹായനായി ഇരിക്കുന്നത്! അവൾ, മേരിയാ, എന്നെ അഗാധമായി സ്നേഹിച്ചു. ഞാനവൾക്ക് അതേ അളവിൽ സ്നേഹം തിരിച്ചു നൽകുകയും ചെയ്തു. എന്നു വച്ചാൽ അത്ര ഗംഭീരമായ ഒരു സ്നേഹത്തിൽനിന്നാണ് ഞങ്ങൾ ഞങ്ങളുടെ ജീവിതം തുടങ്ങിയത്. കഷ്ടമതല്ല, എന്നിട്ടും ഞങ്ങൾക്ക് സന്തോഷത്തോടെ ജീവിക്കാൻ

---

* ജീവിതം സഞ്ചരിക്കുന്ന വെറും നിഴൽ; അരങ്ങിൽ ഞെളിഞ്ഞും നടന്നും വെറിപിടിച്ചും സമയം കഴിക്കുന്ന ഒരു പാവം നടൻ. പിന്നെ കേൾപ്പോരില്ല. ഒരു വിഡ്ഢിപറഞ്ഞ ഏതോ കഥയാണത്. നിറയെ ശബ്ദവും രോഷവും. തീർത്തും അർഥശൂന്യം.

*(മക്ബെത്)*



കഴിഞ്ഞില്ല! അതൊക്കെ പറഞ്ഞാൽ ആർക്കും മനസ്സിലാവില്ല. നിങ്ങൾ അത്രയധികം സ്നേഹിച്ചിട്ടോ എന്നു ചോദിക്കും. അവളുടെ സ്വഭാവം അങ്ങനെയായിരുന്നു. മനസ്സിന്റെ മിഥ്യാധാരണകളും ചാപല്യങ്ങളും കൊണ്ട് ജീവിതം അവൾ ദുരിതപൂർണമാക്കി. എന്റെ ജീവിതം അവൾ ഏതോ ശാപംകൊണ്ടു നിറയ്ക്കുകയായിരുന്നു. എനിക്കങ്ങനെയാണ് തോന്നുന്നത്. എന്നിട്ടും എനിക്കവളെ വെറുക്കാൻ കഴിഞ്ഞില്ല. ഞാനെന്റെ ജീവിതത്തിൽ കണ്ടിട്ടുള്ള ഏറ്റവും നല്ല സ്ത്രീ അവളായിരുന്നു. അവൾ പോയിക്കഴിഞ്ഞപ്പോഴാണ് ശവക്കുഴിയിൽ അവളോടൊപ്പം എന്താണ് അടക്കിയതെന്ന് ഞാനറിയുന്നത്. ആ നിമിഷം തൊട്ട് എന്റെ ജീവിതത്തിലുണ്ടായ ശൂന്യതയെക്കുറിച്ചോർക്കുമ്പോൾ.... ദൈവമേ, അത്രമേൽ സ്നേഹിച്ച ഒരാളുടെ മരണം നമ്മുടെ ജീവിതത്തെ എത്ര നിശ്ശൂന്യമാക്കിത്തീർക്കുമെന്ന് ഇപ്പോൾ ഞാനറിയുന്നു. അതുകൊണ്ടു തീർന്നോ? ഇല്ല. മൂന്നുമാസം കഴിഞ്ഞ് ചേട്ടനും മരിക്കുന്നു. എന്തു ഭീകരമായിരുന്നു അത്! എന്റെ ജീവിതത്തിൽ അവർ രണ്ടുപേരുടേയും സ്നേഹത്തിനു പകരം വയ്ക്കാൻ എന്താണുള്ളത്? ചേട്ടൻ ഉണ്ടാക്കിവച്ച കടങ്ങൾ. ചേട്ടന്റെ അനാഥ

മായ കുടുംബം. എനിക്കു കൈമലർത്താനൊക്കുമോ? ആ ചരടുകളെല്ലാംകൂടി കെട്ടുപിണഞ്ഞ്, ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു!"

ദസ്തയേവ്സ്കി തിരിയെ വീട്ടിലെത്തുമ്പോഴും നേരം പുലർന്നിട്ടില്ല. ഫെദോസ്യ ഉണർന്ന് അടുക്കളയിൽ എന്തോ ചെയ്യുകയായിരുന്നു. കോണിപ്പടികൾ കയറി മുകളിൽ ചെന്നു. സെറ്റിയിൽ ചാരിക്കിടന്ന് കണ്ണുകളടച്ച് നെടുതായി നിശ്വസിച്ചു. വലതുകൈ സെറ്റിയിലിരുന്ന പുസ്തകത്തിൽ ചെന്നു മുട്ടി. നോക്കിയപ്പോൾ ബൈബിളാണ്. ഇന്നലെ എവിടെയാണ് ഇയ്യോബിനെ വായിച്ചു നിർത്തിയത്?

അവിടെ അടയാളം വച്ചിരുന്നു. അവിടം തൊട്ട് വീണ്ടും വായിച്ചു. ഇടയ്ക്കിടയ്ക്ക് ഇയ്യോബിനെ വായിക്കുന്നത് ഒരു ശീലമായിരിക്കുന്നു.

"ലജ്ജാപൂർണനായി ഞാൻ എന്റെ കഷ്ടത കാണുന്നു. തല ഉയർത്തിയാൽ നീ ഒരു സിംഹംപോലെ എന്നെ നായാടും. പിന്നെയും എന്നിൽ നിന്റെ അദ്ഭുതശക്തി കാണിക്കുന്നു. നിന്റെ സാക്ഷികളെ നീ വീണ്ടും വീണ്ടും എന്റെ നേരെ നിർത്തുന്നു. നിന്റെ ക്രോധം എന്റെമേൽ വർധിപ്പിക്കുന്നു. അവ ഗണം ഗണമായി വന്ന് പൊരുതുന്നു. നീ എന്നെ ഗർഭപാത്രത്തിൽനിന്നു പുറപ്പെടുവിച്ചതെന്തിന്? ഒരു കണ്ണും എന്നെ കാണാതെ എന്റെ പ്രാണൻ പോകുമായിരുന്നു. ഞാൻ ജനിക്കാത്തതുപോലെ ഇരിക്കുമായിരുന്നു. ഗർഭപാത്രത്തിൽനിന്ന് എന്നെ ശവക്കുഴിയിലേക്കു കൊണ്ടുപോകുമായിരുന്നു. എന്റെ ജീവിതകാലം ചുരുക്കമല്ലയോ? ഇരുളും അന്ധതമസ്സുമുള്ള ദേശത്തേക്ക്, അർധരാത്രിപോലെ കൂരിരുളും ക്രമമില്ലാതെ അന്ധതമസ്സും, വെളിച്ചം അർധരാത്രി പോലെയുമുള്ള ദേശത്തേക്കു തന്നെ മടങ്ങിവരാത്തവണ്ണം പോകുന്നതിനു മുമ്പെ ഞാൻ അൽപ്പം ആശ്വസിക്കേണ്ടതിന് നീ മതിയാക്കി എന്നെ വിട്ടുമാറേണമേ!"

കഷ്ടതനിമിത്തം ഇയ്യോബ് പോലും തന്റെ ജന്മദിനത്തെ ശപിച്ചു, അതിന്റെ സന്ധ്യാനക്ഷത്രങ്ങൾ ഇരുണ്ടുപോകട്ടെ എന്ന്!

സ്വന്തം ഹൃദയത്തിൽ ദസ്തയേവ്സ്കി പറഞ്ഞു:

"ഞാനങ്ങനെയൊന്നും ചെയ്യുന്നില്ല. സഹിക്കുകയും ഇതിന്റെയൊക്കെ അർഥമെന്താണെന്ന് അദ്ഭുതപ്പെടുകയും മാത്രമേ ചെയ്യുന്നുള്ളൂ. എന്റെ പീഡാനുഭവങ്ങളെ സ്നേഹിക്കാൻ ഞാൻ പഠിച്ചു കഴിഞ്ഞു."

എട്ടടിക്കുന്നതിനു മുമ്പ് അന്ന വന്നു. രണ്ടു ദിവസം വെറുതെ പോയതിന്റെ ഉൽക്കണ്ഠയുണ്ട് അവൾക്ക്.

വന്ന ഉടനെ അന്ന ചോദിച്ചു:

"എങ്ങനെ, ഫയദോറിന് ഇന്ന് സുഖം തോന്നുന്നുണ്ടോ?"

ദസ്തയേവ്സ്കി പറഞ്ഞു:

"തീർച്ചയായും! ഞാനിന്ന് നേരത്തേ ഉണർന്നു. പുലർച്ചയ്ക്കു മുമ്പ് കുറേ ദൂരം നടന്നു. ഇപ്പോൾ നല്ല ഉന്മേഷം തോന്നുന്നുണ്ടെനിക്ക്. കഥാസന്ദർഭങ്ങൾ മനസ്സിൽ ത്രസിച്ചു നിൽക്കുന്നു. വെറുതെ കണ്ണടച്ചങ്ങു പറഞ്ഞാൽ മതി."

നോട്ട്ബുക്കും പെൻസിലുമെടുത്ത് അന്ന മേശയ്ക്കരികിൽ എഴുതാനിരുന്നു.

* * * *

നോവലിലേക്കു പ്രവേശിക്കുമ്പോൾ അദ്ദേഹം അനുഭവിക്കുന്ന ആത്മസംഘർഷം ആ മനസ്സിന്റെ സുതാര്യതയിലൂടെ അവൾക്കു കാണാൻ കഴിയുന്നുണ്ട്.

അതിനിടയ്ക്ക് കട്ടൻചായ കുടിച്ചുകൊണ്ടിരിക്കുമ്പോൾ ദസ്തയേവ്സ്കി പറഞ്ഞു:

"എനിക്കീ നോവൽ അത്ര വേഗം തീർക്കണമെന്നില്ല."

വിസ്മയത്തോടെ അവൾ ചോദിച്ചു:

"അതെന്താ? നവംബർ ഒന്നിന് മുമ്പു നോവൽ കൊടുത്തില്ലെങ്കിൽ സ്റ്റെല്ലോവ്സ്കി

ക്കാവില്ലേ ഇതുവരെ എഴുതിയതിന്റെയും ഇനി എഴുതാൻ ഇടയുള്ളതിന്റെയും ഒക്കെ അവകാശം?"

"പിന്നെ! സ്റ്റെല്ലോവ്സ്കി!" ദസ്തയേവ്സ്കി പറഞ്ഞു: "അയാൾ പോയി തുലയട്ടെ! അങ്ങനെ സമയനിബന്ധന വച്ച് എങ്ങനെ നോവലെഴുതും? നോവൽ എപ്പോൾ തീരുമെന്ന് എഴുത്തുകാരനു പറയാനൊക്കുമോ? ഇത് നിലമുഴുന്നതുപോലെയോ പാറപൊട്ടിക്കുന്നതുപോലെയോ അല്ല.

ഇത് ആത്മാവിന്റെ ഒരു വെളിപാടാണ്. അതിനുവേണ്ടി ധ്യാനിച്ചിരിക്കുമ്പോൾ ഒരു നിബന്ധനയും എഴുത്തുകാരനെ ബാധിക്കുന്നില്ല."

"അതു പറഞ്ഞാൽ മനസ്സിലാകുന്ന ആളാണോ ഈ സ്റ്റെല്ലോവ്സ്കി എന്ന മഹാൻ?"

"മഹാനോ? അട്ട! എഴുത്തുകാരുടെ രക്തമൂറ്റിക്കുടിക്കുന്ന അട്ട. അല്ലെങ്കിൽ ചെകുത്താൻ."

"അപ്പോൾ പിന്നെ?"

"ഞാൻ ഇതുവരെ എഴുതിയതും ഇനി എഴുതാനിടയുള്ളതുമായ പുസ്തകങ്ങൾ മുഴുവൻ അയാൾക്ക്! എന്നുവച്ചാൽ അതിന്റെ ആദായം അയാളെടുത്തോട്ടെ. എന്നാൽ അയാളാണ് അതെഴുതിയതെന്നു വരില്ലല്ലോ, ഉവ്വോ?"

എന്തെന്നില്ലാത്ത ഒരു വിസ്മയത്തോടെ അന്ന ദസ്തയേവ്സ്കിയെ നോക്കി. ഒരു നിമിഷം കഴിഞ്ഞ് ഒരു കള്ളച്ചിരിയോടെ ദസ്തയേവ്സ്കി പറഞ്ഞു:

"പിന്നെ മറ്റൊരു കാരണവുമുണ്ട്. ഈ നോവൽ പെട്ടെന്നു തീർന്നാൽ അന്ന അപ്പോൾ പോവില്ലേ?"

അവൾക്കു ചിരി വന്നു:

"അപ്പോൾ തമാശ പറയാനും അറിയാം, അല്ലേ?"

ദസ്തയേവ്സ്കി നിഷേധാർഥത്തിൽ തലയനക്കി.

"ഇത് തമാശയാണെന്നാരു പറഞ്ഞു?"

അന്ന മറുപടി പറയാതെ മുഖം താഴ്ത്തി പെൻസിൽകൊണ്ട് വെറുതെ കടലാസിൽ കോറിക്കൊണ്ടിരുന്നു.

അപ്പോൾ ദസ്തയേവ്സ്കി പറഞ്ഞു: "ഇനിയും കാര്യമായി എന്തെങ്കിലും എഴുതണമെന്നുണ്ടെനിക്ക്. അനേകം ആശയങ്ങൾ മനസ്സിലുണ്ടുതാനും. പക്ഷേ, സാഹചര്യം അനുകൂലമല്ല. എന്തുചെയ്യാം, ഞാൻ വല്ലാത്ത ഒരവസ്ഥയിലാണ്. ഇക്കണക്കിനു പോയാൽ ഞാൻ തകർന്നുപോവുകയേ ഉള്ളൂ."

അവൾ മുഖമുയർത്താതെ ചോദിച്ചു:

"ആശയങ്ങളുണ്ടെങ്കിൽ പിന്നെ എഴുതിയാലെന്താ? ആരോ എഴുതിയത് ഞാൻ വായിച്ചിട്ടുണ്ട്, എഴുതാനൊന്നുമില്ലാത്തതാണ് മിക്ക എഴുത്തുകാരുടെയും പ്രശ്നമെന്ന്."

"ഏതായാലും ദൈവം സഹായിച്ച് എനിക്ക് അങ്ങനെ ഒരവസ്ഥയില്ല. സത്യത്തിൽ എഴുതാനുള്ളതിന്റെ ബാഹുല്യമോർത്താണ് ഞാൻ നടുങ്ങുന്നത്."

"എങ്കിൽപ്പിന്നെ എഴുതുകതന്നെ വേണം. എനിക്കങ്ങനെ പറയാമോ എന്നറിയില്ല. എന്നാലും പറയാം. മഹാനായ ദസ്തയേവ്സ്കി എഴുതുന്നതു വായിക്കാൻ കാത്തിരിക്കുന്ന വായനക്കാരുടെ ഒരു ലോകമുണ്ട്."

"ഉവ്വോ?"

ദസ്തയേവ്സ്കി പിന്നെ താൻ എഴുതാൻ ഉദ്ദേശിക്കുന്ന പുതിയ നോവലിനെക്കുറിച്ചു പറഞ്ഞു:

"എന്റെ മനസ്സിനെ വളരെക്കാലമായി അലട്ടിക്കൊണ്ടിരിക്കുന്ന ഒരാശയം! അത്ര എളുപ്പം എടുത്ത് കൈകാര്യം ചെയ്യാവുന്ന

ഒന്നല്ലത്. ഇപ്പോൾ അതെന്നെ പ്രലോഭിപ്പിക്കുന്നു. നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം. അതിനേക്കാൾ പ്രയാസമുള്ള എന്തു പണിയാണ് ഈ ഭൂമിയിൽ ഉള്ളത്? അതും കുടിലബുദ്ധികളുടെ ഇക്കാലത്ത്."

* * *

അന്ന പറഞ്ഞു: "എന്നാൽ പിന്നെ അതു വേഗം എഴുത്. കുറേ കഴിയുമ്പോൾ മനസ്സ് മാറിയാലോ?" "ഇല്ല," ദസ്തയേവ്സ്കി പറഞ്ഞു: "അതിന്റെ കാര്യത്തിൽ ഒരു മാറ്റവുമില്ല. അതൊക്കെ എഴുതാൻ വേണ്ടിയാണ് ഭൂമിയിൽ ഞാൻ അവതരിച്ചത്."

പിന്നെ കുറേനേരം സെറ്റിയിൽ മലർന്നുകിടന്ന് മച്ചിൻമുകളിൽ നോക്കിക്കൊണ്ട് ദസ്തയേവ്സ്കി പറഞ്ഞു:

"അതിൽ ഒരു കഥാപാത്രമുണ്ടാകും – ഒരു പതിനാറുവയസ്സുകാരൻ. ഇപ്പോലിത്ത്. ക്ഷയരോഗം മൂലം മരിച്ചുകൊണ്ടിരിക്കുന്ന ഒരാൾ. അവൻ ആത്മഹത്യക്ക് ശ്രമിക്കും. ആത്മഹത്യയിലൂടെ മനുഷ്യന്റെ ജീവിതത്തിന്മേലും മരണത്തിന്മേലും ദൈവത്തിനുള്ള അധികാരത്തെ ചോദ്യംചെയ്യുകയാണ് ഉന്നം. പക്ഷേ, പാളിപ്പോകുന്നു. ഒരിക്കൽ കണ്ടുമുട്ടുമ്പോൾ അവൻ മിഷ്കിനോട് ആവശ്യപ്പെടും, എങ്ങനെ മരിക്കണമെന്ന് ഉപദേശിക്കാൻ. തന്റെ നിഷ്കളങ്കതയിലും ആത്മീയതയിലും വിശ്വസിക്കുന്ന അവനോടു മിഷ്കിൻ പറയും, "ഞങ്ങളുടെ ആനന്ദത്തിന് ഞങ്ങളോടു ക്ഷമിച്ചുകൊണ്ട് ഞങ്ങളെ കടന്നുപോവുക!"

അതു പറയുമ്പോൾ ദസ്തയേവ്സ്കിയുടെ തൊണ്ട ഇടറി. അന്ന നോക്കുമ്പോൾ അദ്ദേഹം നിറഞ്ഞൊഴുകുന്ന സ്വന്തം കണ്ണുകൾ തുടയ്ക്കുന്നു....!

കുരിശിൽ കിടന്ന് പ്രാണൻ പിടയുമ്പോൾ 'പിതാവേ! ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല, ഇവരോട് പൊറുക്കേണമേ!...' എന്ന് ക്രിസ്തു പ്രാർഥിച്ചത് അന്ന അറിയാതെ ഓർത്തുപോയി.

'കുറ്റവും ശിക്ഷയും' വായിച്ചുകൊണ്ടിരുന്നപ്പോൾ തന്റെ പിതാവ് പറഞ്ഞതും അന്നയുടെ ഓർമ്മയിൽ മാറ്റൊലിയുണ്ടാക്കി.

മനുഷ്യന്റെ ഉള്ളിലെ കാടുകളും ഗുഹകളും കൊടുമുടികളും ഗർത്തങ്ങളും കടുന്തൂക്കുകളും മരുഭൂമികളും ചതുപ്പുകളും ഇരുണ്ട കോട്ടകളും അൾത്താരകളും വിള്ളലുകളും വിജനതകളും ഇതുപോലെ വേറെ ആരും കാണിച്ചുതന്നിട്ടില്ല.

"ധാരാളം ആത്മക്ഷതങ്ങളേറ്റിട്ടുള്ള ആളാണെന്ന് ഇന്നാളൊരിക്കൽ പറഞ്ഞു. ഓർമ്മയുണ്ടോ?" അന്ന ചോദിച്ചു: "ആ ആത്മക്ഷതങ്ങൾ സ്വന്തം കഥാപാത്രങ്ങൾക്കും വീതിച്ചു കൊടുക്കുന്നു, അല്ലേ?"

" നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത്?" എന്നു ചോദിക്കുന്ന വിസ്മയത്തോടെ ദസ്തയേവ്സ്കി അന്നയുടെ കണ്ണുകളിലേക്കു നോക്കി. എന്നിട്ട് ഒരു നെടുവീർപ്പോടെ ചോദിച്ചു:

"അല്ലാതെ ഞാനവർക്ക് എന്തു കൊടുക്കും?"

അപ്പോൾ അന്നയ്ക്കൊരു കുസൃതി തോന്നി:

"എന്നിട്ട് ജീവിതത്തെ വെറുക്കാനും അവരെ പഠിപ്പിക്കും, അല്ലേ?"

"ഞാനുദ്ദേശിച്ചതിനേക്കാൾ എത്രയോ മിടുക്കിയാണ് നീ!" അന്നയുടെ കണ്ണുകളിൽനിന്ന് സ്വന്തം കണ്ണുകൾ എടുക്കാതെ ദസ്തയേവ്സ്കി പറഞ്ഞു: "പക്ഷേ, അവിടെ പിഴ പറ്റി. ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്."

ഒരു മഹൽസന്നിധിയിലെന്നപോലെ അവൾ ശിരസ്സു കുനിച്ചു.

ഒരു സങ്കീർത്തനംപോലെ (പെരുമ്പടവം ശ്രീധരൻ)

- ദുരന്തങ്ങൾക്കിടയിലും ദസ്തയേവ്സ്കിയുടെ മനസ്സിലേക്കു കടന്നുവരുന്ന ഹൃദ്യമായ ഓർമ്മകളെന്തെല്ലാം?
- • "ആകാശത്തിന്റെ നിഴൽ പോലെ ഭൂമിയിൽ വെളിച്ചമുണ്ട്."
  • "സമയകാലങ്ങളുടെ തീരങ്ങൾക്കൊക്കെ അക്കരെ ഏതോ ഒരനാദിയിൽനിന്ന് യാത്ര തുടരുകയായിരുന്നെന്നാണ് അപ്പോൾ തോന്നിയത്."

  ഇത്തരത്തിലുള്ള കല്പനകളാണ് നോവലിനെ ഭാവതീവ്രമായ ഒരനുഭവമാക്കുന്നത്. പാഠഭാഗത്തുനിന്ന് കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി പ്രസ്താവന സാധൂകരിക്കുക.
- "ആ ചരടുകളെല്ലാംകൂടി കെട്ടുപിണഞ്ഞ്, ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു."

  ഈ വരികളിൽ തെളിയുന്ന ദസ്തയേവ്സ്കിയുടെ ജീവിതാവസ്ഥ വിശകലനം ചെയ്യുക.
- • "ഉപദേശത്തിന്റെ കുറവുകൊണ്ടാണോ മനുഷ്യൻ ചീത്തയാകുന്നത്?"
  • "സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർഥത്തിൽ ജീവിതമാണോ?"
  • "നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം. അതിനേക്കാൾ പ്രയാസമുള്ള എന്തു പണിയാണ് ഈ ഭൂമിയിൽ ഉള്ളത്? അതും കുടിലബുദ്ധികളുടെ ഇക്കാലത്ത്."

  വാക്യങ്ങളിൽ തെളിയുന്ന ദസ്തയേവ്സ്കിയുടെ ജീവിതദർശനം വ്യക്തമാക്കുക.
- "ആത്മസംഘർഷങ്ങൾ നേരിടുന്ന ദസ്തയേവ്സ്കിയുടെ ജീവിതത്തിലേക്ക് ഒരു സങ്കീർത്തനം പോലെ കടന്നുവരുന്നവളാണ് അന്ന- ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം കുറിക്കുക.

2HBZF3

2HKVGQ

## ഞാൻ എന്നെക്കുറിച്ച്

ചുവടെ കൊടുത്ത പ്രവർത്തനങ്ങളിലെ പുരോഗതി സൂചനകൾ വച്ച് വിലയിരുത്തുക.

| സെമിനാർ | ആസ്വാദനം | പ്രഭാഷണം |
|---|---|---|
| • ലഭിച്ച വിഷയം സംഘമായി ചർച്ചചെയ്ത് വിശദാംശങ്ങൾ കണ്ടെത്തുന്നതിൽ ഇടപെടാൻ സാധിച്ചിട്ടുണ്ട്. | • കണ്ട കഥകളിഭാഗത്തെ സന്ദർഭം, ആശയം എന്നിവ ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ട്. | • തന്നിരിക്കുന്ന പ്രസ്താവന അടിസ്ഥാനമാക്കി പാഠഭാഗത്തുനിന്ന് പരമാവധി ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്. |
| • പാഠഭാഗത്തെ ആശയങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. | • അഭിനയം, വേഷം, സംഗീതം എന്നിവയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് എഴുതിയിട്ടുണ്ട്. | • ഇതുമായി ബന്ധപ്പെട്ട അന്തർദേശീയ സംഭവവികാസങ്ങൾ അടിസ്ഥാനമാക്കി സ്വന്തം നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| • കഥകളിയെക്കുറിച്ചുള്ള വിവിധ രചനകൾ വായിച്ചും അഭിമുഖം നടത്തിയും വിവരശേഖരണം നടത്തിയിട്ടുണ്ട്. | • സ്വന്തം നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി എഴുതാൻ കഴിഞ്ഞിട്ടുണ്ട്. | • ലോകനേതാക്കളുടെ വാക്കുകളും യുദ്ധവിരുദ്ധ കൃതികളിലെ പരാമർശങ്ങളും സ്വീകരിച്ചിട്ടുണ്ട്. |
| • ശേഖരിച്ച പ്രധാനാശയങ്ങൾ, വിശദീകരണങ്ങൾ, ഉദ്ധരണികൾ എന്നിവ ഉൾപ്പെടുത്തി പ്രബന്ധം തയാറാക്കാനായിട്ടുണ്ട്. | • യോജിച്ച പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ സ്വീകരിച്ചിട്ടുണ്ട്. | • ഉചിതമായ ഭാഷയും ശൈലിയും സ്വീകരിച്ചിട്ടുണ്ട്. |

ഇനിയും എനിക്ക് എങ്ങനെയെല്ലാം മെച്ചപ്പെടാൻ കഴിയും?

| | | |
|---|---|---|
| • | • | • |
| • | • | • |
| • | • | • |
| • | • | • |
| • | • | • |

## എഴുത്തുകാരെ അറിയുക

### ഉണ്ണായിവാര്യർ
**(18-ാം നൂറ്റാണ്ട്)**

2HURID

ആട്ടക്കഥാസാഹിത്യത്തിലെ നിസ്തുലപ്രതിഭ. തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ അകത്തൂട്ട് വാരിയത്ത് ജനനം. വേദാന്തത്തിലും വൈദ്യത്തിലും സംഗീതത്തിലും നിപുണനായിരുന്നു. തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മ മഹാരാജാവ്, കൊച്ചിരാജാവ് എന്നിവരുടെ ആശ്രിതനായിരുന്നു. കുഞ്ചൻനമ്പ്യാരുടെയും രാമപുരത്തുവാരിയരുടെയും സമകാലികൻ. 'നളചരിതം ആട്ടക്കഥ' ഒന്നുകൊണ്ടു മാത്രം മലയാളസാഹിത്യത്തിൽ ശാശ്വതപ്രതിഷ്ഠ നേടി. ക്ലാസിക്പ്രസ്ഥാനത്തിലെ റൊമാന്റിക് കാവ്യമെന്നും റൊമാന്റിക്പ്രസ്ഥാനത്തിലെ ക്ലാസിക് കാവ്യമെന്നും വിശേഷിപ്പിക്കാവുന്ന കൃതിയാണ് നളചരിതം ആട്ടക്കഥ. കഥാപാത്രനിർമ്മാണകുശലതയിലും നാടകീയതയിലും ജീവിതവീക്ഷണത്തിലും ഭാവാവിഷ്കരണത്തിലും 'കേരളത്തിലെ ശാകുന്തളം' എന്നു വിശേഷിപ്പിക്കപ്പെടാൻ 'നളചരിത'ത്തിന് അർഹതയുണ്ട്. ഗിരിജാകല്യാണം, രാമപഞ്ചശതി എന്നീ കൃതികൾ ഉണ്ണായിവാര്യരുടേതാണെന്ന് അഭിപ്രായമുണ്ട്.



## കുട്ടികൃഷ്ണമാരാര്

**(1900 – 1973)**

മലയാളസാഹിത്യനിരൂപകരിൽ പ്രമുഖൻ. മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട്ട് ജനിച്ചു. 'മാതൃഭൂമി'യിൽ പ്രൂഫ്റീഡറായിരുന്നു. 'കല ജീവിതം തന്നെ' എന്ന ഗ്രന്ഥത്തിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. 'വ്യാസഭാരത'ത്തിലെ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും അടിസ്ഥാനമാക്കി രചിച്ച കൃതിയാണ് 'ഭാരതപര്യടനം'.

2N4HK1

*മററു പ്രധാന കൃതികൾ*

മലയാളശൈലി, സാഹിത്യസല്ലാപം, സാഹിത്യഭൂഷണം, രാജാങ്കണം, സാഹിത്യ വിദ്യ, കൈവിളക്ക്, ചർച്ചായോഗം, ദന്തഗോപുരം, ഋഷിപ്രസാദം, വൃത്തശില്പം.



## പെരുമ്പടവം ശ്രീധരൻ

നോവലിസ്റ്റ്, കഥാകൃത്ത്, തിരക്കഥാകൃത്ത്. 1938 ൽ പെരുമ്പടവത്തു ജനിച്ചു. കേരള സാഹിത്യ അക്കാദമിയുടെ പ്രസിഡന്റായിരുന്നു. വയലാർ അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, സംസ്ഥാന ബാലസാഹിത്യ അവാർഡ്, വള്ളത്തോൾ പുരസ്കാരം, മികച്ച തിരക്കഥയ്ക്കുള്ള കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

2NDILN

*പ്രധാന കൃതികൾ*

അഭയം, അഷ്ടപദി, കാൽവരിയിലേക്ക് വീണ്ടും, ഒറ്റച്ചിലമ്പ്, മേഘച്ഛായ, വേനലിൽ പൂക്കുന്ന മരം, ഇലത്തുമ്പുകളിലെ മഴ, എന്റെ ഹൃദയത്തിന്റെ ഉടമ, ഒരു സങ്കീർത്തനം പോലെ, വാൾമുനയിൽ വച്ച മനസ്സ്, നാരായണം.

## പദകോശം

**പ്രലോഭനം**

അചോദയ - പ്രേരിപ്പിച്ചു
അഭിമതം - ആഗ്രഹം, ഇഷ്ടം
അഭിമുഖന്മാർ - നേരേ വന്നവർ
അമർക്കും - അടിച്ചമർത്തുന്ന, തോൽപ്പിക്കുന്ന
അമിത്രവീരന്മാർ - ശത്രുക്കളായ വീരന്മാർ
ആശു - വേഗം, പെട്ടെന്ന്
ഇഹതേ - ഇവിടെ നിനക്ക് (ഇഹ + തേ)
ഒന്നുന്മിഷിതം - ഒരു മിന്നാട്ടം (ഒന്ന് + ഉന്മിഷിതം)
കോപമത്സരവശംവദഃകലിർ - കോപത്തിനും മത്സരത്തിനും കീഴടങ്ങിയ കലി
ജളം (ൻ) - മൂഢൻ, ഭോഷൻ
ഝടിതി - പെട്ടെന്ന്
തവ - നിന്റെ
തസ്യ - അവന്റെ
തേ - നിനക്ക്
ദുഷ്കരം - ചെയ്യാൻ പ്രയാസമുള്ള
ദ്വാപരേണ സഹ - ദ്വാപരന്റെ കൂടെ
ധരണി - ഭൂമി, പാര്
നിൽക്കമദീയമതേ - എന്റെ അഭിപ്രായത്തിൽ ഉറച്ചുനിൽക്കുക
പരിഷകൾ - കൂട്ടർ
പഴുതേ - പ്രയോജനമില്ലാതെ, വെറുതേ
ബാഹുജൻ - ക്ഷത്രിയൻ (ബാഹുവിൽനിന്നു ജനിച്ചവൻ)
മത്സഹായം - എന്റെ സഹായം (മദ് + സഹായം)
മുറ്റും - മുഴുവനും
മേദിനി - ഭൂമി
മേദിനീം ഗതഃ - ഭൂമിയിലേക്കു ചെന്നിട്ട്
വിക്രയം - പണയം വയ്ക്കാവുന്ന വിലയുള്ള വസ്തു
വെന്ന് - ജയിച്ച്
വൈരസേനി - വീരസേനന്റെ പുത്രൻ, നളൻ

| | | |
|---|---|---|
| വൈരി | - | ശത്രു |
| സാധന | - | ആരാധന / ആവർത്തിച്ചഭ്യസിച്ചുറയ്ക്കൽ |
| സമ്പ്രതി | - | ഇപ്പോൾ |
| സ്വാപതേയം | - | ധനം |
| സ്വാപദേ | - | തനിക്ക് ആപത്തിനായി |
| ഹരണായ | - | അപഹരണത്തിനായി |

**യുദ്ധത്തിന്റെ പരിണാമം**


| | | |
|---|---|---|
| അക്ഷയലോകം | - | നാശമില്ലാത്ത ലോകം (സ്വർഗം) |
| അക്ഷൗഹിണി | - | ഒരു വലിയ സൈന്യവിഭാഗം. 21870 ആന, അത്രതന്നെ തേര്, 65610 കുതിര, 109350 കാലാൾ ചേർന്നതാണ് ഒരു അക്ഷൗഹിണി. |
| അനുശാസനം | - | കല്പന |
| അപാണ്ഡവായ | - | പാണ്ഡവർ ഇല്ലാതാകട്ടെ |
| അവജ്ഞ | - | വെറുപ്പ്, നിന്ദ |
| ആപാദിപ്പിച്ച് | - | കൈക്കൊണ്ട് |
| ആഭിജാത്യം | - | അഭിജാതന്റെ ഭാവം, കുലീനത |
| ഹൃഷീകേശൻ | - | ശ്രീകൃഷ്ണൻ, വിഷ്ണു |
| എപ്പിക് | - | Epic, ഇതിഹാസം |
| കച്ഛം | - | തീരം |
| കലാശം | - | അവസാനം |
| കാപുരുഷൻ | - | പൗരുഷമില്ലാത്തവൻ, നിന്ദ്യൻ |
| കുലപാംസനൻ | - | കുലം ദുഷിപ്പിക്കുന്നവൻ |
| കുശചീരങ്ങൾ | - | ദർഭയും മരവുരിയും |
| കൃഷ്ണദ്വൈപായനൻ | - | വ്യാസമുനി |
| കോപാശ്രു | - | കോപംകൊണ്ടുള്ള കണ്ണീർ |
| ഗുരുഘാതി | - | ഗുരുവിനെ കൊന്നവൻ |
| ചിരഞ്ജീവി | - | എക്കാലവും ജീവിച്ചിരിക്കുന്നവൻ, പ്രളയകാലംവരെ നിലനിൽക്കുന്നവൻ |
| ചൂഡാമണി | - | അശ്വത്ഥാമാവിന്റെ തലയിലുള്ള ഒരു രത്നം, ശിരസ്സിലണിയുന്ന രത്നം |
| ചൈതന്യം | - | വീര്യം |

| | | |
|---|---|---|
| ദുരാത്മാവ് | – | ദുഷ്ടൻ, ദുർബുദ്ധി, വഷളൻ |
| ദേവദാനവനാഗരക്ഷഃപ്രഭൃതികൾ | – | ദേവന്മാർ, അസുരന്മാർ, പാമ്പുകൾ, രാക്ഷസന്മാർ തുടങ്ങിയവർ |
| നിർവേദം | – | ഒന്നിനോടും മമതയില്ലായ്മ |
| നിരാമയൻ | – | ദുഃഖമില്ലാത്തവൻ, ഈശ്വരൻ |
| പക്ഷപാതം | – | ഒരു പക്ഷത്തോടുമാത്രം ചേരൽ |
| പ്രഭാവം | – | മഹിമ |
| പ്രമാദം | – | വർധിച്ച ഭയം, ഓർമ്മക്കേട്, ശ്രദ്ധയില്ലായ്മ |
| പ്രായോപവേശം കൊള്ളുക | – | ദർഭവിരിച്ച് അതിൽ കിടന്ന് മരണംവരെ നിരാഹാരം അനുഷ്ഠിക്കുക. |
| ഭാഗീരഥീകച്ഛം | – | ഗംഗയുടെ തീരം |
| മഹാരഥൻ | – | അസ്ത്രശസ്ത്രപ്രവീണനായി പതിനായിരം വില്ലാളികളോട് ഏകനായി നിന്ന് പൊരുതുന്നവൻ |
| മൂലോച്ഛേദം | – | വേരോടെ ഇല്ലായ്മ ചെയ്യൽ |
| യജ്ഞം | – | യാഗം |
| യുദ്ധശ്രാന്തൻ | – | യുദ്ധംചെയ്ത് തളർന്നവൻ |
| വയോവീര്യോത്സാഹങ്ങൾ | – | വയസ്സ്, വീര്യം, ഉത്സാഹം എന്നിവ |
| വ്യഥിതൻ | – | ദുഃഖിതൻ |
| ശസ്ത്രം | – | ആയുധം |
| ശസ്ത്രവ്യാധിക്ഷുധങ്ങൾ | – | ആയുധം, രോഗം, വിശപ്പ് എന്നിവ |
| ശിബിരം | – | പടകുടീരം |
| സഞ്ജയൻ | – | ധൃതരാഷ്ട്രരുടെ മന്ത്രി |
| സത്വരം | – | പെട്ടെന്ന് |
| സാനുജൻ | – | അനുജനോടൊപ്പം |
| സുകൃതലോകം | – | പുണ്യം ചെയ്തവരുടെ ലോകം |
| സുദുർലഭം | – | വളരെ ദുർലഭമായ |
| സ്ഥിരസത്വൻ | – | സ്ഥിരമനസ്കൻ, സ്ഥിരതയുള്ളവൻ |
| സമന്തപഞ്ചകം | – | പരശുരാമൻ സ്ഥാപിച്ച ഒരു പുണ്യതീർഥം. |
| സ്വപ്രത്യയസ്ഥൈര്യം | – | സ്വന്തം വിശ്വാസത്തിൽ (അഭിപ്രായത്തിൽ) ഉറച്ചുനിൽക്കുന്ന സ്വഭാവം |
| സ്വസ്തി | – | മംഗളംഭവിക്കട്ടെ; ആശിർവാദം |
| ഹൃദയോന്നതി | – | മനസ്സിന്റെ വലുപ്പം |

**ഒരു സങ്കീർത്തനം പോലെ**

| | | |
|---|---|---|
| അധോതലം | - | അടിത്തട്ട് |
| അന്ധതമസ്സ് | - | കൂരിരുട്ട് |
| അനാദി | - | ആരംഭമില്ലാത്ത, നിത്യമായ |
| ഉദയപൂർവനിമിഷം | - | ഉദയത്തിനു മുമ്പുള്ള സമയം |
| ഏകാകിത | - | ഒറ്റയ്ക്കാവുന്ന അവസ്ഥ |
| കുടിലത | - | ചതിവ് |
| ക്ഷതം | - | മുറിവ് |
| ചാപല്യം | - | ഇളക്കം |
| നിഗൂഢത | - | മറഞ്ഞിരിക്കുന്നത് |
| പ്രാരബ്ധം | - | ബുദ്ധിമുട്ട് |
| മിഥ്യാധാരണ | - | തെറ്റായ ധാരണ |
| വിജനത | - | ജനമില്ലാത്ത അവസ്ഥ |
| വിനാഴിക | - | നാഴികയുടെ അറുപതിലൊരു പങ്ക് (24 സെക്കന്റ്) |
| സങ്കീർത്തനം | - | സ്തുതി |

# 4 വാക്കുകൾ സർഗതാളങ്ങൾ



ആ പ്രായത്തിലാണ്,
എന്നെത്തേടി
കവിത വന്നണഞ്ഞത്.
എനിക്കറിയില്ലാ,
എവിടെ നിന്നാണത് വന്നെത്തിയ-
തെന്നെനിക്കറിയില്ല.
കുളിർത്തുവിറയ്ക്കുന്ന ശിശിരത്തിൽനിന്നോ
പതഞ്ഞൊഴുകുന്ന നദിയിൽനിന്നോ
എങ്ങനെയാ,ണെപ്പോളാണെന്നും
എനിക്കറിയില്ല...

– പാബ്ലോ നെരൂദ

കവിതയുടെ ഉറവയെക്കുറിച്ചുള്ള നെരൂദയുടെ ചിന്തകൾ ചർച്ചചെയ്യുക.



# അക്കർമാശി

**കു**മാർമാമ രാവിലെ ഒരു കപ്പ് ചായയും കഴിച്ചിറങ്ങിയാൽ പിന്നെ വൈകുന്നേരം വൈകിയാണ് തിരിച്ചെത്തിയിരുന്നത്. എന്നും അയാളെന്നെ സിനിമയ്ക്ക് കൊണ്ടുപോകാമെന്ന് പറയും. ഞാനതുവരെ സിനിമ കണ്ടിട്ടില്ലായിരുന്നു. വൈകുന്നേരങ്ങളിൽ ഞാൻ ശാന്തമുത്തശ്ശിയോടൊപ്പം പഴംവച്ച വണ്ടി ഉന്തിനടക്കും. അതിനാൽ പട്ടണത്തിലൊക്കെ ചുറ്റിനടക്കാൻ കഴിഞ്ഞു. ഷോലാപൂരിൽ ഞാൻ ആദ്യമായി എത്തിയതായിരുന്നു. 'പഴം... പഴം...' വണ്ടി തള്ളുന്നതിനിടയിൽ ശാന്തമുത്തശ്ശി ഉറക്കെ വിളിച്ചുപറയുന്നുണ്ടാവും. പഴം വാങ്ങാനെത്തുന്ന ചില പെണ്ണുങ്ങൾ എന്നെപ്പറ്റി അന്വേഷിക്കുന്നതു കേൾക്കുമ്പോൾ എനിക്കൽപ്പം സുഖം തോന്നും.

എന്നും പണിക്കുപോകുന്നതുപോലെ കുമാർമാമ വീട്ടിൽ നിന്നിറങ്ങും. പക്ഷേ, അയാളെ എന്നോ

ജോലിയിൽനിന്ന് പിരിച്ചുവിട്ടിട്ടുണ്ടായിരുന്നു. പകൽ മുഴുവനും എവിടെ കറങ്ങിനടക്കുകയാണെന്നാർക്കറിയാം? അയാൾ വീട്ടിലെത്തുന്നതിനു മുൻപുതന്നെ അയാൾക്ക് കടം കൊടുത്തവർ വീട്ടിലെത്തിയിരിക്കും. അവർ ബഹളമുണ്ടാക്കും. പൈസയ്ക്കുവേണ്ടി ശാന്തമുത്തശ്ശിയെ ശല്യപ്പെടുത്തും. ശാന്താ ആത്യാ പഴം വാങ്ങിയിരുന്ന കച്ചവടക്കാരനുമായി പലപ്പോഴും വഴക്കടിക്കും. അയാളുടെ കച്ചവടം മോശമാണെന്നും മാർക്കറ്റിൽ അയാൾക്കുണ്ടായിരുന്ന നല്ല പേര് നഷ്ടമാകുന്നുവെന്നുമൊക്കെ പറയും. ഒടുക്കം ഒരു ദിവസം ശാന്തമുത്തശ്ശി പഴക്കച്ചവടം നിർത്തി. ഒരു പഴയ ചാക്ക് തോളിലിട്ട് പാതയിലും പറമ്പിലുമൊക്കെ നടന്ന് പലതും പെറുക്കിക്കൂട്ടി വിറ്റുതുടങ്ങി.

ശാന്താ ആത്യയുടെയും കുമാർമാമയുടെയും ജീവിതങ്ങൾ വഴിമുട്ടി നിന്നു. ദിവസേന, പൊട്ടിയ കുപ്പിയും കീറക്കടലാസും പഴന്തുണിയുമൊക്കെ പെറുക്കിനടന്ന് വിറ്റില്ലെങ്കിൽ അന്നന്നത്തെ ആഹാരത്തിന് വഴിയില്ലാത്ത അവസ്ഥയിലായി അവർ. കുമാറിന് വരുമാനമൊന്നുമുണ്ടായിരുന്നില്ല. ശാന്താ ആത്യയുടെ കൂടെ ഞാനും ചവറുപെറുക്കാൻ പോയി. ഞാൻ ചവർക്കൂമ്പാരത്തിൽ കൈയിട്ടിളക്കും. എല്ലാം കീഴ്മേൽ മറിച്ചിടും. കിട്ടിയതെല്ലാം ശാന്തമുത്തശ്ശിക്കു കൊടുക്കും. ചിലപ്പോൾ ചില കടലാസുപൊതികൾ കിടക്കുന്നതു കാണാം. അകത്തെന്തെങ്കിലും കാണുമെന്ന് കരുതി തുറന്നുനോക്കുമ്പോഴാണ് അതിൽ മനുഷ്യമലമാണെന്നു മനസ്സിലാവുക. മിഠായി പൊതിയുന്ന കടലാസുകൾ കണ്ടാൽ എന്റെ വായിൽ വെള്ളമൂറും. എപ്പോഴെങ്കിലും ഒരു നല്ല കടലാസ് കണ്ടെത്തിയാൽ എനിക്ക് വലിയ സന്തോഷം തോന്നും. ഞാനത് നിവർത്തി വായിക്കാൻ തുടങ്ങുമ്പോഴേക്കും ശാന്തമുത്തശ്ശി ഉറക്കെ വിളിച്ചുപറയും: "എന്താ നീ വായിക്കണത്? അതിങ്ങു താ."



ചവറിൽ പുതഞ്ഞുകിടക്കുന്ന കീറക്കടലാസുകൾ ഒരുവശത്തും ഞങ്ങളുടെ നിത്യസുഹൃത്തായ വിശപ്പ് മറുവശത്തും. കീറക്കടലാസുകളും മറ്റു സാധനങ്ങളും തൂക്കിവിൽക്കുകയാണ് പതിവ്. ചവറുകൾക്കു പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെ

ന്നെനിക്കു തോന്നി. എത്ര തൂക്കമുണ്ടാകുമെന്നറിയാമല്ലോ! ഒരുപക്ഷേ, ഞങ്ങളുടെ വിശപ്പും വയറും മാത്രമല്ല, ഞങ്ങളെയും ത്രാസിൽ വച്ച് തൂക്കിനോക്കണം. ദിവസം മുഴുവനും അലഞ്ഞുനടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്?

* * * *

എന്റെ സ്കൂൾ വിദ്യാഭ്യാസം ചുങ്കിയിലും പിന്നീട് ചപൾഗാവിലുമായാണ് നടന്നത്. ചുങ്കിയിലേക്ക് ദിവസവും വീട്ടിൽനിന്ന് നടന്നുപോകുമായിരുന്നു. എന്നാൽ ചപൾഗാവിലെ സ്കൂളിൽ എന്നെ ബോർഡിങ്ങിൽ ചേർത്തു. ഇങ്ങനെ ചെയ്യാൻ പ്രേരിപ്പിച്ച പ്രധാന കാരണം, ചുങ്കിയിലെ സ്കൂളിലായിരുന്നപ്പോൾ ഞാൻ ഇടയ്ക്കിടെ മുങ്ങിനടക്കുമായിരുന്നു. ചപൾഗാവിൽ ഇങ്ങനെ മുങ്ങാൻ വഴിയില്ലായിരുന്നു. വീട്ടിൽ താമസിക്കുമ്പോലെയുള്ള സ്വാതന്ത്ര്യമൊന്നും അവിടെ കിട്ടുമായിരുന്നില്ല. പല സ്ഥലങ്ങളിൽ നിന്നെത്തിയ കുട്ടികളോടൊത്താണ് അവിടെ കഴിയേണ്ടിവന്നത്. കാലത്തെഴുന്നേറ്റാൽ ഉടനെ ചായ കുടിക്കണമെന്ന ശീലം പോലും ചപൾഗാവിൽ ചെന്നതോടെ ഇല്ലാതായി.

ഞാൻ ചെറിയ കുട്ടിയായിരുന്നപ്പോൾ കാണാറുള്ള ദാദായുടെ 'നമസ്കാര' ചടങ്ങുകൾ എന്നെ ആകർഷിച്ചിരുന്നു. പിൽക്കാലത്ത് സന്താമായി അംബാ ലക്ഷ്മി ഭഗവതിമാരെ പൂജിക്കുന്നതും പ്രാർഥിക്കുന്നതും എന്നിൽ കൗതുകമുണർത്തിയിട്ടുണ്ട്. കാക്കായുടെ പുരാണപാരായണങ്ങളും മന്ത്രോച്ചാരണങ്ങളുമെല്ലാം എന്നെ സ്വാധീനിച്ചിരുന്നു. പക്ഷേ, ഞാൻ ചപൾഗാവിലെ ബോർഡിങ് സ്കൂളിലേക്കു മാറി



യതോടെ ഇത്തരം സ്വാധീനങ്ങളും ഓർമ്മകളും എല്ലാം എന്റെ മനസ്സിൽ നിന്ന് ക്രമേണ അപ്രത്യക്ഷമായി. എനിക്കു ചുറ്റും എപ്പോഴും ദലിത് സമുദായക്കാരായ കുട്ടികളാണുണ്ടായിരുന്നത്. ബുദ്ധമതം എന്നെ സ്വാധീനിച്ചു തുടങ്ങിയിരുന്നു.

ചപൾഗാവിൽ പഠനമല്ലാതെ മറ്റൊരു കാര്യത്തിലും ഇടപെടാൻ എനിക്കു കഴിഞ്ഞില്ല. ഗണിതത്തിലും ചിത്രരചനയിലും എനിക്കുണ്ടായിരുന്ന താൽപ്പര്യം കുറഞ്ഞു. എന്റെ ഇംഗ്ലീഷ് കുറേക്കൂടി മെച്ചപ്പെട്ടു. ക്ലാസിലെ മിടുക്കരായ കുട്ടികളിൽ ഒരുവനായിരുന്നു ഞാൻ. എന്റെ കൂട്ടുകാർ അത്തരം കുട്ടികളായിരുന്നു. അധികസമയവും ഞാൻ അവരോടൊത്ത് ചെലവഴിച്ചു.

രാത്രിയിൽ സന്താമായിയോടു ചേർന്നു കിടന്നുറങ്ങുന്ന ശീലമായിരുന്നു എനിക്ക്. ഞാൻ ഉപരിപഠനത്തിനായി ചപൾഗാവിൽ പോയതോടെ സന്താമായിക്ക് വല്ലാത്ത ഏകാന്തത തോന്നി. ഒരിക്കൽ അവർ വീട്ടിൽനിന്ന് ചപൾഗാവ് വരെ കാൽനടയായി വന്നു; എന്നെ കാണാൻ വേണ്ടി മാത്രം. തലേന്നു രാത്രി അവർ എന്നെ സ്വപ്നം കണ്ടിരുന്നുവത്രേ. എന്റെ വീട്ടിൽ നിന്ന് നാലുമൈൽ അകലെയാണ് ചപൾഗാവ്. അറുപതു പൈസയായിരുന്നു ബസ്കൂലി. അതു കൊടുക്കാൻ അവരുടെ കൈയിൽ കാശുണ്ടായിരുന്നില്ല. ഞങ്ങൾക്കൊക്കെ അത് വലിയ സംഖ്യതന്നെയായിരുന്നു. അതു കൊടുക്കാനില്ലാത്തതിനാൽ ഞങ്ങൾ അങ്ങോട്ടുമിങ്ങോട്ടും നടക്കാറാണ് പതിവ്.

അന്ന് ആ ദൂരം മുഴുവനും സന്താമായി നടന്നെത്തിയത് എന്നെയൊന്നു കാണാൻ മാത്രമായിരുന്നു. വരുമ്പോൾ കൈയിൽ ഒരു ജോടി പഴയചെരുപ്പും ഉണ്ടായിരുന്നു. ഹാനൂരിലെ ബസ്സ്റ്റാന്റിൽ ആരോ മറന്നിട്ടുപോയതായിരുന്നു. അടിച്ചുവാരുമ്പോൾ സന്താമായി കണ്ടതാണ്. അത് നാഗിക്കോ നിർമിക്കോ കൊടുക്കാതെ എനിക്കായിത്തന്നെ കൊണ്ടുവന്നിരിക്കുന്നു! ഒരു ചെരുപ്പിന്റെ, പെരുവിരൽ ഇടാനുള്ള തോൽവളയം പൊട്ടിപ്പോയിരുന്നു. എങ്കിലും ചെരുപ്പെനിക്ക് പാകം തന്നെയായിരുന്നു. കാലിലിട്ടപ്പോഴാണ് അത് പെണ്ണുങ്ങളുടെ ചെരുപ്പാണെന്ന് മനസ്സിലായത്. ഞാനും സന്താമായിയും ബസ്സ്റ്റാന്റിലേക്കു നടന്നു.

വാറുപൊട്ടിയ ചെരുപ്പ് അവിടെയുള്ള ചെരുപ്പുകുത്തിയെക്കൊണ്ട് നന്നാക്കിക്കാൻ പറഞ്ഞു സന്താമായി. എന്നാൽ സന്താമായി ഒരു 'മഹാർ' ആണെന്നു മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല. അതിനാൽ ഞാനതു നന്നാക്കാതെ തന്നെ കാലിലിട്ടു. പെണ്ണുങ്ങളുടെ ചെരുപ്പിട്ടു നടക്കുന്നു എന്നു പറഞ്ഞ് എന്റെ ചങ്ങാതിമാർ എന്നെ കളിയാക്കി. എന്നാലവരുടെ കാലിൽ അതുമില്ലായിരുന്നു. ഞാൻ പത്താം ക്ലാസിൽ പഠിക്കുമ്പോൾ ഒരിക്കൽ വഴിയിൽനിന്ന് എനിക്ക് മുപ്പതു രൂപ വീണുകിട്ടി. ആ രൂപ ഞാനെടുക്കുന്നത് എന്റെ കൂട്ടുകാരൻ പിർജാദെ കണ്ടിരുന്നു. അവൻ പറഞ്ഞു:

"നമുക്ക് പപ്പാതിയെടുക്കാം. അക്കൽകോട്ടിൽ പോയി സിനിമ കാണാം."

കുറച്ചുദൂരം ഞങ്ങളൊരുമിച്ചു നടന്നു. ഞാനാ നിർദേശത്തെപ്പറ്റി ആലോചിച്ചുനോക്കിയെങ്കിലും എനിക്കതു സ്വീകാര്യമായി തോന്നിയില്ല. അപ്പോൾ അവൻ വീണ്ടും പറഞ്ഞു: "എന്നാലൊരു കാര്യം ചെയ്യാം. നിനക്കല്ലേ രൂപ



കിട്ടിയത്. അതിനാൽ നീ ഇരുപതെടുത്തോ. പത്തുരൂപ എനിക്ക് തന്നാ മതി. ഞാനാരോടും ഒന്നും പറയില്ല."

ആ പറഞ്ഞതും എനിക്കിഷ്ടമായില്ല. ഞാൻ ആലോചിച്ചു നിൽക്കുന്നതിനിടയിൽ സ്കൂളിൽ മണിയടിച്ചു. ക്ലാസുകൾ തുടങ്ങുന്നതിനു മുൻപ് സ്കൂളിൽ 'അസംബ്ലി' ഉണ്ടാകും. സ്കൂൾഗ്രൗണ്ടിൽ എല്ലാവരും കൂടി നിന്ന് ദേശീയഗാനം പാടും. പിന്നെ ഒരുമിച്ച് പ്രതിജ്ഞയെടുക്കും. അധ്യാപകരും വിദ്യാർഥികളും ഈ അവസരത്തിൽ അനങ്ങാതെ നിൽക്കും. അന്ന് പ്രാർഥന കഴിഞ്ഞയുടൻ ഞാൻ നേരെ ചെന്ന് ഹെഡ്മാസ്റ്ററെ കണ്ടു. വീണുകിട്ടിയ പൈസ മുഴുവനും അദ്ദേഹത്തെ ഏൽപ്പിച്ചു. എന്റെ സത്യസന്ധതയിൽ സന്തുഷ്ടനായ അദ്ദേഹം അപ്പോൾത്തന്നെ ഉച്ചഭാഷിണിയിലൂടെ എന്നെ പരസ്യമായി അഭിനന്ദിച്ചു. അക്കൊല്ലം ഞങ്ങളുടെ ക്ലാസ് കായികമത്സരങ്ങളിൽ തോറ്റുപോയിരുന്നു. ഹെഡ്മാസ്റ്റർ എന്നെ എല്ലാവരുടെയും മുൻപിൽ വച്ച് അഭിനന്ദിച്ചതിനുശേഷം ഞാൻ എന്റെ ക്ലാസിലെത്തിയപ്പോൾ ക്ലാസ്ടീച്ചർ ഹീരെ മഠ് ക്ലാസ് തുടങ്ങിക്കഴിഞ്ഞിരുന്നു. എന്നെ കണ്ടയുടൻ അദ്ദേഹം കുറച്ചുനേരം അധ്യയനം നിർത്തിവച്ചു. പിന്നെ പറഞ്ഞു:

"ഇക്കൊല്ലം നമ്മൾ സ്പോർട്സിൽ തോറ്റുപോയി, സാരമില്ല. എന്നാൽ ഈ കുട്ടി, ലിംബാളെ കാണിച്ച സത്യസന്ധതയുണ്ടല്ലോ, അത് ഈ ക്ലാസിന്റെ മുഴുവനും വിജയമാണ്." എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു.

അക്കർമാശി (ശരൺകുമാർ ലിംബാളെ)
*വിവർത്തനം - കാളിയത്ത് ദാമോദരൻ*

2NHENB

2NHAPY

"മുൻപിതാക്കൾക്കു വന്ന
ദുഃഖവാർത്തകൾ കേൾപ്പിൻ

എൻ പ്രിയ സോദരരേ
അടിമവേലകൾ ചെയ്ത്

ഇടയില്ലാതടിയേറ്റു
കഷ്ടപ്പെട്ടു വലഞ്ഞേ

താതനേ ഒരിടത്തും
മാതാവേ വേറിടത്തും
കുട്ടികൾ അനാഥരായ്

മഴമഞ്ഞുവെയിലേറ്റ്
ഒട്ടേറെ വലഞ്ഞവർ
ഭക്ഷണം കിട്ടുന്നില്ല
താഴുകൾ തുടലുകൾ
ഇട്ടവർ പൂട്ടിക്കെട്ടി
മുൾക്കമ്പാൽ അടിച്ചിടുന്നു."

*(പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകൾ)*

ഈ പാട്ടിലും 'അക്കർമാശി'യിലും ആവിഷ്കരിച്ചിരിക്കുന്ന അനുഭവങ്ങൾ താരതമ്യം ചെയ്യുക.

"വൈകുന്നേരങ്ങളിൽ ഞാൻ ശാന്തമുത്തശ്ശിയോടൊപ്പം പഴംവച്ച വണ്ടി ഉന്തി നടക്കും.
പഴം...പഴം... വണ്ടി തള്ളുന്നതിനിടയിൽ ശാന്തമുത്തശ്ശി ഉറക്കെ വിളിച്ചു പറയുന്നുണ്ടാകും."
ശാന്താ ആത്യയുടെ ജീവിതപരിസരം പാഠസന്ദർഭത്തിൽനിന്ന് കണ്ടെത്തി എഴുതുക.

- "നമുക്ക് പപ്പാതിയെടുക്കാം, അക്കൽകോട്ടിൽ പോയി സിനിമ കാണാം."
- "ഞാൻ നേരെ ചെന്ന് ഹെഡ്മാസ്റ്ററെ കണ്ടു. വീണുകിട്ടിയ പൈസ മുഴുവനും അദ്ദേഹത്തെ ഏൽപ്പിച്ചു."

കൂട്ടുകാരനിൽനിന്ന് വ്യത്യസ്തമായി ചിന്തിക്കാനും പ്രവർത്തിക്കാനും ലിംബാളെയെ പ്രേരിപ്പിച്ചത് എന്തായിരിക്കും? പാഠഭാഗം വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം എഴുതുക.

"ചവറുകൾക്കു പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി."
ലിംബാളെയുടെ ജീവിതപശ്ചാത്തലം വ്യക്തമാക്കാൻ ഇത്തരം പ്രയോഗങ്ങൾ എത്രമാത്രം ശക്തമാണെന്ന് പാഠഭാഗത്തിന്റെ പശ്ചാത്തലത്തിൽ വിവരിക്കുക.

2P66RL

“പണപ്പായസത്തിനു ശർക്കര പൊതിഞ്ഞുകൊണ്ടു വന്ന കടലാസ് തിടപ്പള്ളിയുടെ മേപ്പടിക്കുണ്ടിൽ സൂക്ഷിച്ചുവച്ചിരുന്നത് ആളൊഴിഞ്ഞ സമയത്ത് ഞാനെടുത്തു വായിക്കാൻ തുടങ്ങി. ഏതാനും ഭാഗം കീറിയും ശർക്കര കിനിഞ്ഞതുകൊണ്ട് ഒട്ടിപ്പിടിച്ചും വൃത്തികെട്ട ആ കടലാസ് തിരിച്ചും മറിച്ചും പരിശോധിക്കുന്നതിനിടയിൽ തലപൊക്കി നിൽക്കുന്ന ഒരു മൃഗത്തിന്റെ ചിത്രമുള്ള പരസ്യം കണ്ണിൽപ്പെട്ടു. അതിന്നടിയിൽ വലിയ അക്ഷരത്തിൽ അച്ചടിച്ചിരുന്ന ‘മാൻമാർക്ക് കുട’ എന്ന വാക്യം ആദ്യമായി പണിപ്പെട്ടു വായിച്ചപ്പോൾ എന്റെ മനസ്സിൽനിന്നൊരു ആഹ്ലാദധ്വനി വിനിർഗളിക്കുകയുണ്ടായി. ‘മാൻമാർക്ക് കുട’ എന്ന ആ ശബ്ദം എത്രതവണ ഞാൻ ഉറക്കെ ആവർത്തിച്ചു എന്നു പറയാനാവില്ല.”

*– കണ്ണീരും കിനാവും (വി.ടി. ഭട്ടതിരിപ്പാട്)*

പാഠഭാഗവും വി.ടിയുടെ ആത്മകഥാഭാഗവും വിശകലനം ചെയ്ത് ആത്മകഥയുടെ സവിശേഷതകൾ വിവരിക്കുക.

- “ദിവസേന, പൊട്ടിയ കുപ്പിയും കീറക്കടലാസും പഴന്തുണിയുമൊക്കെ പെറുക്കിനടന്ന് വിറ്റില്ലെങ്കിൽ അന്നന്നത്തെ ആഹാരത്തിനു വഴിയില്ലാത്ത അവസ്ഥയിലായി അവർ”.
- “ചവറുകൾക്കു പകരം തൂക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി.”

ഇത്തരത്തിൽ ജീവിതദുരിതം പേറുന്ന നിരവധിയാളുകൾ നമ്മുടെ ചുറ്റുമില്ലേ? അവരെ സഹായിക്കാനായി നമുക്ക് ചെയ്യാവുന്നതെന്തെല്ലാം? അതിനായി നമ്മുടെ ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തെല്ലാം?

ചർച്ചചെയ്ത് ‘സഹജരുടെ കണ്ണീരൊപ്പാം’ എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

# ഞാൻ കഥാകാരനായ കഥ

**ഞാ**ൻ ഹൈസ്കൂളിൽ വിദ്യാർഥിയായിരുന്ന കാലത്ത് ഉണ്ടായ ഒരു സംഭവമാണ് എന്നെ ചെറുകഥകളെഴുതാൻ പ്രേരിപ്പിച്ചത്.

മകനെ സുഖമായി വളർത്താനും വിദ്യാഭ്യാസം ചെയ്യിക്കാനും വേണ്ടി തന്റെ സകല മുതലും വിറ്റ്, പോരാതെ അയൽവീടുകളിൽ ഭൃത്യപ്പണി ചെയ്ത് വളരെ കഷ്ടങ്ങളനുഭവിച്ച അക്ഷരജ്ഞാനമില്ലാത്ത ഒരു വൃദ്ധമാതാവ്. അമ്മ ആഗ്രഹിച്ചതുപോലെ ആ മകൻ ഒരു ചെറിയ ഉദ്യോഗസ്ഥനായി; ഒടുവിൽ ഒരു ഉദ്യോഗസ്ഥയിൽ അനുരക്തനുമായി, ആ പ്രേമസത്വത്തെയുംകൊണ്ട് അകലെയൊരിടത്ത് അമ്മയെയുപേക്ഷിച്ചു സുഖിക്കുകയാണ്. നിസ്സഹായതയിലും പട്ടിണിയിലും വലയുന്ന ആ തള്ള തന്റെ മകന്റെ മനസ്സിളക്കാൻ വേണ്ടി നീണ്ട കത്തെഴുതിയയ്ക്കാൻ എന്റെയടുക്കൽ വന്നുകൊണ്ടിരുന്നു.

ഞാൻ സ്കൂളിലേക്ക് 'ഹോംവർക്ക്' ചെയ്തുകൊണ്ടിരിക്കെ, പാവം! ആ തള്ള, ഏതോ സ്റ്റേഷനറിപ്പീടികയിലെ മുളങ്കോലിൽ തൂങ്ങിക്കിടന്നേടത്തുനിന്നു വാങ്ങിയ, മണ്ണുപറ്റി മഞ്ഞച്ച, ഒരു വരയൻ 'കത്തുകടലാസ്സും' ഒരു മുദ്രലക്കോട്ടും ഒരു കൈയിൽ പിടിച്ച്, മറ്റേ കൈകൊണ്ടു കോണിപ്പടി തപ്പിത്തപ്പി എന്റെ മാളികയിലെ വ്രാന്തയിലേക്കു കയറിവരുന്ന ആ രംഗം ഞാനിപ്പോഴും മുൻപിൽ കാണുന്നു. അവർ കവറും കത്തുകടലാസ്സും എന്റെ മേശപ്പുറത്തു സ്ഥാപിച്ചു നിലത്തു മുട്ടുമടക്കി ഇരുന്ന് തന്റെ കഷ്ടപ്പാടുകളും മകനുവേണ്ടി താൻ ചെയ്ത ത്യാഗങ്ങളും ഓരോന്നായി എണ്ണിയെണ്ണി എന്നെ കേൾപ്പിക്കും. മാറത്തിട്ട കീറമുണ്ടിന്റെ അറ്റംകൊണ്ട് കണ്ണുനീർ തുടച്ചും മൂക്കുപിഴിഞ്ഞുംകൊണ്ട് അവർ പറയും: "അവന്നു വയറു നിറയെ ഉണ്ണാൻ വേണ്ടി ഞാൻ പഷ്ണികിടന്നതും അവന്നു ഷ്കൂളിലേക്ക് ഒരു വരക്കോലും ഷ്കൂറ് പെട്ടിയും (Instruments Box) വാങ്ങാൻ പൈസയില്ലാതെ ഞാൻ എന്റെ അരയിലെ ഏലസ്സിനകത്തു പണ്ടുപണ്ടേ കിടന്നിരുന്ന ഒരു



2PF2T9

പൊൻപണം തൂക്കിവിറ്റതും മറ്റും അവന്ന് ഓർമ്മയുണ്ടോ എന്നൊന്നെഴുതിച്ചോദിക്കൂ. ഇപ്പോൾ അവന്ന് എന്നെ കണ്ടുകൂടാതായി. അവൻ എന്നെ 'കുഠം' പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പായിച്ചു. അവന്റെ മനസ്സൊന്നിളക്കാൻ, എന്റെ മോൻ (ഇത് എന്നെ ഉദ്ദേശിച്ചാണ്) ഇതെല്ലാം ഒന്നെഴുതി അയയ്ക്കണം. ദൈവത്തെ മറന്നു കളിക്കണ്ടാ എന്നും പറയണം." അക്ഷന്തവ്യമായ കൃതഘ്നതയോടെ പെരുമാറിയ തന്റെ പുത്രനോട് ആ തള്ളയ്ക്ക് ഒട്ടും വിദ്വേഷമില്ലായിരുന്നു.

എനിക്ക് ആ വൃദ്ധയുടെ പരിതസ്ഥിതിയിൽ വലിയ സഹതാപം തോന്നി. അവർ കണ്ണീരിൽക്കലർത്തിപ്പറഞ്ഞ കഥകൾ എന്നെ വികാരപരവശനാക്കി. അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി, സ്വന്തം വകയായി ചില സരസ്വതീവിലാസങ്ങളും ചേർത്ത് ഞാൻ ആ മടയനായ മകനു തുടരത്തുടരെ കത്തുകൾ എഴുതി അയച്ചു.

രണ്ടുമൂന്നു മാസം കഴിഞ്ഞപ്പോൾ അവൻ അമ്മയ്ക്ക് ഭാര്യ അറിയാതെ സ്വകാര്യമായി കുറേശ്ശെ പണം അയച്ചുതുടങ്ങി. അവന്ന് ഒടുവിൽ തന്റേടമുദിച്ചതുകൊണ്ടോ, അതല്ല എന്റെ കത്തുകളിലെ വാക്ചാതുര്യംമൂലം മനസ്സിളകിയതുകൊണ്ടോ എന്നറിഞ്ഞുകൂടാ, ഒടുവിൽ പറഞ്ഞതാണ് വാസ്തവമെന്ന് ബാലസഹജമായ അഭിമാനത്തോടെ ഞാനന്നു വിശ്വസിച്ചു. ആ മകൻ ഒരിക്കൽ അമ്മയെക്കാണാൻ വരുകകൂടി ചെയ്തു. അപ്പോൾ അവൻ അമ്മയോട് ആരാണ് അവർക്ക് ഈ കത്തുകളെല്ലാം എഴുതിക്കൊടുക്കുന്നത് എന്നു ചോദിച്ചതായും ഒരു 'ഷ്കോൾക്കുട്ടി'യാണെന്ന് തള്ള മറുപടി പറഞ്ഞതായും അറിഞ്ഞു. അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി.

ഏറെക്കാലം മകന്റെ സംഭാവനകൊണ്ടു സുഖിക്കാൻ കഴിയുന്നതിനുമുൻപ് ആ തള്ള നിത്യശാന്തിയും തേടി മണ്ണിന്നടിയിലേക്കു പോയി. മുക്കാലും കുരുടിയായിരുന്ന ആ മുത്തിത്തള്ളയാണ് ചെറുകഥാരചനയിൽ എന്റെ ആദ്യത്തെ ഗുരുനാഥ. അവരുടെ മകന് അന്ന് ഞാനെഴുതിയ കത്തുകളാണ് എന്റെ ആദ്യത്തെ 'ചെറുകഥകൾ' എന്നും പറയാം. ചെറുകഥകൾകൊണ്ടു മറ്റാളുകളുടെ മനസ്സിളക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. പക്ഷേ, എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു ദരിദ്രമാതാവിന്റെ അന്ത്യകാലത്തെ കുറഞ്ഞൊന്ന് ആശ്വസിപ്പിക്കാനും പ്രേമാന്ധനായി വഴിപിഴച്ച ഒരു യുവാവിനെ മാതൃഹൃദയത്തിന്റെ ഒരു ചിത്രം വരച്ചുകാണിച്ചു മനസ്സിളക്കിത്തീർക്കാനും ഒരിക്കൽ എനിക്കു സാധിച്ചിട്ടുണ്ട് എന്നു ഞാൻ അഭിമാനത്തോടെ വിശ്വസിക്കുന്നു.

ഈ കഥയ്ക്ക് ഒരനുബന്ധംകൂടിയുണ്ട്. കഴിഞ്ഞവർഷം ഞാൻ ആ മകനെ കോഴിക്കോട്ടു വച്ചു കണ്ടുമുട്ടുകയുണ്ടായി. മറ്റുതരത്തിൽ ഞങ്ങൾ തമ്മിൽ അറിയുമായിരുന്നു. അയാളുടെ കുടുംബക്ഷേമങ്ങളെപ്പറ്റി ഞാൻ അന്വേഷിച്ചപ്പോൾ അയാൾ പറഞ്ഞു: "ഞാൻ ഭാര്യയെ കഴിഞ്ഞകൊല്ലം ഉപേക്ഷിച്ചു, നടപടിദൂഷ്യംകൊണ്ട്. കുട്ടികൾ എന്റെകൂടെത്തന്നെയുണ്ട്."

അയാൾ വിഷാദത്തോടെ അകലെ നോക്കിക്കൊണ്ട് എന്തോ ആലോചനയിൽ മുഴുകി മിണ്ടാതെ നിന്നു. തന്റെ മാതാവിന്റെ വാക്കുകളെ അനുസ്മരിച്ചു പശ്ചാത്തപിക്കുകയായിരിക്കും എന്നു ഞാനൂഹിച്ചു. അതെല്ലാം എരിവും പുളിയും ചേർത്തു പകർത്തി അയച്ച ആ 'ഷ്കോൾക്കുട്ടി'യാണ് തന്റെ മുൻപിൽ നിൽക്കുന്നതെന്ന് ആ മാന്യൻ അറിയുന്നില്ല.

എനിക്ക് അപ്പോൾ സഹതാപവും തുടർന്നുകൊണ്ട് ഉള്ളിൽ ചിരിയും വന്നു; മനസ്സുരുകി മരിച്ച ആ മാതാവിന്റെ ജീവിതകഥകൾ അനുസ്മരിച്ചപ്പോഴുണ്ടായ സഹതാപം. ചിരി വന്നത് തന്റെ ഭാര്യയുടെ നടപടിദൂഷ്യം കണ്ടുപിടിക്കാൻ ആ മടയന്ന് പതിനേഴു കൊല്ലം വേണ്ടി വന്നുവല്ലോ എന്നോർത്തിട്ട്.

എസ്. കെ. പൊറ്റെക്കാട്ട്

- “Poetry is the spontanious overflow of powerful feelings, it takes it's origin from emotions recollected in tranquility” (പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന നൈസർഗികമായ വികാരങ്ങളുടെ അനർഗളപ്രവാഹമാണ് കവിത).

  *- വില്യം വേർഡ്സ്വർത്ത്*

- “അവർ കണ്ണീരിൽക്കലർത്തി പറഞ്ഞ കഥ എന്നെ വികാരപരവശനാക്കി.”

  കവിതയ്ക്ക് വേഡ്സ്വർത്ത് നൽകുന്ന നിർവചനം എസ്.കെ. പൊറ്റെക്കാട്ടിന്റെ എഴുത്തനുഭവവുമായി ചേർന്നുനിൽക്കുന്നുണ്ടോ? വിശകലനം ചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

“അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി, സ്വന്തം വകയായി ചില സരസ്വതീവിലാസങ്ങളും ചേർത്ത് ഞാൻ ആ മടയനായ മകനു തുടരത്തുടരെ കത്തുകൾ എഴുതി അയച്ചു.”

‘സരസ്വതീവിലാസങ്ങൾ’ എന്ന പ്രയോഗം നൽകുന്ന സൂചനകൾ എന്തെല്ലാം? വിശദമാക്കുക.

> “വായനക്കാരനോട് തീർച്ചയായും എഴുത്തുകാരന് ബന്ധമുണ്ട്. കാരണം, എഴുത്തുകാരന്റെ ജോലി അനുഭവങ്ങളുടെയും വിചാരങ്ങളുടെയും സ്വപ്നങ്ങളുടെയും സംക്രമണമാണ്.”
>
> *- കെ. സുരേന്ദ്രൻ (നോവലിസ്റ്റിന്റെ ശിൽപ്പശാല)*
>
> “എനിക്കുവേണ്ടിയാണ് ഞാൻ എഴുതുന്നത്. എഴുതുമ്പോൾ എന്റെ മുമ്പിൽ പത്രക്കാരില്ല, പ്രസാധകന്മാരില്ല, വായനക്കാരുമില്ല. ഇതെല്ലാം ഞാനെഴുതുന്ന കഥയുടെ ഭൗതികജീവിതത്തിന്റെ വശങ്ങളാണ്. എഴുതിത്തീർന്ന ശേഷമേ ഇതെല്ലാം വരുന്നുള്ളൂ. കഥയുടെ ആത്മീയജീവിതം എന്നിൽത്തന്നെയാണ്. എന്റെ ഹൃദയത്തിലാണതു മുളയ്ക്കുന്നത്. കിളിർക്കുന്നതും പടരുന്നതും പൂത്തുകയറുന്നതും എന്റെ ഹൃദയത്തിൽത്തന്നെ.”
>
> *- കാഥികന്റെ പണിപ്പുര (എം.ടി. വാസുദേവൻനായർ)*

ഈ രണ്ടു നിരീക്ഷണങ്ങളും എസ്.കെയുടെ അനുഭവക്കുറിപ്പും വിശകലനം ചെയ്ത് ‘വായനക്കാരും എഴുത്തുകാരും’ എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

“അവൻ അമ്മയോട്, ആരാണ് അവർക്ക് ഈ കത്തുകളെല്ലാം എഴുതിക്കൊടുക്കുന്നതെന്ന് ചോദിച്ചതായും ഒരു ‘ഷ്കോൾക്കുട്ടി’യാണെന്ന് തള്ള പറഞ്ഞതായും അറിഞ്ഞു. അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി.”

ഇതുപോലെ നിങ്ങൾക്കുണ്ടായ പ്രോത്സാഹനജനകമായ ഒരനുഭവം അടിസ്ഥാനമാക്കി കുറിപ്പ് തയാറാക്കുക.

2PNXUH



# അശ്വമേധം

ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗം മുടക്കുവാൻ?
ദിഗ്വിജയത്തിനെൻ സർഗശക്തിയാ-
മിക്കുതിരയെ വിട്ടയക്കുന്നു ഞാൻ!
വിശ്വസംസ്കാരവേദിയിൽ പുത്തനാ-
മശ്വമേധം നടത്തുകയാണു ഞാൻ!
നിങ്ങൾ കണ്ടോ ശിരസ്സുയർത്തിപ്പായു-
മെൻകുതിരയെ, ചെമ്പൻകുതിരയെ?
എന്തൊരുന്മേഷമാണതിൻ കൺകളിൽ
എന്തൊരുത്സാഹമാണതിൻ കാൽകളിൽ!
കോടികോടി പുരുഷാന്തരങ്ങളിൽ-
ക്കൂടി നേടിയതാണതിൻ ശക്തികൾ
വെട്ടിവെട്ടി പ്രകൃതിയെ മല്ലിട്ടു
വെറ്റി നേടിയതാണതിൻ സിദ്ധികൾ!
മന്ത്രമായൂരപിഞ്ഛികാചാലന-
തന്ത്രമല്ലതിൻ സംസ്കാരമണ്ഡലം!
കോടികോടി ശതാബ്ദങ്ങൾ മുമ്പൊരു
കാടിനുള്ളിൽവച്ചെൻ പ്രപിതാമഹർ

2PXTHJ

കണ്ടതാണീക്കുതിരയെ;ക്കാട്ടുപുൽ-
ത്തണ്ടുനൽകി വളർത്തി മുത്തശ്ശിമാർ;
കാട്ടുചോലകൾ പാടിയ പാട്ടുക-
ളേറ്റുപാടിപ്പഠിച്ച മുത്തശ്ശിമാർ!
ഇന്നലത്തെച്ചരിത്രം മയങ്ങുന്ന
മണ്ണിലൂടെ കുതിച്ചുപാഞ്ഞീടവേ
എത്രയെത്ര ശവകുടീരങ്ങളിൽ
നൃത്തമാടിയതാണക്കുളമ്പുകൾ!
ദൃപ്തരാഷ്ട്രപ്രതാപങ്ങൾതൻ കോട്ട-
കൊത്തളങ്ങളെപ്പിന്നിടും യാത്രയിൽ,
എത്ര കൊറ്റക്കുടകൾ, യുഗങ്ങളിൽ
കുത്തിനിർത്തിയ മുത്തണിക്കൂണുകൾ,
അക്കുളമ്പടിയേറ്റുവീണുപോയ്;
അത്രയേറെബ്ഭരണകൂടങ്ങളും!
കുഞ്ചിരോമങ്ങൾ തുള്ളിച്ചു തുള്ളിച്ചു
സഞ്ചരിച്ചൊരിച്ചെമ്പൻകുതിരയെ,
പണ്ടു ദൈവം കടിഞ്ഞാണുമായ് വന്നു
കൊണ്ടുപോയീ സവാരിക്കിറങ്ങുവാൻ
പിന്നെ രാജകീയോന്മത്തസേനകൾ
വന്നു നിന്നു പടപ്പാളയങ്ങളിൽ!
ആഗമതത്ത്വവേദികൾ വന്നുപോൽ
യോഗദണ്ഡിലിതിനെ തളയ്ക്കുവാൻ
എന്റെ പൂർവികരശ്വഹൃദയജ്ഞ-
രെന്റെ പൂർവികർ വിശ്വവിജയികൾ,
അങ്കമാടിക്കുതിരയെ വീണ്ടെടു-
ത്തന്നണഞ്ഞു യുഗങ്ങൾതൻ ഗായകർ!
മണ്ണിൽനിന്നു പിറന്നവർ മണ്ണിനെ-
പ്പൊന്നണിയിച്ച സംസ്കാരശിൽപ്പികൾ!
നേടിയതാണവരോടു ഞാ,-നെന്നിൽ
നാടുണർന്നോരുനാളിക്കുതിരയെ!
ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ
മായുകില്ലെന്റെ ചൈതന്യവീചികൾ!
ഈശ്വരനല്ല, മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ!
ദിഗ്വിജയത്തിനെൻ സർഗശക്തിയാ-
മിക്കുതിരയെ വിട്ടയക്കുന്നു ഞാൻ
ആരൊരാളിക്കുതിരയെക്കെട്ടുവാൻ
ആരൊരാളിതിൻ മാർഗം മുടക്കുവാൻ?

2Q7PY7

മുളങ്കാട് (വയലാർ രാമവർമ്മ)

- “അർധവാനരത്വത്തിൽനിന്ന് കരകയറാൻ ആയിരക്കണക്കായുള്ള വർഷങ്ങളായി പാടുപെടുന്ന മനുഷ്യവർഗത്തിന്റെ സന്തതസഹചാരിയാണ് സാഹിത്യകല. എണ്ണമറ്റ നൂറ്റാണ്ടുകളിലേക്ക് ഈ കലയുടെ ഭാവി ശോഭനമായി നീണ്ടുകിടക്കുന്നു.”

  *-സി. രാധാകൃഷ്ണൻ*

  ഈ ആശയത്തോട് ചേർന്നുനിൽക്കുന്ന പാഠസന്ദർഭം കണ്ടെത്തി അവതരിപ്പിക്കുക.

- മനുഷ്യന്റെ സർഗശേഷി വിജയം നേടിയ ചരിത്രമുഹൂർത്തങ്ങളെ കവി പരാമർശിക്കുന്നതെങ്ങനെ? വിശദമാക്കുക.

- “അങ്കമാടിക്കുതിരയെ വീണ്ടെടു-
  ത്തന്നണഞ്ഞു യുഗങ്ങൾതൻ ഗായകർ”
  - കവിതയിൽ അശ്വഹൃദയജ്ഞരായ പൂർവികർ സർഗശക്തിയെ വീണ്ടെടുക്കുന്നു. ആരിൽനിന്നൊക്കെയാണ് അവർ സർഗശക്തിയാകുന്ന കുതിരയെ വീണ്ടെടുത്തത്?
  കണ്ടെത്തി എഴുതുക.

- “ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
  ആരൊരാളതിൻ മാർഗം മുടക്കുവാൻ?
  ദിഗ്വിജയത്തിനെൻ സർഗശക്തിയാ-
  മിക്കുതിരയെ വിട്ടയക്കുന്നു ഞാൻ!”
  *- വയലാർ*

  “എനിക്കു രസമീ നിമ്നോന്നതമാം
  വഴിക്കു തേരുരുൾ പായിക്കാൻ
  ഇതേതിരുൾക്കുഴിമേലുരുളട്ടെ
  വിടില്ല ഞാനീ രശ്മികളെ”
  *- ഇടശ്ശേരി*

  വരികൾ താരതമ്യം ചെയ്ത് ഇവയിൽ തെളിയുന്ന കാവ്യദർശനം കണ്ടെത്തിയെഴുതുക.

- “പണ്ടു വിദൂരമാം കാലത്തു കീടമാ-
  യുണ്ടായ മർത്ത്യന്റെ മസ്തിഷ്കപാളിയിൽ
  സുന്ദരചിന്താ മധുരഫലങ്ങളായ്
  നിന്നു തുടിക്കുന്നു വിശ്വവിഭൂതികൾ
  വിണ്ണിനെക്കൂടിയും കീഴടക്കീടുന്ന-
  വണ്ണം വളർന്നുയർന്നീടുന്നു”
  *- പാലാ നാരായണൻനായർ*

  മാനവപുരോഗതിയുടെ ചിത്രമാണ് ‘അശ്വമേധം’ എന്ന കവിതയിലൂടെ വ്യക്തമാകുന്നത്. ലോകത്തെ കീഴടക്കുന്ന മനുഷ്യന്റെ മഹത്ത്വമാണ് പാലായുടെ വരികളിൽ തെളിയുന്നത്. കവിതയിലെ ആശയം ഉൾക്കൊണ്ട് ‘അജയ്യമായ മനുഷ്യശക്തി’ എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

2QGKZU

"തുടുവെള്ളാമ്പൽപൊയ്കയല്ല, ജീവിതത്തിന്റെ കടലേ, കവിതയ്ക്കു ഞങ്ങൾക്ക് മഷിപ്പാത്രം."

– സാഹിത്യത്തെക്കുറിച്ചുള്ള വൈലോപ്പിള്ളിയുടെ നിരീക്ഷണം ഈ യൂണിറ്റിലെ രചനകളെ അടിസ്ഥാനമാക്കി വിലയിരുത്തുക.

## ഞാൻ എന്നെക്കുറിച്ച്

| | പൂർണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| • വ്യത്യസ്ത രചനകൾ വായിച്ച് അവയിൽ പ്രതിഫലിക്കുന്ന എഴുത്തുകാരുടെ ജീവിതം, രചനാപരമായ പ്രത്യേകതകൾ എന്നിവ എഴുതി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • നോവൽഭാഗം വായിച്ച് അതിൽ പ്രതിഫലിക്കുന്ന ജീവിതാനുഭവങ്ങൾ രചനയെ എത്രമേൽ ഹൃദ്യമാക്കുന്നുവെന്ന് കണ്ടെത്തി ചർച്ചകളിൽ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • പ്രഭാഷണം തയാറാക്കുമ്പോൾ ആശയസമഗ്രത, ഘടന, കേൾവിക്കാരോടു സംവദിക്കുന്ന ഭാഷ എന്നിവ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • ആത്മകഥകൾ വായിച്ച് അക്കാലത്തെ ജീവിതസാഹചര്യം, തൊഴിൽ എന്നിവ പ്രതിപാദിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തി എഴുതി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • സർഗാത്മകരചനകളിലെ ഉജ്ജ്വലമുഹൂർത്തങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • പാഠസന്ദർഭങ്ങൾ, ചർച്ചകൾ എന്നിവയിൽനിന്നും മറ്റും സ്വായത്തമാക്കിയ വിവരങ്ങൾ പ്രയോജനപ്പെടുത്തി പ്രബന്ധം തയാറാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |

എഴുത്തുകാരെ അറിയുക



## ശരൺകുമാർ ലിംബാളെ

1956 ൽ മഹാരാഷ്ട്രയിലെ പൂനെയിൽ ജനിച്ചു. മറാത്തി എഴുത്തുകാരൻ. 'അക്കർമാശി' എന്ന ആത്മകഥോപാഖ്യാനമാണ് ആദ്യകൃതി. ഫ്രഞ്ച് ഉൾപ്പെടെയുള്ള ലോകഭാഷകളിലെല്ലാം വിവർത്തനങ്ങളുണ്ടായ ഈ കൃതി ശ്രദ്ധേയമായ രചനയാണ്. നാസിക് ആസ്ഥാനമായുള്ള യശ്വന്തറാവു ചവാൻ മഹാരാഷ്ട്ര ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പൂനെ ഡിവിഷൻ റീജിനൽ ഡയറക്ടറായി പ്രവർത്തിക്കുന്നു.

*പ്രധാന കൃതികൾ*

ദലിത് സാഹിത്യ കാ സൗന്ദര്യശാസ്ത്ര (വിമർശനം), ചൂവാ ചൂത്ത്, ബഹുജൻ, ഹിന്ദു (നോവൽ)

2QQH2H



## വയലാർ രാമവർമ്മ

**(1928 – 1975)**

ആലപ്പുഴ ജില്ലയിലെ വയലാറിൽ ജനിച്ചു. പ്രതിഭാധനനായ കവിയും ഗാനരചയിതാവും. കേരള സാഹിത്യ അക്കാദമി അവാർഡ്, സിനിമ-നാടക ഗാനരചനയ്ക്ക് നിരവധി പുരസ്കാരങ്ങൾ എന്നിവ ലഭിച്ചിട്ടുണ്ട്.

*പ്രധാന കൃതികൾ*

സർഗസംഗീതം, പാദമുദ്രകൾ, കൊന്തയും പൂണൂലും, മുളങ്കാട്, എനിക്കു മരണമില്ല, ഒരു ജൂഡാസ് ജനിക്കുന്നു, എന്റെ മാറ്റൊലിക്കവിതകൾ, കല്യാണസൗഗന്ധികം (കവിതാസമാഹാരങ്ങൾ); ആയിഷ (ഖണ്ഡകാവ്യം); പുരുഷാന്തരങ്ങളിലൂടെ (യാത്രാവിവരണം)

2R995S



## എസ്. കെ. പൊറ്റെക്കാട്ട്

**(1913 – 1982)**

നോവലിസ്റ്റ്, കഥാകൃത്ത്, മലയാളത്തിലെ എക്കാലത്തെയും മികച്ച യാത്രാവിവരണകാരൻ എന്നീ നിലകളിൽ ശ്രദ്ധേയൻ. മുഴുവൻ പേര്: ശങ്കരൻകുട്ടി കുഞ്ഞിരാമൻ പൊറ്റെക്കാട്ട്. കോഴിക്കോട്ട് ജനിച്ചു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടുണ്ട്. ലോകസഭാംഗമായിരുന്നു. കേരള സാഹിത്യ അക്കാദമി, തുഞ്ചൻ സ്മാരക സമിതി എന്നിവയുടെ നേതൃസ്ഥാനത്തിരുന്നിട്ടുണ്ട്. ജ്ഞാനപീഠം, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ എന്നിവ ലഭിച്ചിട്ടുണ്ട്.

2QZD45

*പ്രധാന കൃതികൾ*

ഒരു ദേശത്തിന്റെ കഥ, ഒരു തെരുവിന്റെ കഥ, വിഷകന്യക, നാടൻപ്രേമം, മൂടുപടം (നോവലുകൾ); ചന്ദ്രകാന്തം, രാജമല്ലി, പുള്ളിമാൻ, ജലതരംഗം, ഇന്ദ്രനീലം (കഥാസമാഹാരങ്ങൾ); ബാലിദ്വീപ്, മലയാനാടുകളിൽ, ഇന്തോനേഷ്യൻ ഡയറി, ലണ്ടൻ നോട്ടുബുക്ക്, പാതിരാസൂര്യന്റെ നാട്ടിൽ, സോവിയറ്റ് ഡയറി, യൂറോപ്പിലൂടെ, ബൊഹീമിയൻ ചിത്രങ്ങൾ, കാപ്പിരികളുടെ നാട്ടിൽ, സിംഹഭൂമി, നൈൽഡയറി, കെയ്റോ കത്തുകൾ, നേപ്പാൾയാത്ര, കാശ്മീർ, യാത്രാസ്മരണകൾ, ഹിമാലയസാമ്രാജ്യത്തിൽ (യാത്രാവിവരണങ്ങൾ); സംസാരിക്കുന്ന ഡയറിക്കുറിപ്പുകൾ, എന്റെ വഴിയമ്പലങ്ങൾ, പൊന്തക്കാടുകൾ (സ്മരണ).

## പദകോശം

**അക്കർമാശി**

| | | |
|---|---|---|
| അക്കർമാശി | - | അർധജാതി |
| തുടൽ | - | ചങ്ങല |

**ഞാൻ കഥാകാരനായ കഥ**

| | | |
|---|---|---|
| അക്ഷന്തവ്യം | - | ക്ഷമിക്കാൻ പറ്റാത്തത് |
| മുദ്രലക്കോട്ട് | - | തപാൽമുദ്ര പതിച്ച കവർ |
| കുഠം | - | കുഷ്ഠം |

**അശ്വമേധം**

| | | |
|---|---|---|
| അശ്വമേധം | - | ഒരു യാഗം (കുതിരയുടെ മസ്തകത്തിൽ ജയപത്രം ബന്ധിച്ച് യഥേഷ്ടം സഞ്ചരിക്കാൻ വിടുന്നു. അതിനെ തടയുന്നവരെ യുദ്ധത്തിൽ ജയിക്കണം.) |
| അശ്വഹൃദയം | - | മനോവേഗത്തിൽ കുതിരയെ നയിക്കാനുള്ള ഒരു മന്ത്രം |
| ആഗമതത്ത്വവേദികൾ | - | വേദതത്ത്വം അറിയുന്നവർ |
| ദിഗ്വിജയം | - | ദിക്കുകളെ ജയിക്കൽ |
| ദൃപ്ത | - | അഹങ്കരിച്ച |
| പിഞ്ഛികാചാലനം | - | മയിൽപ്പീലികളുടെ ഇളക്കം |
| പ്രപിതാമഹൻ | - | മുത്തച്ഛന്റെ പിതാവ് |

# 5 കലകൾ കാവ്യങ്ങൾ



വിൻസെന്റ് വില്ലെം വാൻഗോഗിന്റെ 'പൊട്ടെറ്റോ ഈറ്റേഴ്സ്'

- ചിത്രം നിരീക്ഷിച്ച് സന്ദർഭം, കഥാപാത്രങ്ങൾ, വേഷം, സാമൂഹികാവസ്ഥ തുടങ്ങിയവയെപ്പറ്റി ചർച്ചചെയ്യുക.

# ഉരുളക്കിഴങ്ങ് തിന്നുന്നവർ

അസ്തമയം കഴിഞ്ഞുള്ള മരവിച്ച വെളിച്ചത്തിലൂടെ കിഴവൻ മിറൽ വേച്ചു വേച്ചു നടന്നു. മഞ്ഞുകാലമായിരുന്നു. തന്റെ കുഞ്ചിരോമങ്ങളിൽ ഹിമം പെയ്തടിയുന്നതും പിഞ്ഞിയ കമ്പിളിയുടുപ്പിന്റെ വിടവുകളിലൂടെ തണുപ്പിന്റെ കത്തിമുനകളാഴുന്നതും അറിയാതെ, റോട്ടർഡാമിലെ ദുഷിച്ച ആവാസസ്ഥാനങ്ങളും വിളവെടുപ്പു കഴിഞ്ഞ് പ്രസവരക്ഷ ചെയ്യുന്ന ഉരുളക്കിഴങ്ങുപാടങ്ങളും പിന്നിട്ട് വീടിനു നേരെയുള്ള ചെളിയിടവഴിയിലേക്ക് അയാൾ തിരിഞ്ഞു.

അപ്പോഴേക്കും ദിക്കുകൾ ഇരുട്ടിയിരുന്നു.

ഒരൊറ്റ ദിവസത്തെ യാത്ര കഴിഞ്ഞുള്ള മടക്കമാണെങ്കിലും ഒരു നൂറ്റാണ്ടിനപ്പുറത്തുനിന്നു വരുന്നതുപോലെ മിറലിന് വീട് അപരിചിതമായി തോന്നി. ആ ചെറിയ വീട്ടിൽ അപ്പോൾ മാത്രം ആരോ കത്തിച്ചുവച്ച വിളക്കിന്റെ ഒരു കിരണം ജനാലപ്പഴുതിലൂടെ കിഴവന്റെ കണ്ണിൽ വീണു. മഞ്ഞും തിമിരവും ചേർന്ന് ഇതളുകൾ നൽകിയ വെളിച്ചത്തിന്റെ ഒറ്റ ബിന്ദു, ഒരേയൊരു വെളുത്ത പൂവെച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റിക്കാണിച്ചു.

ഇടംവലം ഉലഞ്ഞ് വീട് അടുത്തു വന്നു. കുഴമണ്ണിൽ പുതഞ്ഞ് കനംവച്ച മരച്ചെരുപ്പുകളോടെ, നരച്ച ഇരുട്ടിൽ നടക്കല്ലുകൾ ബദ്ധപ്പെട്ടു കയറി മിറൽ വാതിലിൽ മുട്ടി.

''ജൂലിയാന! അത് അദ്ദേഹംതന്നെയാണ്,'' ജരയേശിയ ഒരു സ്ത്രീശബ്ദം അകത്ത് വിളിച്ചുപറഞ്ഞു.

നാലു പാളികളുള്ള കതകിന്റെ ചേർപ്പുരേഖകൾ വാതിൽച്ചട്ടത്തിന്റെ ചതുരത്തിനകത്ത് മെലിഞ്ഞ ഒരു കുരിശ് തീർത്തിരുന്നു. അതു പിളർന്നു നീങ്ങിയപ്പോൾ അയാളുടെ മകന്റെ ഭാര്യ ജൂലിയാനയുടെ, അമിതാകാംക്ഷകൊണ്ട് വിളർത്ത നിഴൽമുഖം തെളിഞ്ഞു.

"കണ്ടോ അച്ഛാ?" വായിൽനിന്ന് നീരാവിയുടെ ഒരു ചെറിയ മേഘത്തെ തുറന്നുവിട്ടുകൊണ്ട് ജൂലിയാന ചോദിച്ചു.

ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു. ഇല്ല എന്ന വാക്കിന് എല്ലാവിധത്തിലുള്ള ധ്വനിയും പേറാവുന്ന ഒരുത്തരം അയാളുടെ ഹൃദയത്തെ വേവിക്കാൻ തുടങ്ങി. ജൂലിയാനയുടെ കണ്ണിലേക്കു നോക്കാതെ, ദീർഘമായ

നടത്തംകൊണ്ട് പൊള്ളി വേദനിച്ച കാൽപ്പടങ്ങൾ മരച്ചെരുപ്പിൽനിന്ന് സ്വതന്ത്രമാക്കി മിറൽ അകത്തേക്ക്, റാന്തലിന്റെ മഞ്ഞവിഷാദത്തിലേക്കു നിവർന്നു.



പുത്രഭാര്യയുടെ ആധി നിറഞ്ഞ മുഖം വീണ്ടും അയാൾക്കെതിരെ വന്നു. ഉണക്കമണ്ണിന്റെ നിറവും സ്പർശവും കലർന്ന പരുപരുത്ത കൈവിരലുകളാൽ മിറൽ ജൂലിയാനയുടെ കൈകളിൽ തൊട്ടു. ഒട്ടിവലിഞ്ഞ്, പ്രാചീനകാലത്തെ ഏതോ പക്ഷിയുടേതുപോലുള്ള അയാളുടെ ശിരസ്സ് ദൈന്യത്തോടെ ഒന്നിളകുക മാത്രം ചെയ്തു.

ആ മുറിയുടെ അങ്ങേ ഭാഗത്ത്, ആണി പറിഞ്ഞു നിലം പൊത്താറായ ഒരു കൊച്ചു മേശയ്ക്കു ചുറ്റുമായി മിറലിന്റെ മുഖത്തേക്കുതന്നെ ഉറ്റുനോക്കി മൂന്നുപേർകൂടി ഇരിപ്പുണ്ടായിരുന്നു. ഹാഗ് പട്ടണത്തിനു മൈലുകൾ അപ്പുറം കിടന്ന ഒരു കൊച്ചു ഗ്രാമത്തിൽനിന്ന് അന്നു രാവിലെ എത്തിച്ചേർന്നതായിരുന്നു അവരിൽ രണ്ടുപേർ; ജൂലിയാനയുടെ വൃദ്ധരായ മാതാപിതാക്കൾ. അവർക്കരികിൽ കട്ടിക്കമ്പിളികൊണ്ട് അമ്മ ക്ഷമാപൂർവം ഞൊറിവച്ചു തുന്നിയ ഉടുപ്പണിഞ്ഞ് ജൂലിയാനയുടെ മകൾ, എട്ടു വയസ്സുകാരി അന്ന, തന്റെ അച്ഛന്റെ അച്ഛൻ ദേഹത്തുനിന്ന് പാൽപ്പൊടിപോലുള്ള മഞ്ഞ് വിറയ്ക്കുന്ന കൈകൊണ്ട് തൂത്തുമാറ്റുന്നതും നോക്കി കൗതുകത്തോടെ ഇരുന്നു. മേശയ്ക്കു മുകളിലായി വീടിന്റെ ചരിഞ്ഞ മേൽക്കൂരയിൽനിന്നു തൂക്കിയിട്ട മണ്ണെണ്ണവിളക്കിന്റെ പ്രകാശം അവളുടെ കുഞ്ഞുചുണ്ടുകളുടെ മേൽ മൂക്കിന്റെ കൂർമ്പൻ നിഴൽ വീഴ്ത്തി.

അന്നയുടെ മുഖത്തുനോക്കി ജൂലിയാന അകമടങ്ങിനിന്നു. ജൂലിയാനയുടെ അച്ഛൻ, വൃദ്ധനായ സാമുവൽ റാങ്തോസ്, കൂറമണം കുതിർന്ന തന്റെ കുപ്പായത്തിൽനിന്ന് മുഖമുയർത്തിയിട്ട് ഇരിപ്പിടം നീക്കി എഴുന്നേറ്റു. വില്യം മൂന്നാമൻ രാജാവിന്റെ ഛായയെ ദാരിദ്ര്യവും വാർധക്യവും ചേർന്ന് പുകച്ചു മങ്ങിച്ചതുപോലെയായിരുന്നു അയാളുടെ മുഖം. ജൂലിയാനയുടെ ചുമലിൽ കൈവച്ചുകൊണ്ട് റാങ്തോസ് പറഞ്ഞു:

“വിഷമിക്കേണ്ട മകളേ, ഞങ്ങളെപ്പോലെ കണ്ണുപിടിക്കാത്ത വയസ്സന്മാർക്ക് ചിലപ്പോൾ ഒരു ദിവസംകൊണ്ട് ഖനികളിലെ കാര്യമറിഞ്ഞു വരാൻ കഴിയില്ല. ഏതായാലും നാളെ ഞാൻ അവിടംവരെ പോയിവരും. ഖനിയിലെ അപകടം നിറഞ്ഞ പണിയേക്കാൾ ഉരുളക്കിഴങ്ങുകൃഷിതന്നെയാണ് നല്ലതെന്ന് ഞാനയാളെ പറഞ്ഞുമനസ്സിലാക്കും.”

ജൂലിയാന വാതിലടച്ച് സാക്ഷകൾ ബന്ധിച്ചു. ഈർച്ചമില്ലുകളെപ്പോലെ ശബ്ദിച്ച ഇരുട്ടിലെ ചീവീടുകളുടെ സ്വരം പൊടുന്നനെ മുറിഞ്ഞു. ആ നിമിഷം ചുമരിലെ ഘടികാരത്തിൽനിന്ന് തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു.

ഘടികാരത്തിനു വലതുവശത്തായി ക്രൂശിതനായ കർത്താവിനു മുന്നിൽ മുട്ടുകുത്തി വിലപിക്കുന്ന മറിയത്തിന്റെ ഒരു ചില്ലുപടം തൂക്കിയിരുന്നു. ജൂലിയാന അതിനു മുന്നിൽ ചെന്നുനിന്നു. അപ്പോൾ കുരിശിൽനിന്ന് തുള്ളിതുള്ളിയായി ചോരയിറ്റുന്ന ശബ്ദവും അവൾ കേട്ടു.

മാതാവേ! അവൾ മനസ്സിൽ ഉരുകി: "ഖനികളിൽ പണിചെയ്യുന്നവർക്ക് ഒരപകടവും വരുത്തരുതേ!" പിന്നെ, ആ പ്രാർഥനയിൽ സ്വാർഥത തീണ്ടിയിട്ടുണ്ടെന്നു ഖേദിച്ച് അവൾ അതു തിരുത്തി: "ലോകത്തൊരാൾക്കും ഒരാപത്തും വരുത്തരുതേ!"

ജൂലിയാന കൈയെത്തിച്ച് മണ്ണെണ്ണവിളക്കിന്റെ നാളം നീട്ടി. പ്രായത്തിനു സഹജമായ തിളക്കത്തെ കെടുത്തിക്കൊണ്ട് അവളുടെ മുഖത്ത് കുടിയേറിയിരുന്ന ക്ലേശത്തിനും പീഡയ്ക്കും മീതെ വെളിച്ചം ചെളിപോലെ പുരണ്ടു. വിരലിലെ മണ്ണെണ്ണമണം ശിരോവസ്ത്രത്തിൽ തുടച്ച് അവൾ തന്റെ അച്ഛനമ്മമാരുടെ അടുത്തായി ഇരുന്നു. അപ്പോൾ അന്ന എഴുന്നേറ്റ് മിറലിന്റെ അടുത്തേക്കു ചെന്നു. മഴയേറ്റ ഉരുളക്കിഴങ്ങുപാടങ്ങളുടെ ഗന്ധമുള്ള മുത്തച്ഛനോട് അവൾ ചേർന്നുനിന്നു: "മുത്തച്ഛാ!" കൊഞ്ചലിൽനിന്ന് വിടുതൽ കിട്ടാത്ത ശബ്ദത്തിൽ അവൾ ചോദിച്ചു: "മുത്തച്ഛാ, ഈസ്റ്ററിന് ചായം തേച്ച മുട്ടകൾ കൊണ്ടുവരണമെന്ന് എന്റെ അച്ഛനോട് പറഞ്ഞില്ലേ?"

മിറൽ അവളുടെ ഉടുപ്പിന്റെ ഞൊറിവുകളിൽ വിരലോടിച്ചുകൊണ്ട് കരച്ചിലിന്റെ ചാർച്ചയുള്ള ഒരു ചിരിയോടെ പറഞ്ഞു: "ഉവ്വ് മോളേ."

"പിന്നെ മുത്തച്ഛാ, ഞാൻ നല്ല കുട്ടിയായി ഇരിക്കുകയാണെന്നും നിക്കോളാസ് ഈവിന് ഇത്തവണ എനിക്ക് തീർച്ചയായും സമ്മാനം കിട്ടുമെന്നും പറഞ്ഞില്ലേ?" കുഞ്ഞുമുഖം ഇളക്കിക്കൊണ്ട് അന്ന വീണ്ടും ചോദിച്ചു. പാവപ്പെട്ട ബാല്യങ്ങൾക്കു സ്വതേയുള്ള, തിര്യക്കുകളുടേതുപോലുള്ള ഒരു നിസ്സഹായഭാവം അവളുടെ മുഖത്ത് പട്ട കെട്ടിയിരുന്നു.

മിറൽ അന്നയെ ചേർത്തുപിടിച്ചു. അവിചാരിതമായ ആ ആശ്ലേഷം അവൾക്കു നന്നേ രസിച്ചു. പുന്നാരച്ചടവോടെ അന്ന വീണ്ടും പറഞ്ഞു: "മുത്തച്ഛാ, അച്ഛൻ എന്നോടു പറഞ്ഞിട്ടുണ്ട്, ഖനികളിൽനിന്ന് ഭംഗിയുള്ള ഈസ്റ്റർ മുട്ടകളാണ് കുഴിച്ചെടുക്കുന്നതെന്ന്. നമുക്ക് ഉരുളക്കിഴങ്ങു കിട്ടുംപോലെ! ആണോ മുത്തച്ഛാ?"

അത്രയുമായപ്പോൾ ജൂലിയാനയുടെ അമ്മ, ചടച്ചുനീണ്ട് ഒരു ദുർമ്മന്ത്രവാദിനിയെപ്പോലെ കാണപ്പെട്ട ആ വൃദ്ധ, അന്നയെ വാരിയെടുത്ത് മടിയിൽ വച്ചു. “എന്റെ കുഞ്ഞേ, എന്റെ മോളേ!” വേദനകൊണ്ട് ചിലമ്പിച്ച ശബ്ദം അവരിൽനിന്ന് ഉറന്നുവന്നു.

പിന്നെ അന്നയും ഒന്നും മിണ്ടാതായി.

നന്നേ താഴ്ന്ന മേൽക്കൂരയുള്ള, വർഷങ്ങളുടെ മാറാലയും അഴുക്കും ദുഃഖവും അടിഞ്ഞ് മ്ലാനമായ ചുമരുകളുള്ള, ഒരാളുടെ സാന്നിധ്യമോ അഭാവമോകൊണ്ട് ഈ വലിയ ലോകത്തിന് ഒരു തരത്തിലും മാറ്റമുണ്ടാക്കാൻ കെൽപ്പില്ലാത്ത ആ ചെറിയ വീട്, മൂന്ന് വൃദ്ധാത്മാക്കളും ഒരമ്മയും കുഞ്ഞും ചേർന്നു സൃഷ്ടിച്ച പുകമഞ്ഞുപോലുള്ള ഒരു മൗനത്തിൽ ആമഗ്നമായി; ഘടികാരത്തിന്റെ നെഞ്ചിടിപ്പിനെയും ഏറ്റവും നനുത്ത നിശ്വാസങ്ങളെയും റാന്തൽനാളത്തിന്റെ ഉലച്ചിലിനെപ്പോലും ഉച്ചത്തിലാക്കാൻ കഴിവുള്ള ഒരു മൗനത്തിൽ.

അതിന്റെ ഭാരം അസഹനീയമായി തോന്നിയപ്പോൾ കസേരയെ ശബ്ദിപ്പിച്ചുകൊണ്ട് ജൂലിയാന എഴുന്നേറ്റു. നാട്ടിൽനിന്നു വന്ന അച്ഛനമ്മമാർ ഇന്നു തന്റെ അതിഥികളാണെന്ന തോന്നലിൽ അവൾക്ക് ദരിദ്രമായ അടുക്കളയുള്ള അമ്മമാരുടെ ഒരങ്കലാപ്പുണ്ടായി.

“നമുക്കു ഭക്ഷണം കഴിക്കാം” – ജൂലിയാന പറഞ്ഞു.

ഏഴുമണി ആകുന്നതേയുണ്ടായിരുന്നുള്ളൂ. കിഴവൻ മിറൽ സ്വന്തം ഹൃദയം തിളയ്ക്കുന്നതറിഞ്ഞുകൊണ്ട് ജൂലിയാനയുടെ ചലനങ്ങൾ കണ്ണിമവെട്ടാതെ നോക്കിയിരിക്കുകയായിരുന്നു. ജൂലിയാന ഭക്ഷണമേശ റാന്തൽവിളക്കിനു താഴേക്ക് കുറച്ചുകൂടി നീക്കിയിട്ടു. അഴുക്കുപിടിച്ചതെങ്കിലും വെളുത്തതെന്നു പറയാവുന്ന ഒരു തുണി കൊട്ടിക്കുടഞ്ഞ് അതിന്മേൽ വിരിച്ചു. അടുക്കളയിൽനിന്ന് ചായ നിറച്ച കെറ്റിലുകളും വിള്ളലുകൾ വീണ കവിടിക്കപ്പുകളുമായി വന്നു.

പിന്നെ ഒരു പരന്ന പാത്രത്തിൽ, പുഴുങ്ങിയ ഉരുളക്കിഴങ്ങുകൾ കൊണ്ടുവന്ന് മേശപ്പുറത്ത് പതുക്കെ വച്ചു.

മണ്ണിനടിയിൽപ്പെട്ട് ചതഞ്ഞ്, മുഖം പൊട്ടി വികൃതമായി, ഒന്നിനെയും തിരിച്ചറിയാനാവാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞുപറിഞ്ഞ്...

–കിഴവൻ മിറൽ ദീർഘമായി നിശ്വസിച്ചു.

ചെറിയ ഭക്ഷണമേശയ്ക്കു ചുറ്റുമായി അവർ ഇരുന്നു. ആകെ നാലു കസേരകളേ ഉണ്ടായിരുന്നുള്ളൂ, ആ വീട്ടിൽ. സാമുവൽ റാങ്തോസും ഭാര്യയും പിന്നെ മിറലും ഇരുന്നുകഴിഞ്ഞപ്പോൾ ഒരു ഇരിപ്പിടം ബാക്കി വന്നു. തന്റെ ഭർത്താവ് സ്ഥിരമായി ഇരിക്കാറുള്ളത് ആ കസേരയിലാണ് എന്നോർത്തുകൊണ്ട് ജൂലിയാന അതിൽ ഇരുന്നു. ഇരിപ്പിടം കിട്ടാത്ത ഖേദമൊന്നുമില്ലാതെ അന്ന തന്റെ മുത്തശ്ശി കവിടിക്കപ്പുകളിൽ ചായ പകരുന്നതും നോക്കി അവർക്കരികിൽ നിന്നു.

ഘടികാരത്തിൽനിന്ന് സമയം തുള്ളികളായി താഴേക്കിറ്റുന്ന ശബ്ദം വീണ്ടും ജൂലിയാനയുടെ കാതിൽ മുഴങ്ങാൻ തുടങ്ങി. സാമുവൽ റാങ്തോസ് തന്റെ ചായ ക്കപ്പ് ഉയർത്തിക്കൊണ്ട് ഭാര്യയോട് എന്തോ പറയാൻ ആഞ്ഞു. അന്ന അവളുടെ കുഞ്ഞുപ്രായത്തിന്റെ കൊതികൾക്ക് അരോചകമാണെങ്കിലും ചിരപരിചയത്താൽ സിദ്ധിച്ച ഒരു സ്വാദോടെ ഉരുളക്കിഴങ്ങ് തിന്നാൻ ആരംഭിച്ചു.

ഒരു നിമിഷം!

തണുത്താറിയ ഉരുളക്കിഴങ്ങിൽ മുള്ളുമുട്ടിച്ച് തന്റെ ഭർത്താവിന്റെ അച്ഛൻ ശൂന്യ മായ ദൃഷ്ടിയുമായി ഇരിക്കുന്നതുകണ്ട് ജൂലിയാന മുഖം തിരിച്ച് അങ്ങോട്ടു നോക്കി.

എല്ലാവരുടെയും നിഴലുകളെ പിന്നിലേക്കു വീഴ്ത്തിയ റാന്തലിന്റെ കടുംമഞ്ഞ വെളിച്ചത്തിൽ വൃദ്ധന്റെ കടക്കണ്ണിൽനിന്ന് ചോര പൊടിയുന്നതു കണ്ട ആ നിമി ഷം, ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകു ന്നതായി ജൂലിയാന അറിഞ്ഞു.


പറുദീസാനഷ്ടം (സുഭാഷ്ചന്ദ്രൻ)

2RI57F

2RS193

- ഈ കഥയിൽ നിങ്ങൾക്ക് ഏറ്റവും ഹൃദ്യമായിത്തോന്നിയ ഒരു മുഹൂർത്തം ചിത്രരൂപത്തിൽ ആവിഷ്കരിക്കുക.
- കഥയിലെ ഏതു സന്ദർഭവുമായാണ് ഈ ചിത്രം ഒത്തിണങ്ങുന്നത്?

വാക്കുകളിലും വരകളിലുമായി ആവിഷ്കരിക്കപ്പെട്ട ഈ കഥാസന്ദർഭത്തിൽ ഏതാണ് കൂടുതൽ അനുഭൂതി പകരുന്നത്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.



- "വർഷങ്ങളുടെ മാറാലയും അഴുക്കും ദുഃഖവും അടിഞ്ഞ് മ്ലാനമായ ചുമരുകളുള്ള വീട്" - ഇത്തരം ആഖ്യാനങ്ങൾ കഥയുടെ ഭാവതലത്തെ തീവ്രമാക്കുന്നുണ്ടോ? കഥയിലെ മറ്റു സൂചനകൾകൂടി പരിഗണിച്ച് അഭിപ്രായം എഴുതുക.

- • "ഇടംവലം ഉലഞ്ഞ് വീട് അടുത്തു വന്നു."
  • "ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു. ഇല്ല എന്ന വാക്കിന് എല്ലാവിധത്തിലുള്ള ധ്വനിയും പേറാവുന്ന ഒരുത്തരം അയാളുടെ ഹൃദയത്തെ വേവിക്കാൻ തുടങ്ങി."

  മിറലിന്റെ മാനസികാവസ്ഥ വെളിപ്പെടുത്തുന്ന ഇത്തരം സന്ദർഭങ്ങൾ വിശകലനം ചെയ്തു കഥാപാത്രനിരൂപണം നടത്തുക.

- ഒറ്റയൊറ്റ ചിത്രങ്ങളുടെയും തുടർചിത്രങ്ങളുടെയും വാങ്മയങ്ങളാണ് 'പൊട്ടെറ്റോ ഈറ്റേഴ്സ്' എന്ന ചിത്രത്തെ അടിസ്ഥാനമാക്കി രചിച്ച കഥയെ ആകർഷകമാക്കുന്നത്. ഈ രചനാരീതി കഥയുടെ ആസ്വാദനത്തെ എത്രമാത്രം ഹൃദ്യമാക്കുന്നു എന്ന് ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുക.

- അടിമത്തം അനുഭവിക്കുന്ന ഖനിത്തൊഴിലാളികളുടെ ജീവിതയാതനയും ദാരിദ്ര്യവും ഉൾക്കൊള്ളുന്ന സൃഷ്ടിയാണ് 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' എന്ന ചിത്രം.

  ഇത്തരത്തിലുള്ള പ്രശസ്ത ചിത്രങ്ങളും പെയിന്റിങ്ങുകളും ഫോട്ടോകളും ശേഖരിച്ച് അടിക്കുറിപ്പുകൾ ചേർത്ത് ഡിജിറ്റൽ മാഗസിൻ തയാറാക്കുക.

# മൈക്കലാഞ്ജലോ, മാപ്പ്

ഒടുവിൽ കുരിശിൽനി-
ന്നിറക്കീ ജഡം!-താഴെ
യൊരു ദുഃഖത്തിൻ സൂര്യ-
ശിലയായ്ത്തീർന്നോരമ്മ
തൻമടിത്തട്ടിൽത്താങ്ങി-
ക്കിടത്തീ വാത്സല്യാർദ്രം
തൻമകനുടെയാറി-
ത്തണുത്ത തിരുഗാത്രം!
ഒരു വെൺലില്ലിപ്പൂവിൽ
ശോണരേഖകൾപോലെ,
തിരുശോണിതം വാർന്ന
പാടുകളുടലാകെ!
“താത, നീയിവരോടു
പൊറുക്കേണമേ!” യെന്നു
പാതി കൂമ്പിയ കൺക-
ളിപ്പൊഴും പ്രാർഥിക്കുന്നു!
തന്നിൽനിന്നടർന്നൊരു
മുത്തിനെ,യാരോ കുത്തി
നെഞ്ചകം പിളർന്നൊരു
മുത്തിനെ വീണ്ടും തന്റെ-
യങ്കത്തിലെതിരേൽക്കും
പാഴ്ച്ചിപ്പിയുടെ മൂക-
സങ്കടംപോലേയമ്മ-
യിരിപ്പൂ; കരയുവാൻ
കണ്ണുനീരില്ലാ,തുരി-
യാടുവാൻ വാക്കില്ലാതെ,
കത്താതെ,യുരുകാതെ,
വിങ്ങുമുൾത്താപംപോലെ!...
ഉറ്റുനോക്കി ഞാൻ നിൽക്കെ,
പിന്നെയും ‘പിയത്ത’യെ-
യുജ്ജ്വലമുഹൂർത്തങ്ങ-
ളെന്നുള്ളിലുദിക്കുന്നു:

ദൃക്സാക്ഷിയാകുന്നു ഞാ-
‘നരിമത്യാ’യിൽനിന്നു-
മെത്തുമൗസേപ്പിന്നൊപ്പം,
ഗലീലിസ്ത്രീകൾക്കൊപ്പം,
അറിവേനടുത്തുനി-
ന്നറിവേൻ: ഭൂമിക്കൊപ്പം
അഴലിൻ ചുമടുമാ-
യിരിക്കുമൊരമ്മയെ!
മൃതിയാശ്ലേഷിച്ചാലും,
പിന്നെയും മാതാവിന്റെ
മടിയിലുയിർതേടി-
യണയും തൃപ്പുത്രനെ!....
നന്ദിയോതുന്നൂ ഞാനെൻ-
ഗൈഡിനും വത്തിക്കാനും!
പിന്നെയോ? പ്രിയപ്പെട്ട
മൈക്കലാഞ്ജലോ! “നന്ദി!
നന്ദി!” യെന്നൊരായിരം
സ്പന്ദനപുഷ്പങ്ങൾ നിൻ-
മുന്നിൽ ഞാനർപ്പിക്കുന്നു;
നിൻ കരം മുത്തുന്നു ഞാൻ.
നിൻ കൈകൾ ചലിപ്പതു
കാണ്മു ഞാ;നതിൻ സർഗ-
മംഗലഗാനം കേട്ടു-
നിൽപ്പൂ ഞാൻ; നിർന്നിദ്രമാം
നിന്റെ രാവുകൾ, വിയർ-
ത്തുരുകും പകലുകൾ
പങ്കിടുന്നു ഞാൻ; പിന്നെ
നീയൊത്തു പാനം ചെയ്തു
തെല്ലിട മയങ്ങുന്നു
ഞാൻ; നിന്റെ സ്വപ്നത്തിലുൽ-
ഫുല്ലമാം സൗന്ദര്യത്തെ-
ക്കണ്ടു പൈതലെപ്പോലെ



പുഞ്ചിരിപ്പൂ ഞാൻ; വീണ്ടു-
മുണർന്നാക്കുളുർവെണ്ണ-
ക്കല്ലിനുമീതേ നിന്റെ
ചുറ്റികയൊരു കരി-
വണ്ടുപോൽ ചുറ്റിപ്പറ-
ന്നുളിതൻ നിറുകയിൽ
ചുംബിക്കും ഹർഷോന്മാദ-
സീൽക്കാരം കേൾക്കുന്നു ഞാൻ
ഇന്നലെ വെറും ജഡ-
ശിലയായിരുന്നതിൽ
നിന്നു നീ 'കരുണ'* തൻ
ഭാവഗാനത്തെ തൊട്ടു-
തൊട്ടുണർത്തവേ, നിന്നോ-
ടൊത്തുണർന്നു ഞാൻ; നിന്നോ-
ടൊത്തുറങ്ങി ഞാൻ; നിന്നോ-
ടൊത്തനശ്വരനായ് ഞാൻ!

---

* *പിയത്ത*

നന്ദി! മൈക്കലാഞ്ജലോ!
        നിന്റെ സംഗീതം, നിന്റെ
കണ്ണീരുമുറഞ്ഞുയി-
        രാർന്നൊരീ 'പിയത്ത'യെ
എന്നുള്ളിലെടുത്തതി-
        ഭദ്രമായിരുത്തി ഞാൻ
പിന്തിരിയുമ്പോൾ കേട്ടേൻ:
        ഇടിവെട്ടുമ്പോലൊരു
ചുറ്റികമുട്ടും ശബ്ദം!
        തകർന്നു! തകർന്നു വെൺ
പൊട്ടുകൾ പൊടികളാ-
        യാ ദയാർദ്രതയുടെ
വെളുത്ത കൈത്താമര,
        കൺപോള!... "നിഷാദ, നീ
നിറുത്തൂ!"... കണ്ണില്ലെനി,-
        ക്കില്ല കൈ,- ഞാനില്ലാതായ്...!
വൃദ്ധനാ,യസ്വസ്ഥനാ-
        യൊന്നുറങ്ങുവാൻപോലും
ഡ്രഗ്ഗുകൾ തേടിപ്പോകു-
        മീ ശതാബ്ദത്തിൻ ഭ്രാന്ത-
ജല്പനം കേട്ടേൻ പിന്നെ,-
        ത്തച്ചുടയ്ക്കുവാൻ മാത്രം
ചുറ്റികയെടുത്തൊരു
        *പയ്യന്റെ ചുണ്ടിൽ നിന്നും!
അവന്നു ചുറ്റും ബിംബ-
        ഭഞ്ജകപരിവേഷ-
മണിയിക്കുവാനേതോ
        ക്യാമറ കൺചിമ്മുന്നു!...
-മാപ്പുനൽകുകെൻ പ്രിയ-
        മൈക്കലാഞ്ജലോ, മാപ്പ്,
മാപ്പി,വർ ചെയ്യുന്നതെ-
        ന്തെന്നിവരറിവീല!..

അക്ഷരം (ഒ.എൻ.വി. കുറുപ്പ്)

2S1HAQ

* *'ലാ പിയാത്തെ' മൈക്കലാഞ്ജലോയുടെ പ്രശസ്തമായ ശില്പം- കരുണ എന്ന് അർഥം*

* *Laszlo Toth എന്ന മുപ്പത്തിമൂന്നുവയസ്സുകാരനായിരുന്നു അക്രമി. താൻ ക്രിസ്തുവാണ് എന്നും മറ്റും അയാൾ വിളിച്ചുപറഞ്ഞിരുന്നു.*

- കവിതയ്ക്ക് ഈണം കണ്ടെത്തി ഭാവാത്മകമായി ചൊല്ലി അവതരിപ്പിക്കുക.
- ശില്പത്തിന് 'പിയത്ത' എന്ന പേരു നൽകിയതെന്തുകൊണ്ടാവാം? വിവരങ്ങൾ ശേഖരിച്ച് കുറിപ്പ് തയാറാക്കൂ.
- മൈക്കലാഞ്ജലോയുടെ 'പിയത്ത' എന്ന ശില്പം കണ്ടപ്പോഴുണ്ടായ അനുഭവം കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ? ചർച്ചചെയ്യുക.
- "പിന്നെയോ? "പ്രിയപ്പെട്ട
  മൈക്കലാഞ്ജലോ! നന്ദി!
  നന്ദി!" യെന്നൊരായിരം
  സ്പന്ദനപുഷ്പങ്ങൾ നിൻ-
  മുന്നിൽ ഞാനർപ്പിക്കുന്നു;
  നിൻ കരം മുത്തുന്നു ഞാൻ."

  – ഇങ്ങനെ പറഞ്ഞ കവിക്ക് പിന്നീട് 'മൈക്കലാഞ്ജലോ, മാപ്പ്' എന്നു പറയേണ്ടിവന്നതെന്തുകൊണ്ട്? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.
- ശില്പനിർമാണവും ശില്പഭഞ്ജനവും ആവിഷ്കരിക്കാൻ കവി ഉപയോഗിച്ച പ്രയോഗങ്ങളുടെ ഔചിത്യം വിവരിക്കുക.
- ചുവടെ കൊടുത്ത സൂചനകൾ വികസിപ്പിച്ച് കവിതയ്ക്ക് ആസ്വാദനം തയാറാക്കുക.
  - പ്രമേയം
  - മാനവികത
  - ആവിഷ്കാരഭംഗി
  - സവിശേഷപ്രയോഗങ്ങൾ
  - കാലികപ്രസക്തി
  - 
- ഈ കവിത സംഗീതശില്പമായി അവതരിപ്പിക്കുക.

H3U3B9

- ശില്പം, ചിത്രം തുടങ്ങിയ കലാസൃഷ്ടികൾ സംസ്കാരത്തിന്റെ ഈടുവയ്പുകളാണ്. അവ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ലോകത്തിന്റെ പല ഭാഗത്തും നടക്കുന്നുണ്ട്.

  ഈ വിഷയം ചർച്ചചെയ്ത് പ്രതികരണക്കുറിപ്പ് തയാറാക്കുക.

- പ്രസിദ്ധങ്ങളായ ചിത്രങ്ങൾ, കാർട്ടൂണുകൾ എന്നിവ ശേഖരിച്ച് പ്രദർശനം ഒരുക്കുക.

## ഞാൻ എന്നെക്കുറിച്ച്

| | പൂർണ്ണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| • പ്രസിദ്ധ ചിത്രങ്ങൾ ആസ്വദിച്ച് സൂചനകളുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കാൻ സാധിച്ചു. | | | |
| • കഥയിലെ ആശയം, അവതരണരീതി, ഭാഷ എന്നിവയുടെ സവിശേഷതകൾ മനസ്സിലാക്കി ചർച്ചകളിലും മറ്റും അവതരിപ്പിച്ചിട്ടുണ്ട്. | | | |
| • കവിത ഉചിതമായ താളത്തിലും ഈണത്തിലും ഭാവത്തിലും അവതരിപ്പിച്ചിട്ടുണ്ട്. | | | |
| • സർഗാത്മകരചനയിലെ പദങ്ങൾ, പ്രയോഗങ്ങൾ, ബിംബകൽപ്പനകൾ, ചമൽക്കാരം എന്നിവ വിശകലനം ചെയ്ത് ആസ്വാദനം തയാറാക്കിയിട്ടുണ്ട്. | | | |
| • പാഠഭാഗങ്ങളിൽനിന്നും മറ്റും മനസ്സിലാക്കിയ നൂതനപദങ്ങൾ, പ്രയോഗങ്ങൾ എന്നിവ സന്ദർഭോചിതമായി ഉപയോഗിച്ചിട്ടുണ്ട്. | | | |
| • സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് സ്വന്തം കഴിവുകൾ പ്രകടിപ്പിച്ചിട്ടുണ്ട്. | | | |
| • കഥാസന്ദർഭത്തെ ഭാവാത്മകമായി ചിത്രരൂപത്തിൽ ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |



എഴുത്തുകാരെ അറിയുക




## സുഭാഷ്ചന്ദ്രൻ

പുതിയ തലമുറയിലെ പ്രമുഖ കഥാകൃത്ത്. 1972ൽ ആലുവയ്ക്കടുത്ത് കടുങ്ങല്ലൂരിൽ ജനിച്ചു. പത്രപ്രവർത്തകനായി ജോലിചെയ്യുന്നു. ആദ്യ കഥാസമാഹാരവും ആദ്യനോവലും കേരള സാഹിത്യ അക്കാദമി അവാർഡിന് അർഹമായി. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ അവാർഡ്, വയലാർ അവാർഡ് എന്നിവയും ലഭിച്ചു.

H43YCH

*പ്രധാന കൃതികൾ*

ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം, പറുദീസാനഷ്ടം, തൽപ്പം, വിഹിതം (കഥാസമാഹാരങ്ങൾ); മനുഷ്യന് ഒരു ആമുഖം (നോവൽ)



## ഒ.എൻ.വി. കുറുപ്പ്

**(1931 – 2016)**

കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. അധ്യാപകൻ, കോഴിക്കോട് സർവകലാശാലയിൽ മലയാളം വകുപ്പിൽ വിസിറ്റിങ് പ്രഫസർ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേരള കലാമണ്ഡലം ചെയർമാനായിരുന്നു. ജ്ഞാനപീഠ പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, കേന്ദ്ര – കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഗാനരചനയ്ക്ക് ദേശീയ-സംസ്ഥാന അവാർഡുകൾ. 1998 ൽ പത്മശ്രീയും 2011 ൽ പത്മവിഭൂഷൺ ബഹുമതിയും ലഭിച്ചു.

H4CUEJ

*പ്രധാന കൃതികൾ*

അക്ഷരം, ഉപ്പ്, കറുത്തപക്ഷിയുടെ പാട്ട്, അഗ്നിശലഭങ്ങൾ, മയിൽപ്പീലി, ഒരുതുള്ളി വെളിച്ചം, ദാഹിക്കുന്ന പാനപാത്രം, ഭൂമിക്ക് ഒരു ചരമഗീതം, ശാർങ്ഗകപ്പക്ഷികൾ, മൃഗയ, ഉജ്ജയിനി, ഭൈരവന്റെ തുടി, വളപ്പൊട്ടുകൾ, വെറുതെ, തോന്ന്യാക്ഷരങ്ങൾ (കവിതാസമാഹാരങ്ങൾ); കവിതയിലെ സമാന്തരരേഖകൾ, എഴുത്തച്ഛൻ (പ്രബന്ധങ്ങൾ); ഒ.എൻ.വിയുടെ തിരഞ്ഞെടുത്ത ഗാനങ്ങൾ (ഗാനസമാഹാരം)

പദകോശം

**ഉരുളക്കിഴങ്ങ് തിന്നുന്നവർ**

| | |
|---|---|
| അരോചകം | - രുചിക്കാത്തത് |
| ആമഗ്നം | - മുഴുകിയത് |
| തിമിരം | - ഇരുട്ട്, ഒരു നേത്രരോഗം |
| തിര്യക്ക് | - മനുഷ്യേതരജീവികൾ |
| പ്രഭാവം | - ശോഭ, ശക്തി |

**മൈക്കലാഞ്ജലോ, മാപ്പ്**

| | |
|---|---|
| ഉൽഫുല്ലം | - വിടർന്ന |
| ഉൾത്താപം | - ദുഃഖം |
| നിർന്നിദ്രം | - ഉറക്കമില്ലാത്ത |
| ഭഞ്ജിക്കുക | - ഉടയ്ക്കുക, തകർക്കുക |
| ശോണം | - ചുവന്ന |
| പിയത്ത | - കരുണ |

## കുറിപ്പുകൾ

## കുറിപ്പുകൾ

# പുകയിലയെ പ്രതിരോധിക്കാം

ലഹരി വസ്തുക്കൾ സങ്കീർണമായ സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ആരോഗ്യം, സംസ്കാരം, സമ്പത്ത്, പഠനം, മനുഷ്യബന്ധങ്ങൾ എന്നിവയെല്ലാം തകർത്തെറിയുന്ന ലഹരിവസ്തുക്കളെ കണിശമായും വർജിക്കണം.

ലോകത്ത് പത്തിലൊരാൾ എന്ന ക്രമത്തിൽ പ്രതിവർഷം അമ്പതുലക്ഷത്തോളം പേരുടെ മരണത്തിന് കാരണമാകുന്ന അതീവ മാരകമായ ലഹരിപദാർഥമാണ് പുകയില. പുകയിലയുടെ ഉപയോഗം പ്രധാനമായും രണ്ടു രീതിയിലാണ്.

- പുകവലി (Tobacco smoking)
- പുകരഹിത പുകയില ഉപയോഗം (Use of smokeless tobacco)

പുകയിലയിൽ ഒട്ടേറെ ദോഷകരവും മാരകവുമായ രാസവസ്തുക്കൾ അടങ്ങിയിക്കുന്നു.

നിക്കോട്ടിൻ, ടാർ, ബെൻസോപൈറീൻ, കാർബൺമോണോക്സൈഡ്, ഫോർമാൽഡിഹൈഡ്, ബെൻസീൻ, ഹൈഡ്രജൻ സയനൈഡ്, കാഡ്മിയം, അമോണിയ, പ്രൊപ്പലീൻ ഗ്ലൈക്കോൾ എന്നിവ അവയിൽ ചിലതാണ്.

**പുകയിലയുടെ ദോഷഫലങ്ങൾ**

- വിട്ടുമാറാത്ത ചുമ
- രക്തചംക്രമണം, രക്തസമ്മർദം എന്നിവയിലുണ്ടാകുന്ന പ്രശ്നങ്ങൾ
- ഹൃദ്രോഗം
- നാവ്, വായ, തൊണ്ട, സ്വനപേടകം, ശ്വാസകോശം, അന്നനാളം, ആമാശയം, പാൻക്രിയാസ്, കരൾ എന്നിവയെ ബാധിക്കുന്ന ക്യാൻസർ
- ശ്വാസകോശരോഗങ്ങളായ ക്ഷയം, ബ്രോങ്കൈറ്റിസ്, എംഫിസീമ, ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമനറി ഡിസീസ് തുടങ്ങിയവ
- വായ്ക്കുള്ളിലെ രോഗങ്ങളായ പെരിയോഡോൺഡൈറ്റിസ്, പല്ലുകളിലെ നിറം മാറ്റം, പോടുകൾ, വായ്നാറ്റം, അണുബാധ തുടങ്ങിയവ
- പുകവലി ലൈംഗിക-പ്രത്യുൽപ്പാദനശേഷി കുറയ്ക്കുന്നു. പുകവലിക്കാരായ സ്ത്രീകളിൽ ഗർഭസ്ഥശിശുക്കളുടെ ആരോഗ്യക്കുറവിനും ഇത് കാരണമാകുന്നു.

*പുകവലിക്കുന്നവരുമായുള്ള സാമീപ്യംമൂലം പുകവലിക്കാത്തവരും പുക ശ്വസിക്കാനിടവരുന്നതാണ് നിഷ്ക്രിയ പുകവലി (Passive smoking).*
*ഇത് ഏറെ അപകടകരമാണ്.*



*ഇന്ത്യയിൽ 14 ശതമാനം പേർ പുകവലിക്കാരും 26 ശതമാനം പേർ പുകരഹിത പുകയില ഉപയോഗിക്കുന്നവരുമാണ്. അഞ്ച് ശതമാനം പേർ പുകവലിയും പുകരഹിത പുകയിലയും ശീലമാക്കിയവരാണ്.*

*നാം ഇതിനെ വേണ്ട രീതിയിൽ പ്രതിരോധിക്കേണ്ടതില്ലേ?*